# "ഭാരതകേസരിമന്നത്ത് പത്മനാഭൻ"

## "മന്നം ആ രണ്ടക്ഷരം പൌരുഷോദാരമന്ത്രം
## എന്നേക്കും വംശോദ്ധാരവീര്യത്തിൻ പര്യായോക്തം
## അപ്പുണ്യനാമം പൂണ്ടോരുജ്ജ്വല പ്രഭാവനാം
## മത്ഭുതകർമ്മയോഗിവര്യനു നമസ്കാരം"

**ശൂരനാട് കുഞ്ഞൻപിള്ള**

**മന്നത്തപ്പൻ വചനങ്ങൾ**
**(വിജ്ഞപ്തിപ്രസംഗം)**

**(1913ൽ മലബാർ പര്യടനവേളയിൽ പാലക്കാട്ടുവെച്ച് ചെയ്ത പ്രസംഗം)**
പാലക്കാട് സുപ്രസിദ്ധമായ ഒരു പട്ടണമാണ്. ഇവിടെ ഒട്ടധികം വക്കീലന്മാരും നായർ പ്രമാണികളും ഉണ്ടെന്നു കേട്ടിട്ടുണ്ട്. ഇവിടെയുള്ള നായന്മാർക്കു ശരിയായ സമുദായവിചാരം ഉണ്ടായിരുന്നെങ്കിൽ ഈ ഹാളിൽ ബാക്കി സ്ഥലം കാണുകയില്ലായിരുന്നു.

പഠിപ്പുകാരും പട്ടണവാസികളുമായ നായന്മാർ സ്വസമുദായ കാര്യത്തെപ്പറ്റി ആലോചിക്കാതിരിക്കുന്നത് പാലക്കാട്ടു മാത്രമല്ല തിരുവിതാംകൂറിലെയും പതിവാണ്. അവരുടെ പ്രഭാവവും സുഖവും സ്വപ്നം പോലെ കുറച്ചു മാത്രമുള്ളതാണെന്ന് അവർ ഓർമ്മിക്കുന്നില്ല. സമുദായത്തിലെ സാധുക്കളുടെ സംരക്ഷണത്തിനു വേണ്ടി ജോലി ചെയ്യേണ്ടത് പ്രമാണിമാരുടെ ധർമ്മമാണെന്ന് ഇന്നും തോന്നിത്തുടങ്ങിയിട്ടില്ല. പഠിപ്പുള്ളവൻ പഠിപ്പില്ലാത്തവനെയും പണക്കാരൻ ദരിദ്രനെയും സഹായിച്ച് സമുദായത്തിലെ കുഴി നികത്തേണ്ടതാണെന്നുള്ള ധർമ്മബോധം നമ്മുടെ പ്രഭുക്കൾക്കും പണ്ഡിതൻമാർക്കും ഉണ്ടാകാത്തതു നിർഭാഗ്യമാണ്. നായർ സമുദായം ഇന്ന് ഏതൊരു നിലയിൽ ഇരിക്കുന്നു എന്ന് ആലോചിക്കാൻ പോലും അവർക്കു നേരമില്ല. പട്ടണങ്ങളിൽ കാണുന്ന ഈ മിന്നൽ പ്രകാശം പോലും നായർക്ക് നാട്ടിൻപുറങ്ങളിലില്ല.

സർ സി. ശങ്കരൻ നായരെയോ സർ എം. കൃഷ്ണൻ നായരെയോ കവളപ്പാറ നായരെയോ പാലിയത്തച്ചനെയോ ഏതാനും വക്കീൽ പ്രമാണികളെയോ ഉദ്യോഗസ്ഥ ലോകത്തെയോ കണ്ടിട്ട് സമുദായം ഉന്നതാവസ്ഥയിലിരിക്കുന്നു എന്നു നിങ്ങൾ ആലോചന കൂടാതെ നിർണ്ണയിച്ചുകളയരുത്. രാജ്യഭരണ പരിഷ്കാരത്തിലെ വ്യത്യസ്താഭിപ്രായം നീക്കിയാൽ ശങ്കരൻ നായർ നമ്മുടെ സമുദായത്തിലെ ഒരമൂല്യസ്വത്താണെന്ന് ആരും സമ്മതിക്കും.

ഇങ്ങനെ അപൂർവ്വമായി അവിടവിടെ ഉദിച്ചുയരുന്ന നക്ഷത്രങ്ങളെ കാണാൻ ഭംഗിയുണ്ടെങ്കിലും അവ അസ്തമിച്ചു പോകുമെന്നുള്ളതു തീർച്ചയായതുകൊണ്ട് ഒരു

നിത്യാനന്ദത്തിനോ നിത്യാശ്വാസത്തിനോ മാർഗ്ഗം കാണുന്നില്ല. എന്നല്ല, ഈ അപൂർവ്വ നക്ഷത്രങ്ങളെ കണ്ട് ആനന്ദിക്കാൻ സാധ്യമാകാത്തവണ്ണം നായർ സമുദായത്തിലെ ജനസാമാന്യം ദാരിദ്ര്യവും കഷ്ടതയും അനുഭവിച്ച് പാതാളലോകത്തിലേയ്ക്കു പോകുന്ന കാഴ്ച ദുഃഖിപ്പിക്കുന്നുണ്ട്.

സർ സി. ശങ്കരൻ നായരെപ്പോലുള്ള മഹാന്മാർ പോലും സ്വന്തം കുടുംബ സംരക്ഷണത്തിൻറെ പരിധിയിൽ നിന്നും പുറത്തേക്കിറങ്ങിയിട്ടില്ലെങ്കിൽ, അവരുടെ മരണശേഷം ബാക്കി എന്തു കാണുമെന്ന് ആലോചിക്കുന്നില്ലെങ്കിൽ, അവർ ജനിച്ച സമുദായത്തിൽപ്പെട്ട കുലീനകളായ നായർ സ്ത്രീകൾ പട്ടരുടെ ഗ്രാമങ്ങളിലെ അടിച്ചുതളിക്കാരികളും ചേല പിഴിയുന്നവരുമായി, അടിമകളായി, കഷ്ടപ്പെടുന്നതു കണ്ടിട്ട് ലജ്ജിക്കുന്നില്ലെങ്കിൽ, മധുരയിലും മദ്രാസിലുമുള്ള പട്ടന്മാരുടെ ടീഷാപ്പുകളിലെ പാത്രം കഴുകുകയും എച്ചിലെടുക്കുകയും ചെയ്യുന്നതാണ് വൈക്കം ക്ഷേത്രത്തിലെ എച്ചിലെടുപ്പിനെക്കാൾ പുണ്യവ്രതമെന്നു കരുതി ദാരിദ്ര്യം കൊണ്ടു പാടുപെടുന്ന നായർ യുവാക്കന്മാരെ കണ്ടാൽ ചുളുക്കം വരുന്നില്ലെങ്കിൽ, അതു നമ്മുടെ അവസാനിക്കാത്ത നിർഭാഗ്യമെന്നു സമ്മതിച്ചേ തീരൂ!

പട്ടണത്തിൽ പാർക്കുന്ന പണ്ഡിതൻമാരായ ഭാഗ്യവാന്മാരേ! നിങ്ങൾ ഒഴിവു ദിവസങ്ങളിൽ - വെക്കേഷൻ കാലങ്ങളിൽ എങ്കിലും - നിങ്ങളുടെ സഹോദരങ്ങൾ പാർക്കുന്ന നാട്ടിൻപുറങ്ങളിൽ പോകാനും നിങ്ങളുടെ അമിതസുഖഭക്ഷണത്തിനും പട്ടുവസ്ത്രാദി ആഡംബരങ്ങൾക്കുമുള്ള ചെലവുകൾ കുറയ്ക്കാതെ, അതിനുമപ്പുറം ചെയ്യുന്ന അനാവശ്യച്ചെലവുകളിൽനിന്നും ഒരു ചെറിയ സംഖ്യ സംഗ്രഹിച്ച് വിദ്യാഹീനന്മാരും ദരിദ്രന്മാരും അന്ധവിശ്വാസികളുമായ നാട്ടിൻപുറത്തെ നിങ്ങളുടെ സഹോദരന്മാരുടെ സംരക്ഷണത്തിനുവേണ്ടി ചെലവാക്കാൻ തയ്യാറാകുമെങ്കിൽ എന്തൊരാശ്വാസമുണ്ടാകുമായിരുന്നു! നിങ്ങൾ നമ്മുടെ സമുദായത്തിൻറെ ദയനീയാവസ്ഥയെ ഒന്നു സൂക്ഷിച്ചു നോക്കണേ!

കേരളത്തിലെ രാജ്യഭരണാധികാരികളും ഭൂസ്വത്തുടമസ്ഥന്മാരുമായിരുന്ന നായന്മാരാണ് ഇന്ന് ദരിദ്രന്മാരും കൂലിപ്പണിക്കാരുമായിത്തീർന്നിരിക്കുന്നത്. സഹോദരസമുദായങ്ങളേയും നാടിനേയും സംരക്ഷിച്ചുകൊണ്ടിരിക്കുന്നവരാണ് സ്വരക്ഷയ്ക്കു മാർഗ്ഗം കാണാതെ ഉഴന്നോടി നടക്കുന്നത്. അവനവൻറെ ഭവനത്തിൽ പരദേവതകളെ സൃഷ്ടിച്ച് സ്വന്തമായി ഈശ്വരപൂജ ചെയ്തവരും കേരളത്തിലെ സകലക്ഷേത്രങ്ങളെയും സൃഷ്ടിച്ച് വസ്തുവകകൾ ദാനം ചെയ്തവരും യജമാനത്വം കൊണ്ട് ശാന്തി വേലയ്ക്കായി തങ്ങളെ ആശ്രയിച്ചിരുന്ന ചില കൂട്ടരെ പൂജാരികളായി നിശ്ചയിച്ചവരുമായ നായന്മാരുടെ പിൻഗാമികളാണ് ഈശ്വരപൂജ നേരിട്ടു ചെയ്താൽ പാപമാണെന്നു വിശ്വസിച്ച് ക്ഷേത്രത്തിൽ നിവർന്നുനിന്നു തൊഴാൻപോലും അവകാശവും ധൈര്യവുമില്ലാതെ ശംഖനാദം കേൾക്കുമ്പോൾ നാലമ്പലത്തിൽനിന്നും വടക്കോട്ടു പായുന്നത്. ഒരു സംഘടനയോടും വീരോചിതമായ ധൈര്യത്തോടുംകൂടി രാജ്യരക്ഷ ചെയ്തവരാണ് ഒരു കെട്ടുപാടുമില്ലാതെ കാറ്റത്തെ പഞ്ഞിപോലെയും ഉണങ്ങിയ ഇലക്കഷണം പോലെയും പാറി നടക്കുന്നത്.

സാമൂതിരിയും കൊച്ചിരാജാവും തിരുവിതാംകൂർരാജാവും നമ്മുടെ സമുദായത്തൽപ്പെട്ടവർ തന്നെയായിരുന്നു. അവർ നായർ സമുദായ സമുദ്രത്തിലെ

ഉയർന്നുവന്ന തിരമാലകളെന്നല്ലാതെ മറ്റൊന്നുമാണെന്ന് നിങ്ങൾ തെറ്റിദ്ധരിക്കരുത്. കേരളത്തിലെ ഒന്നാം ജാതിയായ നായരെ അവർക്കു യാതൊരു ബന്ധവുമില്ലാത്ത ചാതുർവർണ്യത്തിൽപ്പെടുത്തി നാലാം ജാതിയാക്കിയ കൗശലവും മന്ത്രാക്ഷരവും മതവിശ്വാസവും തന്നെയാണ് നമ്മുടെ രാജാക്കന്മാരെ നമ്മുടെ കൂട്ടത്തിൽ നിന്നും നീക്കി നിറുത്തിയത്. ഭാരതത്തിനു കിട്ടണമെന്നാഗ്രഹിക്കുന്ന സ്വയംഭരണം എത്രയോ ശതവർഷങ്ങൾക്കു മുമ്പ് കേരളത്തിൽ ഉണ്ടായിരുന്നു എന്ന് തിരുനാവായ മണൽപ്പുറത്തുവച്ച് പന്ത്രണ്ടു കൊല്ലത്തിലൊരിക്കൽ പെരുമാക്കന്മാരെ രക്ഷാപുരുഷന്മാരായി - പ്രസിഡൻറന്മാരായി - തെരഞ്ഞെടുത്തിരുന്ന ഏർപ്പാടുകൊണ്ട് മനസ്സിലാക്കാൻ കഴിയും. അത് "സാമൂതിരിയും പന്തീരായിരവും" എന്നു പറയുന്ന നായന്മാർ തന്നെയായിരുന്നു നടത്തിയിരുന്നത്. ഈ ശോഭനമായ പുരാതനചരിത്രം ചൂണ്ടിക്കാണിക്കുന്നത് ഒരു തൽക്കാല രസത്തിനോ അഹംഭാവത്തിനോ വേണ്ടിയല്ല, നായരുടെ അധഃപതനത്തിൻറെ ആഴം കാണാൻ വേണ്ടിയാണ്.

ഒൻപതു കൊല്ലം മുമ്പുവരെ സുഖമായ ജീവിതത്തിനു വസ്തുവകകളെങ്കിലുമുണ്ടായിരുന്നു. കാലോചിതമായി സമുദായത്തെ പരിഷ്കരിക്കുന്നതിനുള്ള സംഘങ്ങളും ത്യാഗികളും ചിന്തകന്മാരുമായ നേതാക്കളും നമുക്കില്ലാതെ പോയതുകൊണ്ട്, എന്നല്ല പരസ്പരദ്വേഷത്തിനു വഴി തുറന്നിട്ടുള്ള മരുമക്കത്തായത്തെ പരിഷ്കരിക്കാൻ പോലും സാധിച്ചിട്ടില്ല. തിരുവിതാംകൂർ നായന്മാർ അറിയാതെ ശൂദ്രരായിപ്പോയ ആപത്തിൽനിന്നും കരകേറാൻ എത്ര പാടുപെട്ടു എന്ന് അവർക്കേ അറിഞ്ഞുകൂടൂ. ഞങ്ങളുടെ രാജകുടുംബത്തിന് മരുമക്കത്തായദോഷങ്ങളെ കണ്ടറിയാൻ കഴിവുണ്ടായിരുന്നിട്ടും തൃശ്ശിനാപ്പള്ളിൽനിന്നും കുംഭകോണത്തുനിന്നും വന്ന പരദേശികളായ പട്ടന്മാരുടെ കൈയിൽ ഞങ്ങളുടെ ഗവണ്മെൻറ് അകപ്പെട്ടുപോയതുകൊണ്ടും ഞങ്ങളുടെ മനോഗതി അനുസരിച്ച് മുമ്പോട്ടു പോകാൻ വളരെ കഷ്ടപ്പെടേണ്ടി വന്നു എങ്കിലും, പരേതനായ സി. കൃഷ്ണപിള്ള അവർകളുടെയും അദ്ദേഹത്തിൻറെ അനുയായികളുടെയും ധൈര്യപൂർവ്വമായ സമുദായ പരിഷ്കരണശ്രമംമൂലം ഞങ്ങൾ അവിടെ പല കാര്യങ്ങളും സാധിച്ചു കഴിഞ്ഞിട്ടുണ്ടെന്നും വേണ്ടതൊക്കെ സാധിക്കാമെന്നും വിശ്വാസം വന്നിട്ടുണ്ടെന്നും നിങ്ങൾ ധരിക്കണം.

സമുദായ പരിഷ്കരണ ശ്രമത്തിൽ നിങ്ങൾ കുറേ പിന്നിലാണെന്ന് പറയാതെ സാധ്യമല്ല. വർഗീയ സഭ ഉണ്ടാക്കുന്നതു രാജ്യത്തിനാപത്തുണ്ടാകുന്ന കാര്യമാണെന്നു വിശ്വസിക്കുന്ന ബി.എൽ.കാർ ഈ കൂട്ടത്തിൽത്തന്നെ കണ്ടേക്കും. കേരളത്തിലെ പല പടികളിൽനിന്ന് ആരംഭിക്കേണ്ട സമുദായങ്ങളെ വേർതിരിഞ്ഞുനിന്നു പരിഷ്ക്കരിച്ച് ഒന്നാക്കുകയേ സാദ്ധ്യമാകയുള്ളൂ. മരുമക്കത്തായം മാറ്റി മക്കത്തായം വേണമെന്ന് ആഗ്രഹിക്കുന്ന നായർ സമുദായവും കനിഷ്ഠ വിവാഹം നിയമാനുകൂലമാക്കണമെന്ന് ആഗ്രഹിക്കുന്ന നമ്പൂതിരി സമുദായവും കുളിക്കാനും വഴിയേ നടക്കാനും പ്രാഥമിക പാഠശാലകളിലെങ്കിലും പ്രവേശനം ലഭിക്കാനും ആഗ്രഹിക്കുന്ന പുലയ സമുദായവും ഈ നിമിഷത്തിൽ ഒരുമിച്ചുകൂടി സമുദായ പരിഷ്ക്കരണശ്രമം ചെയ്യണമെന്നു പറയുന്നവരെ പ്രത്യേക ആശുപത്രികളിൽ പറഞ്ഞയയ്ക്കേണ്ടതാണ്.

ഞങ്ങൾ കണ്ട ഒരോരുത്തരും ഇവിടുത്തെ സമുദായ ബോധമില്ലായ്മയെപ്പറ്റി വ്യസനിച്ചും എന്തെങ്കിലും ഒരു സമുദായ ബന്ധമുണ്ടായാൽ കൊള്ളാമെന്നാഗ്രഹിച്ചും ഇവിടെ ഒന്നും നടക്കുകയില്ലെന്നു നിരാശപ്പെട്ടുമാണ് ഞങ്ങളോടു സംസാരിച്ചത്.

നമ്മുടെ സമുദായത്തെപ്പറ്റി  നാം ഗാഢമായി ചിന്തിക്കാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. സമുദായചിന്ത ഗുരുവായൂരിൽ ഇല്ലെന്നു നിങ്ങൾ വ്യസനിക്കുന്നു. ഗുരുവായൂർ മാത്രമല്ല, മലബാർ ഒട്ടുക്കുതന്നെ സമുദായചിന്ത തീരെ ഇല്ലെന്നു വേണം പറയാൻ.

നാലു കൊല്ലത്തിനു മുമ്പ് കൊച്ചിയിലും മുപ്പതു കൊല്ലത്തിനു മുമ്പ് തിരുവിതാംകൂറിലും ഇതേ സ്ഥിതി തന്നെയായിരുന്നു.

മലബാറിലെ നായന്മാർ അധികവും രാജ്യഭരണപരിഷ്ക്കാരത്തിൽ ശ്രദ്ധിക്കുന്നതല്ലാതെ സമുദായപരിഷ്ക്കാരത്തെ  സ്വപ്നം കാണുക പോലും ചെയ്യുന്നില്ല. എന്നല്ല അവരിൽ പലരും സാമുദായിക സംഘങ്ങൾ സ്ഥാപിക്കുന്നത് രാജ്യദ്രോഹപരമായ ഒരു പ്രവൃത്തിയാണെന്നു തെറ്റായി വിചാരിക്കുകയും ചെയ്യുന്നുണ്ട്. സാമുദായിക സംഘം മൂലം ഓരോ സമുദായവും വേർതിരിഞ്ഞും പരസ്പരം സ്പർദ്ധിച്ചും അധഃപതിക്കുമെന്ന് അവർ ശങ്കിക്കുന്നു. സമുദായപരിഷ്ക്കാരം കൂടാതെ രാജ്യഭരണപരിഷ്ക്കാരം ശരിപ്പെടുകയില്ലെന്നുള്ളത് നിസ്തർക്കമാകുന്നു.

**1930 - ഗുരുവായൂർ നായർ സമാജം- അധ്യക്ഷ പ്രസംഗത്തിൽ നിന്ന്.**

നമ്മുടെ സമുദായ പരിഷ്ക്കാര കാര്യങ്ങളിൽ അന്യന്മാരെക്കാൾ പ്രതിബന്ധമുണ്ടാക്കുന്നത് നമ്മുടെ ആളുകൾ തന്നെയാണ്.  നമ്മെപ്പോലെ ഇങ്ങനെ സ്വജനദ്രോഹം ചെയ്യുന്നവർ കുറച്ചു മാത്രമേ കാണുകയുള്ളൂ.

നമ്മുടെ സാമുദായിക പ്രവൃത്തികളെ താറുമാറാക്കുന്ന ഒട്ടധികം പണ്ഡിത മാന്യന്മാരെ എവിടെയും കാണാൻ കഴിയും.

നായരുടെ പൂർവചരിത്രം തന്നെയാണ് കേരള ചരിത്രം എന്നഭിമാനിക്കാമെങ്കിലും ഇന്നു നായരോളം അധഃപതിച്ച ഒരു സമുദായം കേരളത്തിൽ കാണുന്നതല്ല. കേരളത്തിലെ മിക്കവാറും ഭൂമിയുടെ ഉടമസ്ഥന്മാരായിരുന്ന നമുക്ക് ഇപ്പോൾ സുഖമായി പാർക്കാനും കൃഷി ചെയ്യാനും ഉള്ള സ്ഥലം പോലും ചുരുക്കമായിത്തീർന്നിരിക്കുന്നു.

അവാന്തര ജാതി വ്യത്യാസം കൊണ്ട് നാം ഒരു സംഘടനയില്ലാത്ത ജാതിക്കാരായിത്തീർന്നു. വലിപ്പച്ചെറുപ്പങ്ങളെ പാലിക്കാൻ നാശോന്മുഖങ്ങളായ പല ദുഷ്കൃതങ്ങളും നാം ചെയ്തു. സമുദായ ബോധമോ ബന്ധമോ എന്തെന്നറിഞ്ഞുകൂടാതായി. ഓരോ കരയും അവിടുള്ള ഭവനങ്ങളും വേർപിരിഞ്ഞു. മതസംബന്ധമായ കാര്യത്തിൽ അങ്ങേയറ്റത്തെ അടിമത്തം സംഭവിച്ചു. ആത്മവിശ്വാസത്തിനും ആത്മാഭിമാനത്തിനുമുള്ള വിലയറിയാൻ പാടില്ലാതായി. കേരളത്തിലെ ക്ഷേത്രങ്ങളെല്ലാം ഉണ്ടാക്കുകയും അവയ്ക്കുവേണ്ട വസ്തുവകകൾ

നൽകുകയും ചെയ്ത നായർക്ക് അമ്പലത്തിൽ നേരേനിന്നു തൊഴാനോ മണിയടിക്കാനോ നമസ്ക്കരിക്കാനോ പാടില്ലെന്നുവന്നു. തിരുവിതാംകൂർ മഹാരാജാവു കാൽനടയായി എഴുന്നള്ളി വൈക്കം ക്ഷേത്രത്തിൽ നിൽക്കുമ്പോൾ നിർദ്ധനനായ കറുകയിൽ കൈമളെ ഇന്നും പല്ലക്കിൽ മതിൽക്കകത്തു കൊണ്ടു വരുന്നതും മഹാരാജാവിനു മുമ്പായി അദ്ദേഹം കാണിക്ക ഇടുന്നതും വെളിപ്പെടുത്തുന്ന ചരിത്രം എന്താണെന്ന് ഓർമ്മിക്കാനുള്ള ബുദ്ധി പോലും നമുക്ക് ഇല്ലാതായി. നാലാം ജാതിയായ ശൂദ്രനാണെന്നു സമ്മതിച്ച നമ്മുടെ നട്ടെല്ലും പൗരുഷവും പൊയ്പ്പോയി.

നായർ ഒരു ജാതിയുടെയും താഴെയല്ലെന്നു വിശ്വസിക്കാൻ പഠിക്കണം. നായരുടെ ഈശ്വരനെ നായർ തന്നെത്താൻ പൂജിക്കാറാകണം.
നമുക്കു പറ്റിയ അധ:പതനങ്ങളിൽനിന്നു കയറാനും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനും വേണ്ട കാര്യങ്ങൾ അപ്പഴപ്പോൾ ആലോചിച്ചു തീരുമാനിക്കയും നടപ്പിൽ കൊണ്ടുവരുവാനുമായി ഓരോ കരയിലുമുള്ള നായന്മാരെ പരിഷ്കൃതമായ നിയമംകൊണ്ട് ബന്ധിച്ച് അവിടവിടെ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും അവയെ കൂട്ടിച്ചേർത്ത് യൂണിയനുണ്ടാക്കുകയും ഓരോ യൂണിയനെയും സർവീസ് സൊസൈറ്റിയോടും സംഘടിപ്പിക്കുകയും ഇങ്ങനെ മൂന്നു സംസ്ഥാനങ്ങളിലുള്ള പന്ത്രണ്ടു ലക്ഷം നായന്മാരും ഒരു കേന്ദ്രീകൃത സഭയുടെ അംഗങ്ങളാവുകയും ചെയ്യുമ്പോഴാണ് നാം ഒരു സുസംഘടിത സമുദായമായി തീരുന്നത്.

## *കമ്മ്യൂണിസത്തെപ്പറ്റി*

***(1959ലെ (Moral Re-Armament - MRA) ധാർമിക പുനരായുധീകരണ പ്രസംഗം - സ്വിറ്റ്സർലൻഡ്)***
അധികാരത്തിൽ വന്നയുടൻ അവർ പോലീസിനെ നിർവീര്യമാക്കി. കമ്മ്യൂണിസ്റ്റുകളുടെ വസ്തു കയ്യേറ്റം കൊണ്ടു നാട്ടിൽ പൊറുതിയില്ലാതെ വന്നു. കൊലയും തീവെട്ടിക്കൊള്ളയും നാട്ടിൽ സർവസാധാരണമായി. കമ്മ്യൂണിസ്റ്റുകളുടെ ഹിതാനുവർത്തികളായില്ലെങ്കിൽ സ്ത്രീകൾക്കുപോലും സ്വൈര്യമായി വീട്ടിൽ കിടന്നുറങ്ങുവാൻ വയ്യാതെയായി. നീതിപീഠത്തെ അവർ സ്വാധീനപ്പെടുത്തുവാൻ തുടങ്ങി. പാർട്ടിയുടെ താളത്തിനു തുള്ളാത്ത ഉദ്യോഗസ്ഥൻമാരെ അവർ ശിക്ഷിച്ചു. ഉദ്യോഗങ്ങൾ മുഴുവൻ കമ്മ്യൂണിസ്റ്റുകാർക്കും അവരുടെ അനുഭാവികൾക്കും മാറ്റിവച്ചു. കമ്മ്യൂണിസ്റ്റല്ലെങ്കിൽ ഗവണ്മെന്റിൽനിന്നും യാതൊരാനുകൂല്യവും ലഭിക്കുകയില്ലെന്നുവന്നു. ഖജനാവിലെ പണം സൊസൈറ്റി എന്ന ഒരു സൂത്രം സ്ഥാപിച്ച് പാർട്ടി ഭണ്ഡാരത്തിലാക്കി. ഭാവി തലമുറയെപ്പോലും കമ്മ്യൂണിസ്റ്റാക്കുന്ന വിദ്യാഭ്യാസ പരിഷ്ക്കാരം നടപ്പിലാക്കി. .......... ഇൻഡ്യൻ ദേശീയത്വത്തെയും നേതാക്കളെയും പുച്ഛിച്ചുതള്ളി. ............. ജനങ്ങൾക്കു രക്ഷയും നീതിയും ഇല്ലെന്നു വന്നു.

***(1962 - തിരുമുല്ലവാരം പ്രസംഗം )***
കമ്മ്യൂണിസം ധർമ്മവിരുദ്ധ മായ ഒരു പ്രസ്ഥാനമാണ്. ദൈവമില്ലാത്തവരും നേരും നെറിയും കെട്ടവരും സഹോദരീസഹോദരബന്ധമില്ലാത്തവരുമായ ഒരു കൂട്ടം

അക്രമികളും പിടിച്ചുപറിക്കാരുമാണ് കമ്മ്യൂണിസ്റ്റുകാർ. നായർ സമുദായത്തിനോ മനുഷ്യസമുദായത്തിനോ കമ്മ്യൂണിസം പറ്റിയതല്ല.

**1930 - ഗുരുവായൂർ നായർ സമാജം - അധ്യക്ഷപ്രസംഗത്തിൽനിന്ന്**

ഒരുത്തമനായ നായരും ഉത്തമനായ പുലയനും ഉത്തമനായ നമ്പൂതിരിയും ഉത്തമനായ മനുഷ്യൻ തന്നെയാണ്. ആ ബോധവും സമുദായസ്ഥിതിയും വരുമ്പോഴാണ് ഈ ഭൂലോകം സ്വർഗ്ഗമാകുന്നത്. അതു സാധിക്കണമെങ്കിൽ സമുദായ പരിഷ്ക്കരണ സംഘങ്ങൾ നാടുനിറച്ചുണ്ടാകണം. നായർ ഒഴിച്ചുള്ള എല്ലാ വർഗ്ഗക്കാർക്കും ഈ ബോധം മലബാറിലും ഉണ്ടായിട്ടുണ്ടെന്ന് തീയസഭകളും യോഗക്ഷേമസഭയും തെളിയിക്കുന്നുണ്ട്. അതിനാൽ മലബാറിലെ നായന്മാർ കണ്ണുതുറക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നാണ് എൻറെ വിനീതമായ അഭിപ്രായം.

**1930 - ഗുരുവായൂർ നായർ സമാജം - അധ്യക്ഷപ്രസംഗത്തിൽനിന്ന്**

സർവീസ് സൊസൈറ്റി നായർ സാമുദായിക പരിഷ്ക്കാരത്തിനുള്ള ഒരു സാമുദായിക ഗവണ്മെന്റ് ആകണമെന്നാണ് അതിൻറെ പ്രവർത്തകന്മാർ ആഗ്രഹിക്കുന്നത്.

400ൽപരം കരയോഗങ്ങൾ  രജിസ്റ്റർ ചെയ്തതും അതിൻറെ മേലന്വേഷണം വഹിക്കുന്നതും എൻ.എസ്. എസ്. കരയോഗം രജിസ്ട്രാർ തന്നെയാണ്.
സർവീസ് സൊസൈറ്റിക്കാർക്ക് ഈശ്വരനില്ലെന്നു പറയുന്ന കൂട്ടർ ഞങ്ങളുടെ ദേവസ്വം ശാഖ കണ്ടിട്ടും വിശ്വസിക്കാത്തതാണത്ഭുതം. അവരുടെ ഈശ്വരനും വിശ്വാസവുമല്ല ഞങ്ങൾക്കുള്ളതെന്നു സമ്മതിക്കാം. മരിക്കുന്നതുവരെ കള്ളസാക്ഷി എഴുതിയും കള്ളയാധാരം നിർമ്മിച്ചും കഴിച്ചുകൂട്ടിയശേഷം അവസാനത്തിൽ ചക്രശ്വാസം വലിക്കുമ്പോൾ പൊന്നുകെട്ടിയ കുളമ്പോടുകൂടിയ ഒരു കറുത്ത പശുവിനെ പട്ടർക്കോ നമ്പൂതിരിക്കോ ദാനം ചെയ്താൽ, ആ പശുക്കയറിൽക്കൂടി സ്വർഗ്ഗം പ്രാപിക്കാം എന്നുള്ള മതബോധം ഞങ്ങൾക്കാർക്കുമില്ല. നേരേമറിച്ച് മതസ്ഥാപനത്തിൻറെ ഉദ്ദേശ്യവും പ്രയോജനവും അറിഞ്ഞ് അവയെ പരിഷ്ക്കരിക്കണമെന്നും മാമൂലുകളെ എല്ലാം വേരോടെ പറിച്ചുകളഞ്ഞ് അമ്പലത്തെ ശുചീകരണത്തിൻറെയും സൗന്ദര്യത്തിൻറെയും സമത്വത്തിൻറെയും സാഹോദര്യത്തിൻറെയും വിളനിലമാക്കണമെന്നും അവയുടെ സ്വത്തുക്കൾ ഹിന്ദുമതവിശ്വാസികളുടെ അറിവിനും അഭിവൃദ്ധിക്കും ഉപയോഗപ്പെടുത്തണമെന്നുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതാണ് നിരീശ്വരമതമെങ്കിൽ ആ മതം ഞങ്ങൾ സ്വീകരിച്ചതാണെന്നു പരസ്യമായി സമ്മതിക്കുന്നു.

- എന്താണ് ഇന്നത്തെ നായർക്ക് അഭിമാനിക്കാനുള്ളത്?
- ഇന്നത്തെ നായർ എന്തു ചെയ്യണം?
- നാടുവാഴിത്തം നടമാടിയിരുന്ന കാലത്ത് സ്വന്തം കൂറും കുടുംബവും രക്ഷിക്കാൻ ചാവേറായി.

- തിരുവിതാംകൂറിൽ അർഹമായ പ്രാതിനിധ്യം നേടാൻ മലയാളി മെമ്മോറിയൽ പ്രക്ഷോഭം നടത്തി.

- സ്വതന്ത്രഭാരതത്തിൽ കേരളത്തിലെ അർഹമായ സ്ഥാനം നേടാൻ എൻ.എസ്.എസ്. ഉണ്ടാക്കി.

- നായരുടെ ജീവിതം എല്ലാക്കാലത്തും യുദ്ധം തന്നെ.  ക്ഷത്രിയനല്ലെങ്കിലും ക്ഷാത്രരക്തമല്ലോ. ഇന്ന് വലിയ ദുരവസ്ഥ തന്നെ.

അപ്പോൾ സ്വയം ചോദിക്കേണ്ട ചോദ്യങ്ങൾ, ചിന്തിക്കാനായി വിട്ടു തരുന്നു:

1. ഇന്നു ഞാൻ തളർന്നുവോ?

2. ഇന്നു നാം തളർന്നുവോ?

3. ആരോടാണ് കൂറു വേണ്ടത്? കമ്മ്യൂണിസ്റ്റുകളോടോ കോൺഗ്രസ്സിനോടോ ഭാജപയോടോ? അതോ എന്നോടും കുടുംബത്തോടും നായർ എന്ന എൻറെ സ്വന്തം ബന്ധുജനത്തോടോ?

4. ഞാൻ* നായർ നേതാവാകുന്നതാണോ അതോ
നായർ കേരളത്തിലും ഭാരതത്തിലും ലോകത്തും, (ആയിരത്തഞ്ഞൂറു കൊല്ലം പാശ്ചാത്യ ലോകം ഉപദ്രവിച്ചശേഷം മാത്രം)  ആത്മാഭിമാനമുണ്ടായ യഹൂദനെപ്പോലെ മേധാവിത്തം നേടുകയാണോ, ആവശ്യം?

5. ഔദാര്യവും സംവരണവും  ദാനവും ദക്ഷിണയും ചാരിറ്റിയും സക്കാത്തും നായർ കൊടുത്തിട്ടേയുള്ളൂ. അങ്ങനെ കൊടുത്ത അതേ കൈകളും അത്താഴപ്പഷ്ണിക്കാരുണ്ടോ എന്നു മൂവുരു വിളിച്ചു ചോദിച്ച അതേ നാവും ഇങ്ങനെ ഇവയ്ക്കുവേണ്ടി ഉപയോഗിക്കണോ, ഇന്നോ നാളെയോ?

## ചട്ടമ്പിസ്വാമി തിരുവടികളെ  സ്മരിച്ചു കൊണ്ട്*

മസൂരി ദീനക്കാരനെയും കുഷ്ഠരോഗിയെയും ഒരു മുറിയിലിട്ട് ചികിത്സിക്കാൻ ഒരു ഡോക്ടറും ഒരുങ്ങുന്നതല്ല. ഓരോ രോഗിയേയും പ്രത്യേക മുറികളിൽ താമസിപ്പിച്ച്, അതിനു വിദഗ്ദ്ധന്മാരായ ഡോക്ടറന്മാരെക്കൊണ്ടു ചികിത്സിപ്പിച്ചു ദീനം ഭേദമാക്കി പുറത്തുവിട്ടാൽ രണ്ടാൾക്കും ഒരുമിച്ചു നടക്കയും ഇരിക്കയും ചെയ്യാം. അവരെ അപ്പോൾ വിളിക്കുന്നത് മസൂരിക്കാരനെന്നും കുഷ്ഠരോഗിയെന്നുമല്ല; ദീനമില്ലാത്ത രണ്ടു മനുഷ്യരെന്നായിരിക്കും. അതുപോലെ നമ്പൂതിരി സമുദായത്തിൻറെ ന്യൂനതകളല്ല തീയ സമുദായത്തിനുള്ളത്. പുലയ സമുദായത്തിനുള്ള ന്യൂനതകളല്ല നായർ  സമുദായത്തിനുള്ളത്. അതതു സമുദായത്തിനുള്ള ന്യൂനതകളെ പ്രത്യേകം നോക്കി ഭേദപ്പെടുത്തി, വരുത്തേണ്ട പരിഷ്ക്കാരങ്ങളെ വരുത്തിക്കഴിയുമ്പോൾ അവൻറെ ജാതിപോയി അവൻ ഉത്തമ മനുഷ്യനായിത്തീരുന്നതാണ്.

സർവീസ് സൊസൈറ്റിയുടെ സംഘടനാപ്രസ്ഥാനം വിജയപ്രദമായി വരുന്നത് നമ്മുടെ സമുദായത്തിന്റെ ഒരു ഭാഗ്യമാണ്. കരയോഗാതിർത്തിയിലുൾപ്പെട്ട സകല നായന്മാരും ആ കരയോഗത്തിൽ ഉൾപ്പെടാനും അംഗങ്ങളെല്ലാം നിയമപ്രകാരം ജീവിക്കാനും ഇടയായാൽ സംഘടനയുടെ അടിസ്ഥാനം ഉറച്ചു. കരയോഗങ്ങൾക്കു സർവീസ് സൊസൈറ്റിയിൽ നേരിട്ട് അംഗമാകാൻ കഴിയുമെന്നു വന്നതോടുകൂടി പ്രാതിനിധ്യം വിപുലമായി എന്ന് എല്ലാവരും സമ്മതിച്ചിട്ടുണ്ട്. ഇന്നുള്ള 640 കരയോഗങ്ങളേയും അംഗമാക്കിക്കഴിഞ്ഞാൽ, ബാക്കി രണ്ടായിരത്തോളം കരകളിലും കരയോഗം സ്ഥാപിക്കുകയും അവയെ അംഗമാക്കുകയും ചെയ്യാൻ ശ്രമിക്കുന്നതാണ്. അങ്ങനെ തിരുവിതാംകൂർ രാജ്യത്തുനിന്നുതന്നെ പ്രതിനിധികളും വ്യക്തിമെമ്പറും ഉൾപ്പെടെ മൂവായിരത്തോളം അംഗങ്ങൾ ഉണ്ടാകാവുന്നതാണ്. അവരാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളാണ് സർവീസ് സൊസൈറ്റി ഭരിക്കുന്നതെന്നു വരുമ്പോൾ, ആ സ്ഥാപനവും ഭരണവും സമുദായത്തിന്റെ ഒട്ടാകെയുള്ള സമ്മതി ലഭിച്ചതല്ലെന്ന് ആർക്കും പറയാൻ സാധ്യമല്ലല്ലോ. അങ്ങനെ സമ്പൂർണ്ണമായ ഘടനയ്ക്കു ശേഷം തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റ് ആരായാലും ആരാധ്യനായിരിക്കും എന്നുള്ളതും നിസ്തർക്കമാണ്. അക്കാലത്തെങ്കിലും മെത്രാപ്പോലീത്തമാരെപ്പോലെ രാഷ്ട്രീയക്ഷണം നമ്മുടെ പ്രസിഡന്റന്മാർക്കും ഉണ്ടാകുമെന്ന് എൻറെ വിശ്വാസം. ഒരു സമുദായത്തിന്റെ അഭിവൃദ്ധിയും മതിപ്പും അതിന്റെ സംഘടനയിലാണ് സ്ഥിതി ചെയ്യുന്നതെന്നുള്ള പരമാർത്ഥം നാം ശരിയായി ധരിച്ചാൽ രക്ഷപ്പെട്ടു.

കരയോഗത്തിൻറെ ഉദ്ദേശ്യം സംഘടന മാത്രമല്ലെന്നു നിങ്ങൾക്കറിയാമല്ലോ. ദാരിദ്ര്യനിവാരണത്തിനുള്ള മാർഗ്ഗാന്വേഷണമാണ്, അതിനുള്ളിലെ ജീവനായ കാര്യം. നമ്മുടെ ആരോഗ്യമില്ലായ്മയെപ്പറ്റി പലരും പരിതപിക്കുന്നതായി കണ്ടിട്ടുണ്ട്. ആരോഗ്യമില്ലായ്മയ്ക്കു കാരണം ദാരിദ്ര്യമാണ്. ദാരിദ്ര്യശമനം യുവാക്കന്മാരുടെ പ്രയത്നത്തിലാണ്സ്ഥിതി ചെയ്യുന്നത്. സാധുക്കളായ സഹോദരന്മാരുടെ കഷ്ടതകളെപ്പറ്റി നിങ്ങൾ ആലോചിച്ചിട്ടേയില്ല. വിവാഹം ചെയ്തവർക്കു കൂടുതൽ ചുമതലയുണ്ടെന്ന് ഓർമ്മിച്ചുകൊള്ളണം.

'വേല, വേല' ഇതാണെൻറെ യുവസഹോദരന്മാരോട് എനിക്ക് ഉപദേശിക്കാനുള്ള മന്ത്രം. അത് ഉരുക്കഴിച്ച് നിങ്ങൾ സിദ്ധി വരുത്തുമെങ്കിൽ നമ്മുടെ സമുദായത്തിനു വന്ന ധനനഷ്ടം പരിഹരിക്കാമെന്നാണെൻറെ വിശ്വാസം. നിത്യപ്രയത്നംകൊണ്ട് ലഘുവായ സംഖ്യയെങ്കിലും സമ്പാദിക്കയും അനാവശ്യച്ചെലവുകൾ ഇല്ലാതാക്കുകയും ചെയ്താൽ നമ്മുടെ ധനസംബന്ധമായ ക്ഷീണങ്ങളെല്ലാം തീരുന്നതാണ്.

**1913 - കോട്ടയ്ക്കൽ പ്രസംഗം**
**ചട്ടമ്പിസ്വാമി തിരുവടികളെ  സ്മരിച്ചു കൊണ്ട്***

*സർവീസ് സൊസൈറ്റിയുടെ ആവശ്യങ്ങളെയും അഭിപ്രായങ്ങളെയും പ്രവൃത്തികളെയും പ്രചരിപ്പിക്കുവാനായി 'സർവീസ്' എന്ന പേരിൽ ഒരു മാസിക ആറുകൊല്ലം നടത്തി. സൊസൈറ്റിയുടെ  എല്ലാ ആവശ്യങ്ങളെയും നിറവേറ്റാൻ ഒരു മാസിക കൊണ്ട് സാധ്യമല്ലെന്ന് കണ്ടതു നിമിത്തം അതിനെ ഒരു ത്രൈവാരിക പത്രമായി നടത്തിത്തുടങ്ങിയിട്ട് രണ്ടുകൊല്ലം ആകാറായി. സൊസൈറ്റിക്ക് സ്വന്തം

പ്രസ്സ് ഉണ്ടാക്കുന്ന വകയ്ക്ക് ധനശേഖരം ചെയ്യാനായി ശ്രീമാൻ എം.എൻ. നായർ അവർകൾ ബി.എ.യും മിസ്റ്റർ മന്നത്ത് പത്മനാഭപിള്ളയും എഫ്.എം.എസ്.ൽ പോയി അവിടെനിന്നും രൊക്കം കിട്ടിയ പതിനായിരത്തിൽപ്പരം രൂപകൊണ്ട് തൽക്കാലം അതിനുവേണ്ട സാധന സാമഗ്രികൾ വാങ്ങി ശരിപ്പെടുത്തി.
നായരുടെ ഇന്നത്തെ അധഃപതനത്തിനും അടിമത്തത്തിനും ദൃഷ്ടാന്തങ്ങൾ വളരെയുണ്ടെങ്കിലും ഒന്നാമതായി പറയേണ്ടത് ക്ഷേത്രത്തിലെ അടിമത്തമാണ്. ഈശ്വരനെ നേരിട്ടാരാധിക്കാൻ അവകാശമില്ലെന്നു വിശ്വസിക്കുന്നതിൽ കവിഞ്ഞ് ഒരന്ധതയും അടിമത്തവും ഉണ്ടാകേണ്ടതില്ല. ക്ഷേത്രം സ്ഥാപിച്ചത് ഒരു മഹത്തായ ആദർശത്തോടും ഉദ്ദേശ്യത്തോടും കൂടിയാണ്. ആരാധകന്മാരായ ഒരോരുത്തരുടെയും മാനസിക ശുദ്ധിക്കും ശക്തിക്കും ഏകാഗ്രതയ്ക്കും മാറ്റമുണ്ടാകുകയും ക്രമേണ ആത്മപ്രകാശമുണ്ടായി ഈശ്വരനിൽ ലയിക്കുകയും ചെയ്യണമെന്നും അതിനു ക്ഷേത്രം ഒരു പ്രാഥമിക പാഠശാലയാകണമെന്നും ആഗ്രഹിക്കുന്നതു പോലെതന്നെ ശരീരത്തിന്റെ രക്ഷയേയും വളർച്ചയേയുംകൂടി കരുതുകയും ചെയ്തിരുന്നു. പ്രാതഃസ്നാനം കഴിഞ്ഞ് മണ്ഡപത്തിൽ കയറി ഈശ്വരസങ്കല്പത്തോടുകൂടി ദണ്ഡനമസ്കാരം ചെയ്യുന്നത് മനസ്സിന് ഏകാഗ്രതയുണ്ടാകാനെന്നവണ്ണം ശരീരത്തിനു വ്യായാമം ഉണ്ടാകാനുംകൂടിയാണ്. നായർക്കുവേണ്ടി നമ്പൂതിരി കസർത്തുവിദ്യ നടത്തിയാൽ നമ്പൂതിരിയുടെ ശരീരം നന്നാകുന്നതല്ലാതെ നായരുടെ ശരീരം നന്നാകുമോ? എട്ടണ കൊടുത്തു നമ്പൂതിരിയുടെ  നമസ്കാരം കണ്ടു കൈകെട്ടി കുനിഞ്ഞുനില്ക്കുന്ന നായർ ഇന്നത്തെക്കാൾ വളഞ്ഞു പോകുന്നതല്ലാതെ അവൻറെ നെഞ്ചിനോ ഹൃദയത്തിനോ അല്പമെങ്കിലും വികാസമുണ്ടാകുമോ? ക്ഷേത്രത്തിലെ നേരം തെറ്റാതുള്ള അഭിഷേകത്തിൻറെയും ചന്ദനവും പൂവും ചാർത്തുന്നതിൻറെയും കദളിപ്പഴ നിവേദ്യത്തിൻറെയും മറ്റും അർത്ഥം അതുപോലെ ഓരോ നായരും നിത്യം ജീവിക്കണമെന്നാണ്. ക്ഷേത്രത്തിലെ കിണറ്റിലെ ശുദ്ധജലം കൊണ്ടല്ലാതെ ഭഗവാനെ ഇതുവരെ അഭിഷേകം കഴിച്ചിട്ടില്ലെന്നറിയാവുന്ന നായരാണ്, പല്ലുതേച്ചും കാർക്കിച്ചുതുപ്പിയും ശൗചം കഴിച്ചും രോഗികൾ കുളിച്ചും വളരെ നാളായി മലിനസമ്പൂർണ്ണമായി കിടക്കുന്ന കുളത്തിൽ മുങ്ങിക്കുളിക്കുന്നത്.  കുളി കഴിഞ്ഞാൽ ഒരു ലഘു ആഹാരം കഴിക്കണമെന്നാണ് കദളിപ്പഴ നിവേദ്യത്തിൻറെ അർത്ഥം. മലരിനും പഴത്തിനും പകരം വല്ല നേന്ത്രപ്പഴവും നിവേദിച്ചിരുന്നെങ്കിൽ അജീർണ്ണം വന്നു പല ഭഗവാന്മാരും ഇതിനു മുൻപു മരിച്ചു പോകുമായിരുന്നു. ഓജഃശക്തി കൂടുതലുള്ള വിശിഷ്ടമായ കദളിപ്പഴം നമ്പൂതിരിക്കല്ലാതെ അടുത്ത കാലംവരെ നായർക്കു തിന്നാൽ  പാടില്ലായിരുന്നു. സൂര്യനമസ്കാരം കഴിഞ്ഞ്,  മുട്ടാതെ കദളിപ്പഴം തിന്നുന്ന നമ്പൂതിരി ബുദ്ധിയുള്ള - സംസ്കാരമുള്ള - ഒരു ജാതിയായി തീർന്നതിൽ അതിശയിക്കാനില്ല. എന്നാൽ സർവ്വവ്യാപകനും സർവ്വശക്തനും സർവ്വസാക്ഷിയുമായ ജഗദീശ്വരനെ നേരിട്ട് ആരാധിക്കുവാൻ പോലും നായർക്ക് അവകാശമില്ലെന്നു പഠിപ്പിക്കുന്ന ഒരു പാഠശാലയായി തീർന്നിട്ടുണ്ട് ഇന്നത്തെ ക്ഷേത്രങ്ങൾ.

എഴുത്തു പഠിക്കാത്ത തുളു എമ്പ്രാൻ നിവേദ്യം കൊണ്ടുവരുമ്പോൾ ഭക്തിയോടുകൂടി ചെന്നിട്ടുള്ള കുലീനകളായ നായർ സ്ത്രീകൾക്ക് ഓടാതിരിക്കാൻ സാധ്യമല്ല.  നമ്മുടെ സ്ത്രീകൾ ഓട്ടം പഠിക്കുന്നത് നാലമ്പലത്തിൽവെച്ചാണ്. ഗർഭകാലത്താണ് സ്ത്രീകൾ അധികവും അമ്പലത്തിൽ പോകുന്നത്. പോറ്റിയെക്കാൾ താഴ്ന്ന ജാതിയാണെന്നും ഈശ്വരൻറെ സമീപത്തു ചെല്ലാൻ അവകാശമില്ലാത്ത ജാതിയാണെന്നും വിശ്വസിച്ച്

ഓടുന്ന നായർ സ്ത്രീയുടെ ഗർഭപാത്രത്തിലെ കുഞ്ഞ് അപ്പോൾത്തന്നെ ചുരുണ്ടുപോകാം. അതുകൊണ്ട് അമ്പലം പരിഷ്ക്കരിക്കുന്ന കാലംവരെ സ്ത്രീകളെങ്കിലും അവിടെ പോകാതെ അവരവരുടെ ഭവനം ക്ഷേത്രമാണെന്നു സങ്കല്പിച്ച് ഈശ്വരാരാധന ചെയ്കയാണു വേണ്ടത്.

ഇവിടുത്തെ ക്ഷേത്രത്തിൽ ഇക്കാലത്തിനു പറ്റാത്ത ഒരു ദുരാചാരം കൂടി ഉണ്ടെന്നു കേട്ടു. നായർ സ്ത്രീകൾ മാറുമറയ്ക്കാതെവേണം പോലും അമ്പലത്തിൽ കടക്കാൻ! എന്ത്, ഇത്രയും നിയമപ്രാകാരമുള്ള ഈ ദേശത്ത് ഈ ജുഗുപ്സാവഹമായ നടപടി എങ്ങനെ നിലനിൽക്കുന്നു? അർദ്ധനഗ്നകളായ സ്ത്രീ സമൂഹത്തെ നാലമ്പലത്തിൽ ദിവസേന കാണാമെന്നു പറഞ്ഞാൽ ഇക്കാലത്ത് ആരെങ്കിലും വിശ്വസിക്കുമോ? നായർ സ്ത്രീകളെ മാറുമറയ്ക്കാതെ കാണാൻ ആഗ്രഹിക്കുന്ന ഒരു ദേവൻ അമ്പലത്തിലിരിപ്പുണ്ടോ! നമ്മുടെ വംശത്തിൻറെ മാനസംരക്ഷണത്തിനുവേണ്ടി ഇതിനെ ഉടനെ ധ്വംസിക്കേണ്ടതാണ്. കോവിലകം ക്ഷേത്രത്തിലെ ഈ നിന്ദ്യമായ നടപടിയെ നിറുത്താൻ ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ എൻറെ സഹോദരികൾ ക്ഷേത്രത്തോടു നിസ്സഹകരിക്കേണ്ടതാണ്.

**1913 - പത്തനംതിട്ട - എൻ.എസ്.എസ്. സംഘടനാ പ്രവർത്തക സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്ന്.**

(യഥാർത്ഥത്തിൽ ഈ പ്രസംഗ ശീർഷകം " *ദൈവസന്നിധിയിലെങ്കിലും അസമത്വം ഇല്ലാതാക്കണം* " എന്നാണ്.  ഇതിന്റെ ആദ്യത്തെ രണ്ടു ഖണ്ഡികകൾ സൊസൈറ്റി വിഷയകമാണ്. അവ കഴിഞ്ഞ രണ്ടുമൂന്നു നാളുകളിലായി ചെയ്തു കഴിഞ്ഞു. മിച്ചമുള്ളത് വിലമതിക്കാവതല്ലാത്തതിനാൽ ഒട്ടും കുറയ്ക്കാതെ, അപ്പടി ഇടുന്നു. താഴെത്തെ തലക്കെട്ട്  ഈയുള്ളവനിട്ടതാണ്.)_

*എന്താണ്, എന്തിനാണ്, എന്താകണം ക്ഷേത്രങ്ങൾ?*

നായരെപ്പോലെ മതാന്വേഷി ആരുമില്ലെന്നാണ് എൻറെ ഈ യാത്രയിലും എനിക്കനുഭവപ്പെട്ടത്. ദൈവത്തെപ്പറ്റി നമുക്ക് പല തെറ്റിദ്ധാരണകളുമുണ്ട്. മതവും മതസ്ഥാപനവും മനുഷ്യനെ നേർവഴി നടത്തി ദൈവത്തെ പ്രാപിക്കാൻ ഉണ്ടായിട്ടുള്ളതാണ്. അതു മുഴുവനും സ്വാർത്ഥമതികളുടെ കയ്യിൽപ്പെട്ട് അന്ധതയും അസ്വാതന്ത്ര്യവും അന്യോന്യമത്സരവും ഉണ്ടാകുന്ന സ്ഥാപനങ്ങളായിത്തീർന്നു കഴിഞ്ഞിരിക്കുന്നു. എല്ലാ മതവും കാടുകേറി കഴിഞ്ഞെങ്കിലും നമ്മുടെ മതത്തോളം അതിൽ വിശ്വസിക്കുന്നവരെ ഉപദ്രവിക്കുന്ന മതം വേറെയില്ല. അതാണ് ഇന്നത്തെ അമ്പലത്തെ ഞാൻ പലപ്പോഴും എതിർക്കുന്നത്. അല്ലാതെ ദൈവവിശ്വാസക്കുറവോ ക്ഷേത്രം വേണ്ടെന്നുള്ള വിചാരമോ കൊണ്ടല്ല. നമുക്കു വേണ്ടി ദൈവത്തെ ആരാധിക്കാൻ മറ്റൊരാൾ ആവശ്യമില്ലെന്ന് നായന്മാരൊന്നാമതായി പഠിക്കണം. ദൈവത്തിന്റെ മുമ്പാകെയെങ്കിലും നാം അസമത്വം കൂടാതെ ജീവിക്കേണ്ടതാണെന്നു ഗ്രഹിക്കണം. നായന്മാർ നമ്പൂതിരിയെക്കാൾ താണതല്ലെന്നും പുലയനെക്കാൾ ഉയർന്നതല്ലെന്നും മനസ്സിലാക്കണം. അങ്ങനെ ഒരു മനുഷ്യബോധം ഉണ്ടായാൽ പരിശുദ്ധമായ മതപ്രചാരം തനിയെ ഉദിച്ചുകൊള്ളുമെന്നാണെൻറെ വിശ്വാസം. ക്ഷേത്രങ്ങളെല്ലാം നമ്മെ ഉത്തമ ജീവിതത്തിലേക്കു നയിക്കാൻ ഉണ്ടാക്കിയിട്ടുള്ളതാണ്. ക്ഷേത്രങ്ങൾ ഒന്നും തന്നെ ദൈവത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതല്ല. മനുഷ്യനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ്. ക്ഷേത്രത്തിലെ

പൂജാദി കർമ്മങ്ങളും അവിടുത്തെ മറ്റു ചടങ്ങുകളും മനുഷ്യനെ മാതൃകാജീവിയാക്കുവാനുള്ള ബുദ്ധിപൂർവ്വമായ ഏർപ്പാടാണ്. പക്ഷേ അതെല്ലാം മനുഷ്യൻ മറന്ന്, അമ്പലവും അവിടെ നടക്കുന്ന സകല കാര്യങ്ങളും ദൈവത്തിനു വേണ്ടിയാണെന്ന് അന്ധമായി വിശ്വസിച്ചതാണ് നമുക്കു പറ്റിയ വലിയ അബദ്ധം. അതിന് അമ്പലമുണ്ടാക്കിയ ആചാര്യന്മാർ കുറ്റക്കാരാകയോ അമ്പലം വേണ്ടാതെ വരികയോ ചെയ്യുന്നതല്ല. ഒരു ഗ്രാമമുണ്ടെങ്കിൽ നമുക്കൊരു ക്ഷേത്രവുമുണ്ട്. ആ ഗ്രാമവാസികളുടെ ജീവിതകാര്യ നടപടിയാണ് ഒരു സാധനാപാഠം എന്നോണം അമ്പലം മൂലം കാണിച്ചു കൊടുക്കുന്നത്. ഈശ്വരനു ഭവനം വേണ്ടെന്നു നിശ്ചയമാണെങ്കിലും മനുഷ്യന് അതുകൂടാതെ കഴിയാത്തതുകൊണ്ടാണ് മാതൃകയ്ക്കായി ഭംഗിയും ബലവുമുള്ള അമ്പലങ്ങൾ ഉണ്ടായിട്ടുള്ളത്. ശുദ്ധീകരണത്തെപ്പറ്റി അമ്പലത്തിലുള്ള നിഷ്ഠ, അവിടുത്തെ ഉദ്യാനം മുതലായവ ശുചിയേയും പൂന്തോട്ടത്തിൻറെ നിർബന്ധത്തെയും പഠിപ്പിക്കുന്നു. വെളുപ്പാൻകാലത്തേ പള്ളിയുണർത്തുന്നത് ദൈവത്തെ ഉണർത്തലാണെന്നാണ് നമ്മുടെ വിശ്വാസം. ചിന്മയനായ ഭഗവാന് ഉറക്കമുണ്ടെങ്കിൽ, അദ്ദേഹത്തെ ഉണർത്താൻ ഒരു ശങ്കുമാരാരുടെ ശംഖനാദത്തിനു കഴിവുണ്ടോ എന്നു നിങ്ങൾ ആലോചിക്കണം. ആ ഗ്രാമവാസികളെല്ലാം വെളുപ്പാൻകാലത്തുണരാൻവേണ്ടിയാണ് നാഴികമണിയും അലാറവുമില്ലാത്ത അക്കാലത്ത് ഈ ഏർപ്പാടു ചെയ്തിരുന്നതെന്നു നിശ്ചയം. അമ്പലം തുറന്നാൽ ആദ്യമായി നടക്കുന്നത് അഭിഷേകാദി ശുദ്ധികർമ്മങ്ങളാണ്. ജഗന്മയനായ ഭഗവാനെ ഒരു കുടം വെള്ളം കൊണ്ടു കുളിപ്പിച്ചു ശരിപ്പെടുത്തിക്കളയാമെന്നു വിചാരിച്ച ബുദ്ധിശൂന്യന്മാരല്ലായിരുന്നു നമ്മുടെ പൂർവ്വികർ. എല്ലാ മനുഷ്യരും പ്രാതഃസ്നാനം കൊണ്ടു ശരീരശുദ്ധി ചെയ്തു ചന്ദനവും പൂവും വെള്ളവസ്ത്രവും ചാർത്തി വിശുദ്ധരാകാൻ ഗ്രാമവാസികളെ പഠിപ്പിക്കയാണ് അതിൻറെ ഉദ്ദേശ്യം. അതു കഴിഞ്ഞാൽ മലർ-പഴനിവേദ്യമാണല്ലോ അമ്പലത്തിൽ നടക്കുന്നത്. അഞ്ചാറു മലരും ശകലം തേനും പഴവും കൊണ്ട് ആ ബ്രഹ്മാണ്ഡകുക്ഷിക്കാരനായ ഭഗവാനെ നിറയ്ക്കാനുള്ള ശ്രമമാണെന്നു നാം ധരിക്കുന്നു. കുളി കഴിഞ്ഞാൽ ഒരു ലഘ്വാഹാരമാണ് ആവശ്യമെന്ന് ക്ഷേത്രം നമ്മെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്നു. പിന്നത്തെ പൂജാവിധികളും നിങ്ങൾ ഓർത്തു നോക്കുവിൻ. അഞ്ചു നേരത്തെ പൂജയെന്നു പറഞ്ഞാൽ ആ ഗ്രാമവാസികൾ അഞ്ചു നേരം ആഹാരം കഴിക്കണമെന്നാണർത്ഥം. പരിഷ്കൃതന്മാരെന്നു പറയുന്ന വെള്ളക്കാരുടെ ദിനചര്യാക്രമം അറിയാവുന്നവർക്ക് നമ്മുടെ പൂർവ്വികന്മാരുടെ ആരോഗ്യസംരക്ഷണക്കാര്യത്തിലെ സാമർത്ഥ്യവിശേഷത്തെപ്പറ്റി മനസ്സിലാക്കാൻ കഴിയും. പൂജാസമയത്തെ സംഗീതവും മറ്റു വാദ്യവിശേഷവുമെല്ലാം ആഹാരം കഴിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട ഉല്ലാസത്തിനും സന്തോഷത്തിനും മാതൃകയാണ്. ഇങ്ങനെ പള്ളിക്കുറുപ്പുവരെ നിങ്ങൾ ഓർത്തു നോക്കുമെങ്കിൽ ഇതൊന്നും ദൈവത്തിനു വേണ്ടിയല്ല, നമ്മെ ആരോഗ്യ സമ്പൂർണന്മാരും ഉല്ലാസഭരിതന്മാരും ആക്കാനുള്ള ഏർപ്പാടുകൾ മാത്രമാണെന്നു ഗ്രഹിക്കാൻ കഴിയും. അമ്പലം നോക്കിപ്പഠിക്കാനുള്ള നിങ്ങളുടെ മതപാഠം, നിങ്ങളുടെ ഭവനവും ഭവനജീവിതവും ആ മാതിരി ആക്കുകയെന്നുള്ളതാണ്. ഇപ്പോഴത്തെ ദുഷിച്ച അമ്പലത്തെയല്ല ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഇന്നവിടെ ശുചിത്വമോ, സമത്വമോ, ആത്മബോധമോ , ഭക്തിയോ ഒന്നും തന്നെയില്ല. അതുണ്ടാകണമെങ്കിൽ ഊട്ടുപുര പൊളിക്കയും ശാന്തി സമ്പ്രദായം മാറ്റുകയും ചെയ്യണം. അമ്പലഭക്തിയുള്ള എൻറെ സഹോദരിമാരോടു പറയുവാനുള്ളത് നിങ്ങളുടെ ഭവനത്തെ ക്ഷേത്രമാക്കുകയെന്നുള്ളത്, ഭവനം

വൃത്തിയാക്കി വയ്ക്കുകയും നിങ്ങൾ അവിടുത്തെ പൂജാരികളാണെന്നു സങ്കല്പിക്കുകയും ചെയ്യണം. നിങ്ങളുടെ ഓമനക്കുഞ്ഞുങ്ങളാണ് ആ ക്ഷേത്രത്തിലെ ദേവന്മാർ. അവരെ വെളുപ്പാൻ കാലത്തുണർത്തി ശുദ്ധജലം കൊണ്ട് അഭിഷേകം കഴിക്കുകയും പുഷ്പചന്ദനാദികൾ ചാർത്തുകയും ഇവർ ബുദ്ധിമാന്മാരും സൽസ്വഭാവികളും സമർത്ഥന്മാരുമായിത്തീരുവാൻ പ്രാർത്ഥിക്കുകയും ചെയ്യണം. അവരുടെ ആഹാരാദികാര്യങ്ങളും വിദ്യാഭ്യാസ കാര്യങ്ങളിലും കൃത്യനിഷ്ഠയോടുകൂടി പ്രവർത്തിക്കയും ചെയ്താൽ ഒന്നാംതരം മതഭക്തിയുള്ളവരായിത്തീരും. ശുചിയും സ്നേഹവും ഉള്ളിടത്താണ് ഈശ്വരപത്നിയായ ലക്ഷ്മി നൃത്തം ചെയ്യുന്നത്. അല്ലാത്ത ഭവനങ്ങളിൽ മൂശേട്ട കുടികൊള്ളുന്നതാണ്. നിങ്ങളുടെ ദൈവം ഏല്പിച്ച കുഞ്ഞുങ്ങളെല്ലാം ഉണ്ണിക്കൃഷ്ണന്മാരാണെന്നു സങ്കല്പിച്ച് അവരെ രാജ്യത്തിനുപകാരികളാക്കിത്തീർത്താൽ നിങ്ങൾക്ക് ഐശ്വര്യവും മോക്ഷവും തനിയെ സിദ്ധിക്കുന്നതാണ്. ഇതിൽക്കവിഞ്ഞ് ഒരു മതോപദേശവും നിങ്ങൾക്കു ചെയ്തുതരാൻ എൻറെ പക്കൽ ഇല്ല. ഈ മാതിരി കാര്യങ്ങളെല്ലാമാണ് കരയോഗം കൊണ്ടു ണ്ടാകുന്നതെന്നുമാത്രം പറഞ്ഞ് ഞാൻ ചുരുക്കുന്നു.

ഇത്രയധികം നായന്മാരും ഇത്രയും വിദ്യാഭ്യാസവുമുള്ള ഈ നാട്ടിൽ നായർ സമുദായ പരിഷ്ക്കാരത്തെപ്പററി ്് ഒരാലോചന പോലും ഉണ്ടാകുന്നില്ലല്ലോ എന്നോർക്കുമ്പോൾ വ്യസനമുണ്ട്. നായർ പ്രത്യേകം സമാജം കൂടണമെന്നു പറയുന്നത് ഒരു ജാതിയെ ഉപദ്രവിക്കാനല്ല, അവരെ കീഴടക്കാനല്ല. നായർ സമുദായത്തിലെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉണ്ടാക്കാനും യുവാക്കന്മാരെ തൊഴിൽ ചെയ്യാൻ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനും നായന്മാരുടെ അവാന്തര ജാതി വിഭാഗം ഇല്ലാതെയാക്കി അവരെ സമുദായമാക്കാനും സമുദായത്തിലെ സാധുജനങ്ങളെ സഹായിക്കാനും വിദ്യാശാല, വായനശാല മുതലായവ ഉണ്ടാക്കാനുംവേണ്ടി ഒരു പൊതുസ്വത്തു ശേഖരിക്കാനും സഹോദരസമുദായങ്ങളെയും സാധുസമുദായങ്ങളെയും സഹായിക്കാനുമാണ്. നായർ സമാജം ഇങ്ങനെ കൂടി ശ്രമിക്കുന്നതിന്റെ പ്രയോജനം തിരുവിതാംകൂർ നായന്മാർ അനുഭവിച്ചു തുടങ്ങിയിട്ടുണ്ട്. അവരുടെ അവശതകളുടെ ആഴം അവർ കണ്ടറിഞ്ഞ് അതിനു പരിഹാരമാർഗ്ഗം നേടിക്കഴിഞ്ഞിരിക്കുന്നു.
മലബാർ നായന്മാരെപ്പറ്റി ഞങ്ങൾ അധികമൊന്നും പഠിച്ചില്ലെങ്കിലും കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള നായർ സമുദായത്തിൻറെ ഞരമ്പുവേദനതന്നെയാണ് മലബാറിലുള്ളതെന്ന് ഞങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നായന്മാരുടെ അധഃപതനത്തിൻറെ ആഴം കാണാൻ അവരുടെ പൂർവ്വചരിത്രം ആദ്യമായി പഠിക്കണം. കേരള ചരിത്രവും നായരുടെ ചരിത്രവും ഒന്നാണെന്നു കാണുമ്പോൾ നമ്മുടെ പൂർവചരിത്രമഹിമ ഏതാണ്ടു മനസ്സിലാകുന്നതാണ്. കേരളം ഭരിച്ചത് നായന്മാരായിരുന്നു. അന്ന് നായർ എന്ന ഒരു സമുദായമല്ലാതെ വേർതിരിഞ്ഞ ജാതി ഇല്ലായിരുന്നു. നായർ സമുദായശരീരത്തിലെ ശിരസ്സുകളായിരുന്നു നമ്മുടെ രാജാക്കന്മാർ. ഈ അറിവുണ്ടായിരുന്നെങ്കിൽ ഇന്നത്തെ അദ്ധ്യക്ഷനെ നായർ സമാജയോഗാദ്ധ്യക്ഷനായി ക്ഷണിക്കാൻ സ്വാഗതപ്രസംഗകർത്താവു ശങ്കിക്കയില്ലായിരുന്നു. നായർ സമുദായത്തിനു പറ്റിയ ഒരബദ്ധം, അസമത്വവിശ്വാസവും തന്മൂലമുണ്ടായ ജാതിപ്പിരിവുമായിരുന്നു.
**ചട്ടമ്പിസ്വാമി തിരുവടികളെ സ്മരിച്ചു കൊണ്ട്***

***1934 - മാഞ്ഞൂർ നായർ സമ്മേളനം പ്രസംഗം***
*സംഖ്യാബലമല്ല, പൗരുഷമാണ് പ്രധാനം
എന്നാൽ ഈ പ്രദേശത്തെ പ്രബലസമുദായമായ കത്തോലിക്കാ സമുദായം ഇവിടെ നടക്കുന്ന ഭയങ്കരങ്ങളായ ദുസ്സംഭവങ്ങളൊന്നും അറിഞ്ഞിട്ടില്ലാത്ത മട്ടിൽ മൗനം ദീക്ഷിക്കുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. അവരുടെ കൂട്ടത്തിൽ ധർമ്മബോധമുള്ളവരും ദീനദയാലുക്കളും ആരുമില്ലെന്നു മൗനം കൊണ്ടു വിളിച്ചു പറയുകയാണോ ചെയ്യുന്നത്? ക്രിസ്ത്യൻ മനുഷ്യനെ എങ്കിലും നേർവഴി നടത്താൻ ബാദ്ധ്യതയുള്ള കത്തനാരന്മാർക്ക് അവരുടെ കുഞ്ഞാട്ടിൻകൂട്ടം മനുഷ്യവേട്ട നടത്തുന്ന കടുവാക്കുട്ടികളാകുന്നതു കണ്ടുകൊണ്ടിരിക്ക മാത്രമാണോ കൃത്യം? മെത്രാനും കത്തനാരും ക്രിസ്ത്യൻ പ്രമാണികളും അമ്മയും സഹോദരിമാരും ഉണ്ടെന്നുള്ള ഓർമ്മയോടും തന്നെപ്പോലെ മറ്റുള്ളവരേയും കാണണമെന്നുള്ള ഉപദേശസ്മരണയോടും കൂടിയാണ് ജീവിക്കുന്നതെങ്കിൽ ജീവനില്ലാത്ത കന്യകാമറിയത്തിൻറെ മൺപ്രതിമ കള്ളുകുടിച്ചു ബോധരഹിതനായ ഒരു നായർ തള്ളിയിട്ടു പൊട്ടിച്ചപ്പോഴുണ്ടായ ആവേശത്തിലും കവിഞ്ഞ ആവേശം ജീവനുള്ള കന്യകാലക്ഷ്മിയുടെ മാനഹാനിയും ജീവഹാനിയും വരുത്തി എന്നു കേട്ടപ്പോൾ അവർക്ക് ഉണ്ടാകേണ്ടതായിരുന്നു.

ഇനി ഇക്കാര്യം സംബന്ധിച്ചുള്ള ഉദ്യോഗസ്ഥ നടപടികളെക്കുറിച്ചുകൂടി നമുക്കല്പം ചിന്തിക്കേണ്ടതായിട്ടുണ്ട്. സ്ഥലത്തെ അധികാരികളോ അവരുടെ മേലധികാരികളോ ഈ കേസിൻറെ ഗൗരവത്തിനു തക്കവണ്ണം വേണ്ട പ്രവൃത്തികൾ ചെയ്തിട്ടില്ലെന്നു നിശ്ചയമാണ്. അപമാനം അനുഭവിച്ചതും മരിച്ചതും ഒരു സാധു നായർ സ്ത്രീ. അവർ സംഘടനയില്ലാത്ത ഒരു സമുദായത്തിൽപ്പെട്ടവരായതുകൊണ്ട് പേരിനു മാത്രമുള്ള അന്വേഷണംകൊണ്ട് അവർ തൃപ്തിപ്പെട്ടുകൊള്ളുമെന്നു പോലീസധികാരികളും ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു.

ഊർജ്ജിതമായ അന്വേഷണം നടത്തിയതിൻറെ ഫലമായി പുള്ളിയേയും തൊണ്ടിയേയും കിട്ടിയിട്ടില്ലാത്തതിനാൽ വിവരം ബോധിപ്പിച്ചു കൊള്ളുന്നു എന്നു റിപ്പോർട്ട് എഴുതുന്ന പോലീസ് ഇൻസ്പെക്ടർമാർ മുമ്പുണ്ടായിരുന്നു. ഈ കേസിലെ റിപ്പോർട്ട് നമുക്ക് കണ്ടറിയേണ്ടതാണ്. ഘോരാപരാധം ചെയ്ത മുഷ്ക്കരന്മാർ യഥേഷ്ടം സ്വതന്ത്രമായി വിഹരിക്കുന്നു. ദിവസം പതിനഞ്ച് കഴിഞ്ഞു. ഇത്രയേ പുറമേ നില്ക്കുന്ന നമുക്ക് ഇതു സംബന്ധിച്ച് ഗ്രഹിക്കാൻ കഴിയുന്നുള്ളൂ. നമ്മുടെ നിർഭാഗ്യത്തിന് ഇവിടുത്തെ പോലീസധികാരികൾ നായന്മാരായിത്തീർന്നു. നായരുദ്യോഗസ്ഥന്മാരിൽ പലരിലും ഇന്നു കാണുന്ന ഒരു ന്യൂനത ഇവരിലും ഉണ്ടെന്നാണെൻറെ വിശ്വാസം.  നായരോടു നീതി ചെയ്താൽ അത് സ്വജനപക്ഷപാതമാണെന്ന് അന്യജാതിക്കാർ തെറ്റിദ്ധരിച്ചെങ്കിലോ എന്നുള്ള ഭീരുത്വം കൊണ്ട് നായരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ യോഗ്യനായ നായരുദ്യോഗസ്ഥനു പോലും ഉദാസീന മനോഭാവം ഉണ്ടാകാതിരിക്കുന്നതല്ല. അതാണ് ഇവിടെയും കാണുന്ന ക്ഷീണം. അപമാനം അനുഭവിച്ചതാര്? മരിച്ചതാര്? നായർ സ്ത്രീ. അപമാനിച്ചതാര്, കൊന്നതാര്? ക്രിസ്ത്യാനി. എനിക്ക് ഈ ബഹുമാന്യരായ ഉദ്യോഗസ്ഥരോട് ഒന്നു ചോദിക്കാനുണ്ട്. പാലായിലെ മൺപ്രതിമ പൊട്ടിച്ച ബോധരഹിതനായ നായരെ മരിക്കത്തക്കവണ്ണം ചതച്ചു പിഴിയുകയും മൂത്രം

കുടിപ്പിക്കുകയും ചെയ്ത ക്രിസ്ത്യൻ സംഘത്തിന്റെ അക്രമ പ്രവർത്തികളെപ്പറ്റി ഏതെങ്കിലും ഉദ്യോഗസ്ഥൻ ഒരന്വേഷണം നടത്തീട്ടുണ്ടോ? നീതിയേയും നിയമത്തേയും വിസ്മരിച്ചാലും ദീനദയാലുത്വവും ദൈവസ്മരണയും എങ്കിലും വേണ്ടതായിരുന്നില്ലേ? ലോകത്തിൽ ഇതുവരെ കേട്ടിട്ടില്ലാത്തവണ്ണം അപായകരമായ ഹേമദണ്ഡം നിമിത്തം ആശുപത്രിയിൽ കിടക്കുന്ന പ്രതിയുടെ സമീപത്തു ചെന്ന് ഏതാനും നിമിഷനേരം കൊണ്ടു വിസ്താരം പൂർത്തിയാക്കി അയാൾ മരിച്ചു പോയെങ്കിൽ ശിക്ഷ നടത്താൻ സാദ്ധ്യമല്ലാതെ വന്നെങ്കിലോ എന്നു ശങ്കിച്ചു തിടുക്കം കൂട്ടിയത് കത്തോലിക്കാ ശക്തിയിലുള്ള ഭ്രമം കൊണ്ട് അവരെ തൃപ്തിപ്പെടുത്താം എന്നല്ലാതെ പൊതുജനങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുമോ? കത്തോലിക്കൻറെ ആവശ്യപ്രകാരം മജിസ്ട്രേട്ടിനെ നിന്ന നില്പിൽ സ്ഥലം മാറ്റാൻ സന്നദ്ധമായില്ലേ? അവിടുത്തെ പോലീസുകാരിൽ ചിലരെ നിയമപ്രകാരം സ്ഥലംമാറ്റി കത്തോലിക്കരെ സാന്ത്വനപ്പെടുത്താൻ സന്നദ്ധനായ ഡി.എസ്. പി. തന്നെയാണോ ഇപ്പോഴും ഈ ഡിവിഷൻ ഭരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. മൺപ്രതിമയുടെ നാശത്തിൽ ക്ഷോഭിച്ച കത്തോലിക്കരുടെ ശാന്തതയ്ക്കുവേണ്ടി ബദ്ധശ്രമനായ അദ്ദേഹം ഈ അപമാനകരമായ ജീവനാശത്തിലും അതേവിധം ശ്രമിച്ചിരുന്നെങ്കിൽ കേസ് കിടക്കുമായിരുന്നോ? ഞങ്ങൾ ഒരൊറ്റ നായർ ഉദ്യോഗസ്ഥനോടും സമുദായത്തിനുവേണ്ടി നീതികേടോ പക്ഷപാതമോ ചെയ്യാൻ ആവശ്യപ്പെടുന്നില്ല. ഞങ്ങളുടെ ന്യായാവകാശങ്ങളും സൈ്വര്യജീവിതവും സംരക്ഷിക്കണമെന്നേ ആവശ്യപ്പെടുന്നുള്ളൂ. ഇപ്പോഴത്തെ ഡി.എസ്.പി.ക്ക് ഞങ്ങളെ സംബന്ധിച്ച ചുമതലയുംകൂടി ഏറ്റെടുക്കാൻ സമുദായബന്ധംകൊണ്ടു സാധ്യമല്ലെങ്കിൽ അദ്ദേഹം തനിയെതന്നെ ഇവിടെ നിന്നും സ്ഥലംമാറിപ്പോകണമെന്നപേക്ഷയുണ്ട്. ഞങ്ങൾ അന്യായ കാര്യങ്ങൾക്കോ അത്യാവശ്യകാര്യങ്ങൾക്കോ പ്രക്ഷോഭണത്തിനൊരുങ്ങുന്നവരല്ലെന്നുള്ളതിന് പാലായിലെ പ്രതിമക്കേസിലെ പ്രതിയെ സംബന്ധിച്ച സംഗതിയെ ഒരു തെളിവായി സ്വീകരിക്കാവുന്നതാണ്. അയാളെ ഹിംസിച്ചതും അയാൾക്കു ലഭിക്കേണ്ട നീതി ലഭിക്കാതെ പോയതും കഷ്ടമാണെന്ന് അന്നും തോന്നാതിരുന്നിട്ടില്ല. എന്നാൽ അയാൾ സൽസ്വഭാവിയല്ലാത്തതുകൊണ്ടും ചെയ്തതു ദുഷ്കൃത്യമായതുകൊണ്ടും അയാളിൽ അനുഭാവത്തിന് ആവശ്യമില്ലെന്നുള്ള അഭിപ്രായം സമുദായത്തിനുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈവിധത്തിൽ ഒരു യോഗംകൂടി ഗൗരവമായി ചിന്തിക്കാതെ ഗത്യന്തരമില്ലെന്നു വന്നതു നിമിത്തം മർമ്മഭേദകമായ ആ ദാരുണ സംഭവത്തിൻറെ കാർക്കശ്യം നിമിത്തം നാം ഇവിടെക്കൂടി ചില നിശ്ചയങ്ങൾ ചെയ്യുകയും നടപടികൾ ആരംഭിക്കുകയും ചെയ്യാൻ ഇടയായതാണെന്ന് അധികാരികൾ ധരിച്ചാൽ കൊള്ളാം. പോലീസുകാരെക്കൊണ്ടു കേസ് നടത്തിക്കാൻവേണ്ടി ഈ യോഗം കൂടീട്ടുള്ളതല്ല. അത് അവരുടെ ധർമ്മബോധവും കൃത്യനിഷ്ഠയും അനുസരിച്ച് ചെയ്തു കൊള്ളട്ടെ. ഒരു സാധുവായ നായർ സ്ത്രീക്ക് അവളുടെ കുടിലിൽ നിർഭയമായി ഉറങ്ങാനുള്ള അവസരം മേലിൽ ഇല്ലാതെ വരരുത്. അതിന് ഇതു സംബന്ധിച്ചുള്ള നടപടികൾ ഊർജ്ജിതത്തിൽ കൊണ്ടുവരേണ്ടതും നാം കരുതലോടുകൂടി ജീവിക്കേണ്ടതും അത്യാവശ്യമാകുന്നു.

നായർക്കു സംഘടന തീരെയില്ലെന്നും അവർ എന്തും സഹിക്കുന്നവരാണെന്നും ക്രിസ്ത്യാനികൾക്കും സർക്കാർ ഉദ്യോഗസ്ഥൻമാരിൽ പലർക്കും ഒരു വിശ്വാസമുണ്ടെന്നു തോന്നുന്നു. ആ തെറ്റിദ്ധാരണ അവർ നീക്കേണ്ടതാണ്. നായർക്ക്

ഒരു സമ്പൂർണ്ണ സംഘടന ഉണ്ടായിക്കഴിഞ്ഞിട്ടില്ലെങ്കിലും അവർ ഒരു സാമാന്യ സംഘടനയിൽപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ യോഗത്തിൽത്തന്നെ കടുത്തുരുത്തി, കുടമാളൂർ, ഏറ്റുമാനൂർ, ഭരണങ്ങാനം എന്നീ യൂണിയനിൽപ്പെട്ടവരും പത്തിരുപതു നാഴിക ദൂരെനിന്ന് വന്നിട്ടുള്ളവരും ഉണ്ടെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? ഒരാഴ്ചകൊണ്ടു സംഘടനയിൽപ്പെട്ട അൻപതിനായിരം നായന്മാരെ ഒരാവശ്യത്തിനുവേണ്ടി വിളിച്ചുകൂട്ടാൻ ഇന്നു നായർ സർവീസ് സൊസൈറ്റിക്കു നിഷ്പ്രയാസം സാധിക്കുന്നതാണ്. ഇതു തെളിയിച്ചു കാണിക്കണമെങ്കിൽ അതിനു ഞാൻ സന്നദ്ധനാണെന്ന് അധികാരികളെയും സഹോദരസമുദായത്തെയും അറിയിക്കുന്നു. അതുകൊണ്ട് ഞങ്ങളും ഒരു സാമാന്യ സംഘടനയിൽപ്പെട്ടവരാണെന്നു നിങ്ങളും വിശ്വസിക്കുന്നതു നന്ന്. ഞങ്ങളുടെ സംഘടന കൊണ്ട് നായർ സ്ത്രീയുടെ അഭിമാനരക്ഷ മാത്രമല്ല നമ്പൂതിരി സ്ത്രീയുടെയും തീയ സ്ത്രീയുടെയും പുലയസ്ത്രീകളുടെയും ക്രിസ്ത്യൻ സ്ത്രീകളുടെയും അഭിമാനരക്ഷയുംകൂടി ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിനു നമുക്കു വേണ്ട പണമില്ലെന്നു ചിലർ  കലേശിക്കുന്നതായി കേട്ടു. അവരോട് എനിക്ക് ഒന്നേ പറയാനുള്ളൂ. സർവീസ് സൊസൈറ്റിക്കു ഗൗരവമായ പല ചുമതലകളും വഹിക്കാനുണ്ടെങ്കിലും അതിനു പണം മതിയാകാതെയാണിരിക്കുന്നതെങ്കിലും ഇതിൻറെ വിജയത്തിന് അത്യാവശ്യമുള്ള പണം ചെലവുചെയ്യാൻ സർവീസ് സൊസൈറ്റി ഭാരവാഹികൾ അനുവദിക്കാതിരിക്കയില്ലെന്നാണ് എൻറെ വിശ്വാസം.

അതിനാൽ നിങ്ങൾ ക്ഷീണചിത്തന്മാരും നിരാശരും ആകാതെ പൊതുജനക്ഷേമാർത്ഥം സംഘടിതമായ സമുദായശക്തി ഉണ്ടാക്കാനും ശക്തന്മാരായിത്തീരാനും ശ്രമിക്കണമെന്നു മാത്രമേ എനിക്കു നിങ്ങളോടു പറയാനുള്ളൂ. നിങ്ങൾ അശാന്തന്മാരാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. ആവശ്യമുള്ള കാര്യങ്ങളെ ആലോചനാപൂർവ്വം ചെയ്യാൻ നിങ്ങൾ പ്രതിനിധികൾ സന്നദ്ധരാണെന്നു വിശ്വസിച്ച് നിങ്ങൾ നിങ്ങളുടെ ജോലി നോക്കിക്കൊള്ളുവിൻ. ഇപ്പോൾത്തന്നെ സമയം അതിക്രമിച്ചിരിക്കുന്നതിനാൽ ഞാൻ എൻറെ പ്രസംഗം ഈ വിധത്തിൽ ഉപസംഹരിക്കുന്നു.

***മന്നത്തപ്പൻ വചനങ്ങൾ (വിജ്ഞപ്തിപ്രസംഗം - തുടർച്ച)***
***കരുവാറ്റ ഹൈസ്കൂൾ***

സർവീസ് സൊസൈറ്റിയുടെ മൂന്നാമത്തെ ഹൈസ്കൂൾ കരുവാറ്റ സ്കൂൾ ആകുന്നു. ഈ സ്കൂളിന്റെ ചരിത്രത്തെപ്പറ്റി ഇന്നലെത്തെ റിപ്പോർട്ടിൽ വിശദപ്പെടുത്തിയിരുന്നതുകൊണ്ട് തൽക്കാലം ഒന്നും പറയണമെന്ന് വിചാരിക്കുന്നില്ല.

*മറ്റു വിദ്യാലയങ്ങൾ*

പ്രസിദ്ധ ധനവാനായ ചാലയിൽ രാമകൃഷ്ണപ്പണിക്കർ അവർകളുടെ ചുമതലയിൽ നടത്തുന്ന കാവാലം ഇംഗ്ലീഷ് സ്കൂളും  മി. പട്ടിരേത്ത് രാഘവൻപിള്ളയുടെ ഭരണത്തിൽ നടത്തുന്ന പന്തളം ഇംഗ്ലീഷ് സ്കൂളും മി. നാരായണപിള്ളയുടെ മേൽനോട്ടത്തിൽ നടത്തുന്ന മാണിക്യമംഗളം ഇംഗ്ലീഷ് സ്കൂളും വൈക്കം  എൻ. രാമകൃഷ്ണപിള്ള അവർകളുടെ ഭരണത്തിലുള്ള പാൽക്കുളങ്ങര സ്കൂളും തൊടുപുഴ, കറുകച്ചാൽ, റാന്നി (മാടമൺ) ഈ സ്ഥലങ്ങളിൽ നടത്തുന്ന മലയാളം സ്കൂളുകളും

സൊസൈറ്റിവകയാകുന്നു. വടവൂരുള്ള പാറക്കടവിലും തിരുവല്ലയിലെ വായ്പൂരും അടുത്തള്ള ഇടവത്തിൽ സൊസൈറ്റിവക പുതിയ സ്കൂൾ ആരംഭിക്കാനുള്ള ജോലി നടന്നുകൊണ്ടിരിക്കുന്നു. ഈ വിധത്തിൽ സൊസൈറ്റിയുടെ വിദ്യാലയശാഖ ക്രമേണ പുഷ്ടിപ്പെടത്തക്കവണ്ണം അത് വേരുറച്ചുവരുന്നുണ്ട്.

*സൊസൈറ്റിയുടെ സ്വത്ത്*

സർവീസ് സൊസൈറ്റിയിൽ ഭൂസ്വത്തും കെട്ടിടങ്ങളും സാധനസാമഗ്രികളും ഉൾപ്പെടെ നാലുലക്ഷത്തിലധികം രൂപ സ്വത്തുണ്ട്.

ഏതു സമുദായത്തിലും ഏതു കാലത്തും ബുദ്ധിമാനും ബുദ്ധിയില്ലാത്തവനും എന്നിങ്ങനെ രണ്ടു കൂട്ടർ കാണും. ബുദ്ധിയും സ്വാധീനശക്തിയും ഉള്ളവർ അതു രണ്ടും കുറഞ്ഞവരുടെ പ്രമാണിയാകുന്നതും അവരെ നയിക്കുന്നതും ഏതു പരിഷ്കൃതരാജ്യത്തും ഇന്നുമുള്ള ഏർപ്പാടാണ്. അങ്ങനെ പ്രമാണിക്കുന്നവർ വേറൊരു ജാതിയാകുന്നതു മാത്രമേ നടപ്പില്ലാതുള്ളൂ. നായർ സമുദായത്തിൽ ധനം കൊണ്ടോ ശേഷി കൊണ്ടോ സ്വാധീനശക്തികൊണ്ടോ പൊന്തിവന്നവരെയെല്ലാം അപ്പോഴപ്പോൾ പ്രത്യേക ജാതിയാക്കി സമുദായത്തിൽനിന്നും വേർതിരിക്കുന്ന ജാതിവ്യവസ്ഥ വന്നപ്പോൾ,  നായർ സമുദായമെന്നു പറയുന്ന ജനസാമാന്യം പിശിടുകൾ മാത്രമാണെന്നു വന്നു. ജാതി പിരിഞ്ഞാൽ ശ്രേഷ്ഠമായെന്നുള്ള ഉൽക്കർഷമോഹം കൊണ്ട്  അവരും നായരല്ലാതെയാവാൻ ശ്രമിച്ചതു നിമിത്തം ഇന്നു നായർ സമുദായം എന്നൊന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ തെറ്റായ ധാരണ മാറി ആചാരം, വിശ്വാസം, ജീവിതം ഇവകൊണ്ട് ഇന്നും തുല്യതയുള്ള സാമാന്യ നായന്മാരും ഇടപ്രഭുക്കന്മാരും കേരളത്തിലെ രാജാക്കന്മാരും ഒരു ശോഭനമായ പൂർവചരിത്രമുള്ള നായർ സമുദായത്തിൽപ്പെട്ടവർത്തന്നെ എന്നു വിശ്വസിച്ച് സമുദായം നന്നാകാനും ഒന്നാകാനും ശ്രമിച്ചിരുന്നെങ്കിൽ എത്ര വേഗത്തിൽ നമുക്ക് മുമ്പോട്ടു പോകാമായിരുന്നു. ആ വിചാരം ഉണ്ടാകാതെ, നായർ സമുദായത്തിൽപ്പെട്ടവരെന്നു പറയുന്നത് അപമാനമാണെന്നു പറയുന്ന പ്രഭുക്കന്മാരോടു തല്ക്കാലം യാത്ര പറയുകയേ ഗതിയുള്ളൂ. എന്നാൽ നായർ സമുദായോൽക്കർഷം തൻറേയുംകൂടി ഉൽക്കർഷമാണെന്നു വിശ്വസിച്ച് ഇന്നത്തെ അധ്യക്ഷസ്ഥാനം സ്വീകരിച്ച വീരരായൻരാജ അവർകളോടു ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കുന്നതാണ്.

***(26-11-1125 (1950)ൽ നാഗർകോവിലിൽവെച്ചു കൂടിയ ഹിന്ദുമഹാമണ്ഡലത്തിൽ ചെയ്ത പ്രസംഗം)***

*ജാതിഭേദവും ഉച്ചനീചത്വവും ഉച്ചാടനം ചെയ്യുക, സ്വരക്ഷയ്ക്കുവേണ്ടി യോജിച്ചു നില്ക്കുക*

ഹിന്ദു സമുദായം പല കാരണം കൊണ്ടും അധഃപതിച്ചു വരുകയാണെന്ന് എല്ലാവരും സമ്മതിക്കും. അത് ഇപ്പോൾ മൂർധന്യ ദശയിലെത്തിയിരിക്കുകയാണ്. നൂറു കൊല്ലത്തിനു മുമ്പ് എൺപത്തിയേഴ് ശതമാനം ഹിന്ദുക്കൾ ഈ രാജ്യത്തുണ്ടായിരുന്നു. സെന്റ് തോമസ് വന്ന് 1800 കൊല്ലം കഴിഞ്ഞിട്ടും തുടർന്നു മതപരിവർത്തനം നടത്തിയിട്ടും നമുക്ക് തീണ്ടലും തൊടീലും ഉണ്ടായിരുന്നിട്ടും പത്തു ശതമാനം ക്രിസ്ത്യാനികളേ ഈ രാജ്യത്തുണ്ടായിരുന്നുള്ളൂ. ബ്രിട്ടീഷ് ഭരണകാലത്താണ്

ക്രിസ്ത്യാനികൾ വർദ്ധിച്ചു മൂന്നിലൊന്നായത്. എങ്കിലും അന്ന് ഇതൊരു ഹിന്ദുരാജ്യമായിരുന്നു. ഹിന്ദു രാജാവാണ് ഭരിച്ചിരുന്നത്.

രാജാവു പോയി മതേതരരാഷ്ട്രം വന്നു. കോൺഗ്രസ്സിൻറെ ജനകീയം വന്നു ഭരണമേറ്റെടുത്തു. കോൺഗ്രസ്സിനെയും ഗാന്ധിജിയെയും അധിക്ഷേപിച്ചുകൊണ്ടിരുന്നവർ ബ്രിട്ടീഷുകാർ പോകുമെന്നു തീർച്ചയായപ്പോൾ സി.പി. രാമസ്വാമി അയ്യരെ ഓടിക്കാൻ വേണ്ടിയെങ്കിലും കോൺഗ്രസ്സ്കാരായവരാണ്. എന്നാൽ ഇപ്പോൾ അവരുടെ ഭാവം കണ്ടാൽ ഇവിടെ മാത്രമല്ല ഇൻഡ്യയ്ക്കുതന്നെ സ്വാതന്ത്ര്യം സമ്പാദിച്ചത് ഈ ഒന്നര ശതമാനക്കാരാണെന്നു തോന്നും.

ഹിന്ദുക്കൾ ജനസംഖ്യയിലും സാമ്പത്തിക നിലയിലും ഭരണാധികാരകാര്യങ്ങളിലും ദിവസേന പുറന്തള്ളപ്പെടുകയാണ്. സ്വരക്ഷയ്ക്കു വേണ്ടിയെങ്കിലും അവർക്കു യോജിച്ചു നില്ക്കാൻ കഴിയാതെ പോകുന്നു. നാം അന്യോന്യം അവിശ്വസിക്കുകയും മത്സരിക്കുകയും ചെയ്യുന്നു. ഇതിനെല്ലാം മൂലകാരണമായി നില്ക്കുന്നത് നമ്മുടെ ജാതിഭേദവും ഉച്ചനീചത്വങ്ങളുമാണ്. നായരും ഈഴവനും ബ്രാഹ്മണനും നാടാനും എന്നുള്ള ശബ്ദംതന്നെ ഇല്ലാതായി. നാമെല്ലാം ഹിന്ദുക്കൾ മാത്രമാണെന്നുള്ള വിശ്വാസത്തിൽ ഹിന്ദുസമുദായം കെട്ടിപ്പടുക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണ് ഹിന്ദുമണ്ഡലം ഉണ്ടാക്കിയിട്ടുള്ളത്. ഹിന്ദുവിൻറെ എല്ലാ അവശതയ്ക്കും പരിഹാരം അതുമൂലം ഉണ്ടാക്കാൻ കഴിയും. ഹിന്ദുമണ്ഡലശബ്ദം ഹിന്ദുക്കളെ എങ്ങനെ ആനന്ദതുന്ദിലരാക്കുന്നോ അതുപോലെ എതിർകക്ഷികളെ ഇടിനാദംപോലെ ഭയപ്പെടുത്തുന്നുമുണ്ട്. അതിനു പ്രതിബന്ധം ഉണ്ടാക്കാനും നശിപ്പിക്കാനും അവരുടെ കയ്യിലുള്ള ഗവണ്മെന്റുൾപ്പെടെ ഭഗീരഥപ്രയത്നം ചെയ്യുന്നുമുണ്ട്. ക്രിസ്ത്യാനിയുടെ ഏകവർഗമേധാവിത്വമാണ് ഇവിടെ തലപൊന്തി നിൽക്കുന്നത്. ആ നേര് പറയുന്നവരെ വർഗീയവാദികളെന്നു പറഞ്ഞ് എതിർക്കാൻ മൂന്നു ഹിന്ദു മന്ത്രിമാരെയും അവരുടെ ദ്വാരപാലകന്മാരായി ഏതാനും പേരെയും കിട്ടിയിട്ടുണ്ട്. സർദാർ പട്ടേലിനെപ്പോലും തെറ്റിദ്ധരിപ്പിക്കുന്നത് ഈ പിണിയാളുകൾ മുഖാന്തിരമാണ്. അദ്ദേഹം തനി കോൺഗ്രസ്സുകാരനാണെങ്കിലും നമ്മുടെ മന്ത്രിമാരെപ്പോലെ ഹിന്ദുത്വം വിട്ടയാളല്ല. ഇന്നും ഭൂരിപക്ഷം ഹിന്ദുക്കളുള്ള ഈ രാജ്യത്ത് പ്രായപൂർത്തി വോട്ടവകാശം സിദ്ധിച്ച കാലത്ത് അസംബ്ലിയിൽ ഭൂരിപക്ഷം ഹിന്ദു മെമ്പറന്മാരും ഭൂരിപക്ഷം ഹിന്ദു മന്ത്രിമാരും ഉള്ളപ്പോൾ ന്യൂനപക്ഷ ക്രിസ്ത്യാനി ഹിന്ദുക്കളെ അടക്കി ഭരിക്കുകയും ദ്രോഹിക്കയും ചെയ്യുന്നു എന്നു പറഞ്ഞാൽ അദ്ദേഹത്തിനു മനസ്സിലാകുന്നില്ലെങ്കിൽ അതു തെറ്റല്ല. അസംബ്ലിയിലെ നമ്മുടെ സ്വന്തം സഹോദരന്മാർ എത്ര പറഞ്ഞാലും പൗരുഷശാലിയായ അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധ്യമല്ല. നമുക്കല്ലേ നേര് അറിഞ്ഞുകൂടൂ.

അടുത്ത തലമുറയെങ്കിലും അഭിമാനബോധത്തോടും രാജ്യസ്നേഹത്തോടുംകൂടി ഉണ്ടാകുമെന്നാശിക്കാൻ പോലും മാർഗം കാണുന്നില്ല. വിദ്യാഭ്യാസം കൊണ്ടാണല്ലോ മനുഷ്യൻ നന്നാകേണ്ടത്. കിരാത ഭരണക്കാരൻ സി.പി. രാമസ്വാമി അയ്യർ വിശാല വീക്ഷണത്തോടുകൂടി ദേശീയ വിദ്യാഭ്യാസം നടപ്പിൽ വരുത്തിയതിനെ ഇപ്പോഴത്തെ ജനകീയ ഗവൺമെൻറ് "അന്തരീക്ഷ"ത്തിലേയ്ക്കു കൈമാറ്റം ചെയ്തു കഴിഞ്ഞു. പള്ളിമുറ്റത്തു കത്തനാരുടെ നേതൃത്വത്തിൽ ക്രിസ്ത്യൻ വാദ്ധ്യാരും കന്യാസ്ത്രീയും പഠിപ്പിച്ചു വളർത്തുന്ന ഹിന്ദു, ഒരു ക്ഷേത്രം തീവെച്ചു നശിപ്പിച്ചാൽ അത്രയും അന്ധത

തീർന്നെന്നു പറയുന്ന അനേകം നേതാക്കളെ സൃഷ്ടിക്കാൻ ഇടയാക്കും. കുട്ടികളെല്ലാം രാജ്യത്തിൻറെ സ്വത്താണെന്നാണ് പരിഷ്കൃതലോകം പറയുന്നത്. എന്നാൽ കത്തോലിക്കർ പറയുന്നത് കുട്ടികൾ രാജ്യത്തിൻറെ സ്വത്തല്ല, മാതാപിതാക്കളുടെ സ്വന്തമാണെന്നാണ്. മെത്രാൻമാരുടെ നിർദേശപ്രകാരം അന്തരീക്ഷത്തിൽ വളർത്തിയില്ലെങ്കിൽ ക്രിസ്ത്യാനിറ്റി തകർന്നു പോകുമെന്നാണ് അവരുടെ അഭിപ്രായം. മനുഷ്യനെ എന്നെന്നേയ്ക്കുമായി വേർതിരിച്ചു നിർത്തുന്ന അന്തരീക്ഷ സംരക്ഷണത്തിനായിട്ടാണോ രാജ്യഭരണം നടത്തുന്നത്? അതുപറഞ്ഞാൽ മന്ത്രിപീഠം ഒഴിഞ്ഞു കൊടുക്കേണ്ടി വരുന്ന അന്തരീക്ഷത്തിൽ രാജ്യത്തെക്കാൾ മന്ത്രിപദവിയെ കാംക്ഷിക്കുന്ന മന്ത്രിമാർ ഭരിക്കുമ്പോൾ ദേശീയ വിദ്യാഭ്യാസം വർഗീയ വിദ്യാഭ്യാസമായി മാറുന്നതു സ്വാഭാവികമാണ്. നമ്മുടെ ഭണ്ഡാരത്തിൽ നിന്നും കൊല്ലം തോറും നാലപതു ലക്ഷം രൂപയാണ് ഇവർക്കു ഗ്രാൻറായി കൊടുക്കാൻ അനുവദിച്ചിരിക്കുന്നത്. അതിൻറെ പരോക്ഷമായ പ്രയോജനം ക്രിസ്ത്യൻ മതപ്രചരണമാണെന്നും ഓർത്തു കൊള്ളണം.

*ജാതിഭേദവും ഉച്ചനീചത്വവും ഉച്ചാടനം ചെയ്യുക, സ്വരക്ഷയ്ക്കുവേണ്ടി യോജിച്ചു നില്ക്കുക (രണ്ടാം ഭാഗം (2/3))*
*ജാതിഭേദവും ഉച്ചനീചത്വവും ഉച്ചാടനം ചെയ്യുക, സ്വരക്ഷയ്ക്കുവേണ്ടി യോജിച്ചു നില്ക്കുക (അവസാന ഭാഗം (3/3))*

ഒരു കാര്യവും കൂടി പറഞ്ഞിട്ട് എൻറെ പ്രസംഗം അവസാനിപ്പിച്ചേക്കാം. നാഗർകോവിലിൽ ഹിന്ദുക്കൾക്ക് ഒരു കോളേജ് ഇല്ലാത്തതുകൊണ്ടുള്ള ക്ളേശവും ഹിന്ദുമണ്ഡലം ആ ചുമതല ഏറ്റെടുക്കണമെന്നുള്ള താല്പര്യവും സ്വാഗതപ്രസംഗം ചെയ്ത ശ്രീ ആറുമുഖംപിള്ള ഒട്ടൊക്കെ വെളിപ്പെടുത്തി. തെക്കൻ തിരുവിതാംകൂറിലും ഭൂരിപക്ഷം ഹിന്ദുക്കളാണ്. ഇന്നും ധാരാളം ധർമ്മസ്ഥാപനങ്ങളും പണക്കാരായ പ്രമാണികളും ഉള്ള ദിക്കാണിത്. ഒരു കോളേജുണ്ടാക്കാൻ അത്ര വലിയ പ്രയാസമൊന്നുമില്ല. അതെല്ലാം ക്രിസ്ത്യാനിയെ കണ്ടു പഠിക്കേണ്ടതാണ്. ഇവിടെത്തന്നെ എത്ര ആശുപത്രികളും സ്കൂളുകളും കോളേജും അവർക്കുണ്ട്? ഇവിടുള്ളവരുടെ പണം കൊണ്ട് അവർ ഉണ്ടാക്കിയതാണ്. ആ വഴിയേ നിങ്ങൾക്കും സഞ്ചരിക്കരുതോ?

ഇവിടുത്തെ എൻ.എസ്. എസ്. കോളേജിൽ ഹിന്ദുക്കൾക്ക് വേണ്ടത്ര പ്രവേശനം കൊടുക്കുന്നില്ലെന്നും പല ക്രിസ്ത്യൻ കോളേജുകളിലും ക്രിസ്ത്യൻ കുട്ടികൾ ഇല്ലാതെ വന്നെങ്കിലേ ഹിന്ദുക്കളെ ചേർക്കാറുള്ളൂ എന്നും അവർക്ക് വേണ്ടാത്ത വിഷയങ്ങളേ കൊടുക്കാറുള്ളൂ എന്നും പരാതിയുണ്ട്. എന്തിനു പരാതിപ്പെടുന്നു? അതവരുടെ ആവശ്യത്തിനുണ്ടാക്കിയതാണ്. ബാക്കിയുണ്ടെങ്കിൽ തരും. മതേതര രാഷ്ട്രത്തിലും അന്തരീക്ഷമുള്ളിടത്തും അത്രേ സാധിക്കൂ. നിങ്ങൾക്കാവശ്യമുള്ളത് നിങ്ങൾ ഉണ്ടാക്കിക്കൊള്ളണം.

ഇത് അസാധ്യമായ ഒരു കാര്യമായി ഞങ്ങൾ എണ്ണുന്നില്ല. വിഭാഗീയ ചിന്ത ഇല്ലാത്ത ഈ രാജ്യത്ത് ഹിന്ദുക്കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാൻ വളരെ അസൗകര്യമുണ്ടാകുന്നു എന്നു കണ്ടപ്പോൾ ഹിന്ദു സമുദായത്തിലെ ചില വിഭാഗക്കാർ ചെറിയ ചില ശ്രമങ്ങൾ ചെയ്തു നോക്കി. ഫലപ്പെട്ടുവരുന്നു എന്നു കാണാം. സർവീസ് സൊസൈറ്റി

തിരുവനന്തപുരത്ത് മഹാത്മാഗാന്ധി കോളേജും ചങ്ങനാശ്ശേരിയിൽ ഒരു ഹിന്ദു കോളേജും പന്തളത്ത് ഒരു എൻ.എസ്. എസ്. കോളേജും ആരംഭിച്ചിട്ടുണ്ട്. പെരുന്താന്നിയിൽ ഒരു ഒന്നാം ഗ്രേഡ് കോളേജും സനാതനധർമ്മസംഘം ആലപ്പുഴെ ഒരു ഒന്നാം ഗ്രേഡ് കോളേജും നടത്തുന്നുണ്ട്. ഈ രാജ്യത്തെ ഹിന്ദുക്കൾക്ക് അഞ്ചര കോളേജുണ്ടാക്കി നടത്താമെന്നു ബോധ്യമായി. നാലഞ്ചു കൊല്ലത്തെ ശ്രമം കൊണ്ടുണ്ടായതാണ് ഇവ. വലിയ പണക്കാർ കൈനിവർത്തി സഹായിച്ചിട്ടല്ല ഇതുണ്ടായത്. തെണ്ടിയുണ്ടാക്കിയാണ്. ഏതാനും പേർ ത്യാഗപൂർവ്വം സേവനം നടത്തിയാൽ ഇതെല്ലാം ഉണ്ടാവുകതന്നെ ചെയ്യും.

നിങ്ങൾക്കു താല്പര്യമുള്ളപക്ഷം ഹിന്ദുമഹാമണ്ഡലത്തിന് ഇവിടെ ഒരു ഒന്നാം ഗ്രേഡ് കോളേജുണ്ടാക്കാൻ കഴിയുന്നതാണ്. ഞങ്ങളുടെ വടക്കൻ പ്രദേശത്തേക്കാൾ എളുപ്പമാണ്. അൻപതേക്കർ സ്ഥലം മഹാമണ്ഡലത്തിൻറെ പേർക്ക് ഉടനേ എഴുതിവാങ്ങാൻ ശ്രമിക്കണം. ഞങ്ങൾ നിങ്ങളോടൊപ്പം ശ്രമിക്കാൻ തയ്യാറാണ്. ആവശ്യമുള്ള ഒരു കമ്മിറ്റി രൂപീകരിച്ചു പണി ആരംഭിക്കാം. നിങ്ങളുടെ പണം കൊണ്ടുതന്നെ ഇവിടെ കോളേജുണ്ടാക്കിക്കാണിക്കാം. ആത്മവിശ്വാസമുണ്ടെങ്കിൽ എല്ലാം നടക്കും. ഈ രാജ്യത്തെ ഹിന്ദുവിനു യോജിച്ചു നില്ക്കാൻ കഴിയുമെങ്കിൽ അസാധ്യമായി ഒന്നുംതന്നെയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. നാം നാല്പത്തഞ്ചുലക്ഷം ആളുകളില്ലേ? ആണ്ടിൽ ഒരാൾ ഒരു രൂപ വീതം കൊടുത്താൽ നാല്പത്തഞ്ചുലക്ഷം രൂപയായില്ലേ? ആണ്ടുതോറും അഞ്ചു കോളേജ് വീതം പണിയാമല്ലോ; പ്രതിബന്ധമുണ്ടാക്കുന്നവൻറെ മുതുകത്തു പണിയാമല്ലോ. ഒന്നു നോക്കിയാൽ പോരാ. ശരിക്കു തോന്നണം. നിരാശരാകേണ്ട. എല്ലാം ശരിയാകുമെന്നാണ് എൻറെ വിശ്വാസം.
*മന്നത്തപ്പൻ വചനങ്ങൾ (വിജ്ഞപ്തിപ്രസംഗം - തുടർച്ച)*
*വിഷുപ്പിരിവ്*

സൊസൈറ്റിയുടെ പ്രചരണവേലയ്ക്കുള്ള ചെലവിനായി ആണ്ടിലൊരിക്കൽ വിഷുവിൻ നാൾ സമുദായത്തിലെ ഒരംഗം ഒരു ചക്രം സംഭാവന നൽകണമെന്നുള്ള ഞങ്ങളുടെ അഭ്യർത്ഥനയെ സമുദായം സന്തോഷപൂർവം സ്വീകരിക്കുകയും ആദ്യത്തെ കൊല്ലം നാലായിരത്തോളം രൂപാ ഈ ഒരു ചക്രക്കണക്കിന് ആ ഒരു ദിവസം കൊണ്ടു പിരിക്കുകയും ചെയ്തു. പന്ത്രണ്ടു ലക്ഷം നായന്മാരുള്ള ഈ കേരളത്തിൽ ഈ വിധം ലഘുവായ ഒരു സംഭാവന ആണ്ടിലൊരിക്കൽ ചെയ്താൽത്തന്നെ അത് ഒരു വലിയ സംഖ്യയായി പരിണമിക്കുമെന്നും സമുദായത്തിനു ക്ഷേമപ്രദമായ പല കാര്യങ്ങളും അതുകൊണ്ടു ചെയ്യാൻ കഴിയുമെന്നും ബോധ്യമായി. എന്നാൽ അവസരം നോക്കി തല്ലിക്കലക്കുന്ന ഒരു സമ്പ്രദായം നമ്മുടെ സമുദായത്തിൽ പല സന്ദർഭങ്ങളിലും കണ്ടിട്ടുള്ളതുപോലെ ഈ അവസരത്തിലും അല്പം പ്രകാശിക്കാതിരുന്നില്ല. അതുകൊണ്ട് അതിൻറെ പുരോഗമനത്തിന് കൊല്ലം തോറും അല്പാല്പം പ്രതിബന്ധമുണ്ടായിക്കൊണ്ടിരുന്നു. ആ പ്രതിബന്ധത്തെ ജയിക്കത്തക്ക പ്രചരണവേല ചെയ്യാനുള്ള സൗകര്യക്കുറവു നിമിത്തം വന്ന പരാജയം മാത്രമാണ് അതിനുണ്ടാകുന്നതെന്നും ജനസാമാന്യം സൊസൈറ്റിയെ സഹായിക്കാൻ എപ്പോഴും സന്നദ്ധമാണെന്നും ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. സകല നായരും വിഷുവിൻ നാൾ അവരുടെ സമുദായസേവനത്തിന് ഒരു ചക്രം കൊടുക്കുന്ന കാലം എന്നാണോ

സന്നിഹിതമാകുന്നത് അന്ന് നമ്മുടെ സമുദായസംഘടന ശരിപ്പെട്ടതായി വിചാരിക്കാവുന്നതാണ്.

ഒരു വശത്ത് കത്തോലിക്കാ അന്തരീക്ഷം അന്യരാരും കൈകടത്താതെ ഉറപ്പിച്ചു നിർത്തുമ്പോൾ, ഹിന്ദുമത സ്ഥാപനങ്ങളുടെ ഭരണത്തിൽപ്പോലും ക്രിസ്ത്യാനിക്കു കൈകടത്താൻ വാതിൽ തുറന്നു കൊടുക്കയും വേണം. നമ്മുടെ ദേവസ്വം നിയമം ഹിന്ദുക്കളുടെ അഭിപ്രായത്തിനു വിപരീതമായി ക്രിസ്ത്യാനിയെക്കൊണ്ടു കൈപൊക്കിച്ചു പാസ്സാക്കിയെടുത്തു. ദേവസ്വം ഭരണം നടത്തുന്ന ബോർഡംഗങ്ങളെ തിരഞ്ഞെടുക്കാൻ ക്രിസ്ത്യാനിയുടെ നിയന്ത്രണത്തിലുള്ള ഹിന്ദുക്കൾക്ക് അധികാരവും കൊടുത്തു. നാം എന്നെന്നും ആ വിഷയത്തിലും ക്രിസ്ത്യാനിയുടെ അടിമയായിരിക്കണമെന്നാണ് ഇ. ജോൺ പീലിപ്പോസിൻറെ പ്രിയ സുഹൃത്തായ ടി.കെ. നാരായണപിള്ളയുടെയും സഹമന്ത്രിമാരുടെയും ആഗ്രഹം. അതു നിലനിൽക്കാൻ പോകുന്നില്ലെന്ന് ബോധ്യപ്പെടുത്തേണ്ട ബാധ്യത നമുക്കുണ്ട്. ഹിന്ദു മണ്ഡലത്തിൻറെ കൊടിക്കീഴിൽ നാം ഒന്നായി നിന്നുകൊണ്ട് മൃദുസ്വരത്തിൽ പറഞ്ഞാൽ മതി ഈ നിയമം മാറാൻ.

ഹിന്ദുമണ്ഡലം അടിയുറച്ചു വളരണമെങ്കിൽ അതിൻറെ കോൺക്രീറ്റായ ഹരിജനങ്ങളെ ശുദ്ധീകരിച്ച് ഉയർത്തിക്കൊണ്ടു വരണം. ഹിന്ദു മഹാസൗധത്തിൻറെ അടിത്തറയായിരുന്ന ഹരിജനങ്ങളുടെ മീതേ ഈഴവർ മുതലുള്ള പ്രബലസമുദായക്കാർ കാരുണ്യലേശം കൂടാതെ ഉരുക്കുപോലിരുന്നുകളഞ്ഞതുകൊണ്ട് ആയിരക്കൊല്ലമായി ശ്വാസം മുട്ടി ജീവിച്ച അവർ നട്ടെല്ലു നിവർക്കാൻ ഒന്നു മൂരി നിവർത്ത കാലമാണ് ഇത്. സ്തംഭത്തിന് ഇളക്കം പറ്റിയപ്പോഴാണു നാം പരിശോധന ആരംഭിച്ചത്. അടിയിലുള്ള കല്ലുകളിൽ പലതും അവിടെ കാണുന്നില്ല. അന്വേഷിച്ചപ്പോഴല്ലേ മനസ്സിലാകുന്നത് അതെല്ലാം പള്ളിയിലാണെന്ന്. അടിക്കല്ലില്ലാത്ത സ്തംഭം ഇന്ദ്രജാലവിദ്യയിൽ നില്ക്കയാണ്. വീഴാഞ്ഞതു ഭാഗ്യം. വീണിരുന്നെങ്കിൽ ഒട്ടൊക്കെ ഉയർന്ന ഭാഗത്തിരുന്ന തീയരും വെള്ളാളനും നാടാരും നായരും തെറിച്ചു വീണു പർപ്പടകമാകുമായിരുന്നു. മകുടത്തിലിരിക്കുന്ന ബ്രാഹ്മണൻറെ പൊടി കാണുകയില്ലായിരുന്നു. ഇനിയെങ്കിലും കർത്തവ്യകർമ്മബോധത്തോടുകൂടി പശ്ചാത്താപപൂർവ്വം പ്രായശ്ചിത്തം ചെയ്ത് ഹരിജനങ്ങളെ ഉദ്ധരിച്ചാൽ നമുക്ക് അടിയുറച്ചു നില്ക്കാം. ഹിന്ദു സംസ്കാരത്തെ നിലനിർത്താം. അതിനാണ് ഹിന്ദുമഹാമണ്ഡലം ഹരിജന ഫണ്ടുണ്ടാക്കുന്നത്. ഓരോ ഹിന്ദു ഭവനത്തിൽ നിന്നും ഓരോ രൂപയെങ്കിലും ആ ഫണ്ടിലേയ്ക്കു കൊടുക്കണം. ഹരിജനങ്ങൾക്ക് ഈ രാജ്യത്തുണ്ടായിരുന്ന രക്ഷാമാർഗം ഇവിടുത്തെ കോൺഗ്രസ് ഗവണ്മെന്റ് ഇല്ലാതാക്കിക്കഴിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ അതു നമ്മുടെ പ്രത്യേക ചുമതലയുമാണ്. ഗാന്ധിജിയുടെ ഹരിജനങ്ങളെയെല്ലാം അദ്ദേഹത്തിന്റെ അനുയായികളെന്ന് അഭിമാനിക്കുന്ന ഇവിടുത്തെ മന്ത്രിമാർ ക്രിസ്തുജനമാക്കിത്തുടങ്ങിയിരിക്കയാണ്. ജാതിയില്ലാത്ത ക്രിസ്ത്യാനികളുടെ ഇടയിലെ പറയ ക്രിസ്ത്യാനിയെയും പുലയ ക്രിസ്ത്യാനിയെയുംകൂടി ഹരിജനങ്ങളിൽ കലർത്തി  കത്തോലിക്കാ അന്തരീക്ഷം സമ്പൂർണ്ണമാക്കുന്ന വേലത്തരമാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ ഗവണ്മെന്റ് നമ്മെ ഏതെല്ലാം പ്രകാരം ദ്രോഹിച്ചാലും ക്ഷീണിക്കാതെ നമ്മുടെ കാര്യം നോക്കാൻ നമുക്കു തന്നെ കെല്പുണ്ടെന്നു കാണിച്ചു കൊടുക്കണം. ആത്മവിശ്വാസപൂർവ്വം പ്രവർത്തിച്ചാൽ

ഭൂരിപക്ഷക്കാരായ നമ്മുടെ കയ്യിൽ ഗവണ്മെന്റ് തനിയേ വന്നു ചേരുകയില്ലേ? ഉണർവ്വോടുകൂടി ചിന്തിക്കിൻ! പ്രവർത്തിപ്പിൻ!

***മന്നത്തപ്പൻ വചനങ്ങൾ (വിജ്ഞപ്തിപ്രസംഗം - തുടർച്ച)***
*സഹോദരസമുദായോദ്ധാരണം*

അധഃകൃത വർഗ്ഗോദ്ധാരണത്തിനു സൗകര്യമുള്ള പ്രവൃത്തികൾ ചെയ്യുന്ന സാധാരണ പതിവിനു പുറമേ വൈക്കം സത്യാഗ്രഹത്തിൻറെ വിജയത്തിനായി സർവീസ് സൊസൈറ്റിയുടെ ശക്തി മുഴുവൻ വിനിയോഗിച്ചു സഹായിച്ചു. സഞ്ചാര സ്വാതന്ത്ര്യത്തിന്റെ തീണ്ടൽ തൊടീൽ നിമിത്തമുള്ള പ്രതിബന്ധങ്ങളെ നീക്കുന്നതിനായി അവർണ്ണശക്തി വർദ്ധിപ്പിക്കുകയും സവർണ്ണ സഹകരണമുണ്ടാക്കുകയും ചെയ്തു. സത്യഗ്രഹ നായകന്മാരുടെ കൂട്ടത്തിലൊരാളായ മി. കേളപ്പൻനായർ കോൺഗ്രസ്സിലെ ഒരു പ്രവർത്തകാംഗമെന്ന നിലയിൽ അയിത്തോച്ചാടന കമ്മറ്റിയുടെ സെക്രട്ടറിയാകയും വൈക്കത്തെ നിരോധനാജ്ഞാ ലംഘനത്തിന് ജയിലിൽ പാർപ്പിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹം ഒരു പ്രത്യേക നിലയിലാണു ജയിൽവാസം അനുഭവിക്കേണ്ടി വന്നതെങ്കിലും സൊസൈറ്റിയുടെ ആദർശാനുഷ്ഠാനം കൂടി ആ കഷ്ടാനുഭവത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു തീർച്ചയാണ്. വൈക്കത്തുവെച്ച് നായർ മഹാസമ്മേളനം നടത്തി സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കേണ്ടതാണെന്നു നിശ്ചയം പാസ്സാക്കി അയച്ചു. അവിടെ വെച്ചു തന്നെ ഇരുപതിനായിരത്തിൽപ്പരം ആളുകൾ കൂടിയ നായരീഴവ സമ്മേളനം സർവീസ് സൊസൈറ്റി പ്രസിഡന്റിൻറെ അദ്ധ്യക്ഷതയിൽ നടത്തി. യോഗനിശ്ചയപ്രകാരം അദ്ധ്യക്ഷൻറെ നേതൃത്വത്തിൽ ഡെപ്യൂട്ടേഷൻ പോയി ഗവണ്മെന്റിനോട് അപേക്ഷിച്ചു. സഞ്ചാര സ്വാതന്ത്ര്യ പ്രമേയത്തിന് സവർണ്ണ പ്രാതികൂല്യം ഇല്ലെന്നു തെളിയിച്ചെങ്കിലേ ഗവണ്മെന്റ് ആനുകൂല്യം ഉണ്ടാകുകയുള്ളൂ എന്നു വെളിപ്പെട്ടതു കൊണ്ട് അതിനു മഹാത്മാഗാന്ധിയുടെ നിർദ്ദേശപ്രകാരം 500 പേരിൽ കുറയാതെ ഒരു സവർണ്ണജാഥ വൈക്കത്തുനിന്നും പുറപ്പെട്ട് കാൽനടയായി തിരുവനന്തപുരത്ത് എത്തി മഹാറാണി റീജെൻറ് തിരുമനസ്സിനെ മുഖംകാണിച്ച് ഉണർത്തിക്കേണ്ടതാണെന്ന് അയിത്തോച്ചാടന കമ്മറ്റി തീരുമാനിക്കുകയാൽ അതിൻറെ നടത്തിപ്പിലേയ്ക്കായി അവർ സർവീസ് സൊസൈറ്റിയുടെ സഹായം ആവശ്യപ്പെട്ടു. സൊസൈറ്റി പ്രസിഡന്റ് അവർകളുടെ ആജ്ഞാനുസരണം സെക്രട്ടറി മി. മന്നത്ത് പത്മനാഭപിള്ള, മി. ഏ.കെ. പിള്ളയുമൊരുമിച്ച് സവർണ്ണ ജാഥാ സംഘടനയ്ക്കായി രാജ്യം മുഴുവൻ സഞ്ചരിച്ചു. മി. പത്മനാഭപിള്ളയുടെ സർവ്വസൈന്യാധിപത്യത്തിൻ കീഴിൽ സവർണ്ണ ജാഥ വൈക്കത്തു നിന്നും പുറപ്പെട്ടു കാൽനടയായി തിരുവനന്തപുരത്ത് എത്തി. ഈ സൈന്യത്തിൽ സൊസൈറ്റി കൺവീനർമാരായ മെ. പ്രാക്കുളം പരമേശ്വരൻപിള്ള, സമുദായത്തിൽ കേശവക്കുറുപ്പ്, എം.എൻ. നായർ, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള എന്നീ മാന്യന്മാർ ഉൾപ്പെട്ടിരുന്നു. ജാഥ ഓരോ താലൂക്കിലും കൂടി കടന്നു പോയപ്പോൾ അവിടെയുള്ള സൊസൈറ്റി മെമ്പറന്മാരും ദേശവാസികളും ജാഥയെ ആഘോഷപൂർവ്വം സ്വീകരിച്ച് സൽക്കരിച്ചതിനാൽ ഈ വിഷയത്തിൽ രാജ്യവാസികളുടെ അഭിപ്രായം എന്താണെന്ന് ഭരണാധികാരികൾക്ക് ബോധ്യമായി. ഇത്ര വലിയ ആഘോഷവും ജനക്കൂട്ടവും ഈ രാജ്യത്ത് ഇതിനു മുമ്പ് ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. ഡെപ്യൂട്ടേഷൻ പ്രസിഡന്റും സൊസൈറ്റി പ്രസിഡന്റ് തന്നെയായിരുന്നു.

ഡെപ്യൂട്ടേഷൻ മഹാറാണി റീജൻറ് തിരുമനസ്സിനെ മുഖംകാണിച്ച് മെമ്മോറിയൽ സമർപ്പിക്കുകയും ദിവാൻജിയെ കണ്ടു കാര്യങ്ങൾ പറയുകയും ചെയ്തു. സഞ്ചാര സ്വാതന്ത്ര്യ സമരത്തെ പിന്താങ്ങി ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അവർകൾ കൗൺസിലിൽ ചെയ്ത ശക്തിയേറിയ പ്രസംഗം ഈ വിഷയത്തിൽ അദ്ദേഹത്യിനുള്ള നിർബ്ബന്ധ വിചാരത്തിൻറെയും വാദകുശലതയുടെയും ലക്ഷ്യമായിരുന്നു. ഈ പ്രമേയത്തിന് എതിരായി ഒരു ഈഴവനും രണ്ടു ക്രിസ്ത്യാനികളും ഒരു മുഹമ്മദനും എല്ലാ ബ്രാഹ്മണരും തമ്പുരാക്കന്മാരും ഗവണ്മെന്റ് പക്ഷം ചേർന്ന് വോട്ടു ചെയ്തെങ്കിലും കൗൺസിലിൽ എല്ലാ നായന്മാരും അനുകൂലമായി വോട്ട് ചെയ്യുവാനുള്ള സൗകര്യമുണ്ടാക്കുവാൻ സർവീസ് സൊസൈറ്റിക്കു സാധിച്ചു. വൈക്കം സത്യാഗ്രഹം സംബന്ധിച്ച് മഹാത്മാഗാന്ധി ഗവണ്മെന്റുമായി കാര്യാലോചനകൾ ചെയ്യുന്നതിനു തിരുവിതാംകൂറിലെ പ്രതിപുരുഷനായി നിശ്ചയിച്ചിരുന്നത് സർവീസ് സൊസൈറ്റി പ്രസിഡന്റിനെ ആയിരുന്നു. സത്യഗ്രഹം ഇത്രയും വിജയമാക്കുന്നതിന് സർവീസ് സൊസൈറ്റിയുടെയും വിശേഷിച്ച് പ്രസിഡന്റ് അവർകളുടെയും സഹകരണം ഒരു പ്രധാന കാരണമാകുന്നു.

***1934 - ചങ്ങനാശ്ശേരി താലൂക്ക് നായർ സമാജം - ഇരുപത്തിയൊന്നാം വാർഷിക യോഗത്തിൽ ചെയ്ത പ്രസംഗം***

സർവീസ് സൊസൈറ്റി പ്രഭുസഭയല്ല

നായർ സർവീസ് സൊസൈറ്റി ഒരു പ്രഭുസഭയാണെന്ന് ഒരു അപവാദം പറഞ്ഞ് പലരും അതിനെ അപലപിച്ചിട്ടുണ്ടെന്ന് എനിക്കറിയാം. എന്നാൽ ഇപ്പോൾ സൊസൈറ്റിയുമായി അടുത്തു പരിചയമുള്ളവർക്ക് അത് ഒരു പ്രഭുസഭയല്ലെന്നും പ്രത്യുത ദരിദ്രരും ഗ്രാമവാസികളുമായ നായന്മാരുടെ ഒരു സഭയാണെന്നും പ്രത്യക്ഷപ്പെടുന്നതാണ് ഇപ്പോൾ ഇരുനൂറ് അംഗങ്ങളോളമുള്ള സർവീസ് സൊസൈറ്റി 120 അംഗങ്ങളും കരയോഗങ്ങളാൽ തിരഞ്ഞെടുത്ത് അയയ്ക്കപ്പെടുന്ന പ്രതിനിധികളാണ്. ഈ പ്രതിനിധികളെ തിരഞ്ഞെടുത്തയയ്ക്കുന്നത് ആരാണ്? മാസം ഒരു ചക്രം വീതം അവരവരുടെ കരയോഗങ്ങളിൽ മാസവരി കൊടുത്ത് കരയോഗങ്ങളിൽ അംഗങ്ങളായി ചേർന്നിട്ടുള്ള കരയോഗാംഗങ്ങൾ. ഇപ്രകാരമുള്ള കരയോഗാംഗങ്ങളിൽ ആർക്കെങ്കിലും തിരഞ്ഞെടുപ്പിനുനിന്ന് സൊസൈറ്റിയിൽ അംഗമായി വരുന്നതിനും സൊസൈറ്റിയുടെ ഭാഗധേയങ്ങളെ നിയന്ത്രിക്കുന്നതിനും അധികാരം നൽകപ്പെട്ടിരിക്കുന്നു. ഇപ്രകാരം വിപുലമാക്കി ചെയ്യപ്പെട്ടിരിക്കുന്ന സൊസൈറ്റിയെ പ്രഭുസഭയെന്നു പറഞ്ഞു തള്ളുന്നതിന് ഒരുത്തർക്കും സാധ്യമല്ല.

നായർ സമുദായത്തിലെ ദരിദ്രന്മാരും ഋണബദ്ധരുമായ അംഗങ്ങളെ അതിൽനിന്നും മോചിപ്പിച്ച് ആത്മാഭിമാനവും പൗരുഷവും ഉള്ളവരാക്കിത്തീർക്കുക എന്നുള്ള ഉത്തമാദർശം തന്നെയാണ് സൊസൈറ്റിയുടെ മുമ്പിൽ ഇക്കുന്നത്. എന്നാൽ ഇത്ര വിപുലമായ ഒരു സമുദായത്തെ ഉദ്ധരിക്കുന്നതിന് ഒരാളുടെയോ രണ്ടാളുടെയോ ശ്രമം കൊണ്ടു മാത്രം സാധ്യമാകുന്നതല്ല. പതിനാറുലക്ഷം ക്രിസ്ത്യാനികൾ ഇന്നു തിരുവിതാംകൂറിലുണ്ടെങ്കിൽ അവരുടെ സംഘടനയ്ക്കും മതപരമായ പ്രവർത്തനങ്ങൾക്കും സമുദായത്തിൽനിന്നും പോറ്റുന്നവരായി ഇരുപത്തയ്യായിരം പേർ ഉണ്ടെന്ന് ഓർക്കണം. ആ കണക്കനുസരിച്ച് ഒമ്പതുലക്ഷം ഉള്ള നായന്മാർക്ക്

പന്ത്രണ്ടായിരം പ്രവർത്തകന്മാരെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. അതിനു നമുക്ക് നിവൃത്തിയില്ല. ഇന്നത്തെനിലയ്ക്ക് നൂറു പേരെ ജീവസന്ധാരണത്തിനുള്ള വേതനം സമുദായത്തിൽ നിന്നും നൽകി സമുദായ പ്രവർത്തനത്തിന് ഇറക്കുവാൻ സാധിക്കുമെങ്കിൽ മൂന്നു കൊല്ലം കൊണ്ട് സമുദായത്തിൽ വലുതായ ഒരു മാറ്റം ഉണ്ടാക്കിത്തന്ന് സമുദായത്തെ, ഇന്ന് മി. കുഞ്ചുപിള്ള പറഞ്ഞതുപോലെ ഉദ്ധരിച്ചു കാണിച്ചു കൊടുക്കാമെന്ന് ഞാൻ ഏൽക്കുന്നു. നമുക്ക് ധനവും ആളുമാണ് ആവശ്യം.

സമുദായത്തിൻറെ ഋണമോചനം മുതലായവയെ അവഗണിച്ച് സമുദായത്തിൽനിന്നും ധനം പിഴിഞ്ഞെടുത്ത് വിദ്യാലയ സൗധങ്ങൾ പണികഴിപ്പിക്കുന്നതു ശരിയല്ലെന്നു മി. കുഞ്ചുപിള്ള പറഞ്ഞ ഭാഗത്തെ എതിർക്കാതെ നിവൃത്തിയില്ല. ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യമില്ല, കൂടുതൽ പ്രാധാന്യമേറിയ ഋണമോചനം മുതലായവയാണ് നോക്കേണ്ടത് എന്നു പറയുന്നതിൽ അർത്ഥമില്ല. വിദ്യാഭ്യാസം നല്കാതെ സമുദായാംഗങ്ങൾ അജ്ഞാനാന്ധകാരത്തിൽ പതിക്കുവാൻ അനുവദിക്കുന്നതിനു നിവൃത്തിയില്ല. ഭാര്യാപുത്രാദികളോടു കൂടിയ അല്പാദായക്കാരനായ ഒരാൾക്ക് അമ്മയുണ്ടെന്നു വിചാരിച്ച് തൻറെ ഭാര്യയേയും കുട്ടികളേയും തന്നെത്തന്നെയും പട്ടിണിയിട്ട് തൻറെ ആദായം മുഴുവൻ കൊണ്ട് അമ്മയെത്തന്നെ പോറ്റാമെന്നു വിചാരിക്കുന്നതു മൂഢത്വമാണ്. ഉള്ളത് എല്ലാവർക്കും നല്കി എല്ലാവരെയും പോറ്റി രക്ഷിക്കുന്നതാണ് ഒരുവൻറെ കർത്തവ്യം. അതുപോലെ സൊസൈറ്റിയുടെ തുച്ഛമായ വരവിനങ്ങൾ കൊണ്ട് അതിൻറെ വിവിധ ശാഖകളെയും ക്രമപ്രവൃദ്ധമായ രീതിയിൽ  പോറ്റി രക്ഷിക്കുകയാണ് ഉത്തമമായിട്ടുള്ളത്. അതനുസരിച്ച് ജ്ഞാനദീപത്തെ പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസ ശാഖയും സമുദായത്തിൻറെ നിലനില്പിനും ശക്തിക്കും അത്യന്താപേക്ഷിതമായ കരയോഗ സംഘടനയും സൊസൈറ്റിയുടെ സാമ്പത്തിക നിലയ്ക്കനുസരണമായ രീതിയിൽ അഭിവൃദ്ധിപ്പെടുത്തുകയാണിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

നമ്മുടെ സമുദായത്തിനു ശോഭനമായ ഒരു ഭാവി ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. അതിൻറെ അടിസ്ഥാനങ്ങൾ ഉറപ്പിക്കയാണു നമുക്കിപ്പോൾ ചെയ്യാനുള്ളത്. ആ ശോഭനമായ ഭാവിയെ ലാക്കാക്കി പ്രവർത്തിച്ചുകൊണ്ട് നമുക്ക് മുമ്പോട്ടു പോകാം. അടുത്ത തലമുറകളെങ്കിലും അതിനെ പൂർത്തിയാക്കാതെ ഇരിക്കുകയില്ല.

***1934 - മാഞ്ഞൂർ നായർ സമ്മേളനം പ്രസംഗം***

നായരുണ്ടെന്നു പറയാനില്ലാത്ത ഈ ദിക്കിൽ കൂടുന്ന നായർ സമ്മേളനത്തിൽ ഇത്രയധികം നായന്മാർ സന്നിഹിതരാകുമെന്ന് ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ഈ മഹാസദസ്സ് എന്നെ ആശ്ചര്യപരതന്ത്രനാക്കുന്നതുപോലെ എന്നെ വ്യസനിപ്പിക്കയും സമാധാനപ്പെടുത്തുകയും ചെയ്യുന്നു. എന്തൊരു കാര്യത്തിനുവേണ്ടിയാണോ നാം ഇന്നിവിടെ കൂടിയത്, ആ നീചവും ദാരുണവുമായ സംഭവങ്ങളെക്കുറിച്ച് ഓർമ്മിക്കുമ്പോൾ അപമാനവും വ്യസനവുംകൊണ്ട് എൻറെ ഹൃദയം തകരുന്നു. ഈ ദുസ്സംഭവം നടന്ന് പതിനഞ്ചാം ദിവസമെങ്കിലും അതിൻറെ പുലകുളിക്കെന്നവണ്ണമെങ്കിലും ഇന്ന് ഇവിടെ കൂടാനുള്ള സമുദായബോധമുണ്ടായല്ലോ എന്നോർത്താണ് ഞാൻ അല്പമായി സമാധാനപ്പെടുന്നത്. ഹാ! വൃശ്ചികം 30-ആം

തീയതി രാത്രിയിലെ ആ ഭയങ്കര സംഭവം ആരുടെ ഹൃദയത്തെയാണ് ഭേദിക്കാത്തത്? എന്താണ് സംഭവിച്ചതെന്നു നാമൊന്ന് ഓർത്തു നോക്കുക.

ഈ ദിക്കിലെ പടിഞ്ഞാറേ അമ്പഴത്തുങ്കൽ എന്ന സാധു നായർ ഭവനത്തിൽ ഇവിടെയുള്ള അക്രമികളും ആഭാസന്മാരുമായ അഞ്ചെട്ടു ക്രിസ്ത്യാനിച്ചട്ടമ്പികൾ രാത്രിയിൽ കടന്നുകയറിച്ചെന്ന് ഇറയത്തു കിടന്ന വൃദ്ധനായ ശങ്കരൻനായരെ വിളിച്ച് അകത്തു കിടക്കുന്ന മകളെ ആ കാമകിങ്കരന്മാർക്ക് കാഴ്ച വയ്ക്കാൻ ആവശ്യപ്പെടുകയും അദ്ദേഹം അതു വിസമ്മതിച്ചപ്പോൾ ദയാശൂന്യന്മാരായ അവർ അദ്ദേഹത്തെ അടിച്ച് കഠിനോപദ്രവം ഏല്പിക്കുകയും മീശയ്ക്കു തീ വയ്ക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണവേദനയോടുകൂടിയുള്ള നിലവിളി കേട്ട് ഭാര്യയും മകളും പുറത്തിറങ്ങിയപ്പോൾ ആ വൃദ്ധയേയും അടിച്ചു വീഴ്ത്തി മോഹാലസ്യപ്പെടുത്തി. കല്യാണം കഴിച്ചിട്ടില്ലാത്ത പത്തൊമ്പത് വയസ്സായ ആ യുവതിയെ ആ ദുഷ്ടന്മാർ എടുത്തുകൊണ്ടുപോയി അവരുടെ നീചമായ മൃഗീയാഗ്രഹങ്ങളെല്ലാം തൃപ്തിവരുമാറു സാധിച്ചു. ജീവനിലും കവിഞ്ഞ് മാനത്തിലുള്ള ആവേശം കൊണ്ട് ആ സാധ്വീരത്നം വാവിട്ടു കരഞ്ഞപ്പോൾ വാനിറച്ചു തുണി കുത്തിച്ചെലുത്തുകയും തൊണ്ടയ്ക്കു ഞെക്കിപ്പിടിക്കുകയും ചെയ്തു ജീവഹാനി വരത്തക്കവണ്ണം ആക്കി. ആ ദാരുണ സംഭവങ്ങളുടെ ഫലമായി ശ്വാസം മുട്ടിയും ഗർഭാശയം പൊട്ടിയും ആ സ്ത്രീ മരിച്ചു. ഇതാണ് പ്രസ്തുത സംഭവം. വസ്ത്രഹീനയായി രക്തവുമണിഞ്ഞു കിടന്ന ആ സ്ത്രീയുടെ നാഭീപ്രദേശം നീർക്കെട്ടു കൊണ്ടു വയറോളം പൊന്തിനിന്നതായി കേട്ടു.

ശിലാഹൃദയന്മാരുടെ കണ്ണിൽനിന്നു പോലും രക്തം ഒലിപ്പിക്കുന്ന ഈ ഭയങ്കര സംഭവം കഴിഞ്ഞിട്ട് പതിനഞ്ചു ദിവസമായിരിക്കുന്നു. ഇങ്ങനെ ഒരു ദുസ്സംഭവം നടന്ന ദിക്കാണിതെന്ന് ഇവിടെ വല്ല ലക്ഷണവും കാണുന്നുണ്ടോ? ഈ നാട്ടിലെ ജനങ്ങളുടെ ഇടയിലോ അധികാരികളായ ഉദ്യോഗസ്ഥരുടെ ഇടയിലോ വല്ല അനക്കവും ഉണ്ടായിട്ടുണ്ടോ? അതിൻറെ യാതൊരു ലക്ഷണവും ഞാൻ കാണുന്നില്ല. ഇതിനുമുമ്പ് ഈ രാജ്യത്ത് കേട്ടിട്ടു പോലുമില്ലാത്ത ഈ സംഭവം നടന്നിട്ടു പറയത്തക്ക ഒരു നടപടിയും അനക്കവും ഉണ്ടാകാത്തതിനു കാരണമെന്താണ്? അപമാനം അനുഭവിച്ചതും മരിച്ചതും സാധുവായ ഒരു നായർ സ്ത്രീയായതുകൊണ്ട്. ഇതു നിങ്ങൾ ഇനിയെങ്കിലും മനസ്സിലാക്കണം.

നായരോട് ഈ മാതിരി അക്രമികൾക്ക് എന്തും ചെയ്യാമെന്നു തോന്നുന്നതും അതിനെപ്പറ്റി അധികാരികൾ വേണ്ടവണ്ണം അന്വേഷിക്കാത്തതും നമ്മുടെ സംഘടനാശക്തിയുടെ കുറവും വ്യക്തികൾക്കുള്ള ശരീരബലത്തിൻറെയും ധൈര്യത്തിൻറെയും അഭാവവും കൊണ്ടാണ്. സംഘടിത ശക്തിയോടുകൂടി നിന്നില്ലെങ്കിൽ നമ്മെ ഊതിപ്പറപ്പിക്കാനുള്ള നിവർത്തന മുഖങ്ങൾ മാറിമാറി ഉണ്ടാകുന്നതാണെന്നും സ്വരക്ഷയ്ക്കു വേണ്ടി കരയോഗങ്ങൾ സ്ഥാപിച്ചും യൂണിയനിൽ ബന്ധിച്ചും സർവീസ് സൊസൈറ്റിയിൽ ലയിച്ചും നാം നിയമപ്രകാരവും ആത്മാർഥമായും പുരോഗമന കാംക്ഷയോടെയും പ്രവർത്തിക്കുന്ന ഒരു ശരിയായ സമുദായമായി തീരണമെന്നും സർവീസ് സൊസൈറ്റി നിങ്ങളെ നേരത്തേ ധരിപ്പിച്ചിട്ടുണ്ട്. കരയോഗ കാര്യത്തിൽ അശ്രദ്ധാലുക്കളായ നായന്മാരിൽ ഈ ദുഷ്ടന്മാർ അവരുടെ പ്രവൃത്തി മൂലം ശക്തിമത്തായ ഒരു ഉൽബോധനം

ഉണ്ടാക്കിയിട്ടുണ്ടെന്നാണെൻറെ വിശ്വാസം. ഇങ്ങനെ ദുസ്സംഭവങ്ങളുണ്ടാകുമ്പോഴൊക്കെ സംഘടനയുണ്ടാകണമെന്നാഗ്രഹിച്ചാൽ പോരാ, നമ്മുടെ രക്ഷയ്ക്കും പുരോഗമനത്തിനും സ്ഥിരമായിത്തന്നെ സംഘടന ഉണ്ടായിരിക്കണമെന്ന് എല്ലാവരും ധരിക്കേണ്ടതാണ്. ഒരു നായർ ഭവനമേ ഉള്ളൂ എങ്കിൽത്തന്നെ അവിടെ ഒരു കരയോഗം അത്യാവശ്യമാണ്. ഇല്ലെങ്കിൽ അടുത്ത കരയോഗത്തിൽ ചേരുക എങ്കിലും ചെയ്യേണ്ടതാണ്. സംഘടനയുടെ പ്രയോജനവും ശക്തിയും നിങ്ങൾക്കിപ്പോൾ മനസ്സിലായല്ലോ. ഇന്നത്തെ ഈ മഹായോഗം വിളിച്ചു കൂട്ടിയതാരാണ്? കടുത്തുരുത്തി എൻ.എസ്.എസ്. നായർ കരയോഗ യൂണിയൻ. ഈ ദിക്കിൽ ഒരു കരയോഗമില്ലാതിരുന്നിട്ടും കടുത്തുരുത്തി യൂണിയനതിർത്തിയിൽപ്പെട്ട ഈ കരയിൽ നടന്ന ദുസ്സംഭവമായതുകൊണ്ട് അതിൻറെ പരിഹാരത്തിനായി അവരിതാ വേണ്ടതെല്ലാം പ്രവർത്തിക്കുന്നു. യൂണിയൻറെ അവസരോചിതമായ ഈ സൽക്കൃത്യത്തെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഇങ്ങനെ ഒരു സംഘടനാ സ്ഥാപനം ഇവിടെയില്ലായിരുന്നു എങ്കിൽ ഇത്ര കുറച്ചു സമയം കൊണ്ട് ഇത്രവളരെ ദിക്കുകളിൽനിന്നും ഇത്ര വളരെയാളുകളെ വരുത്താൻ കഴിയുമായിരുന്നോ? അതിനാൽ നായർ സർവീസ് സൊസൈറ്റിയുടെ സംഘടനാപ്രസ്ഥാനം വിജയപ്രദമാകാൻ ഓരോ നായരും ശ്രമിക്കേണ്ടതാണെന്ന് ഇനിയെങ്കിലും ഗ്രഹിക്കുമെന്നു വിശ്വസിക്കുന്നു.

*സംഘടന (തുടർച്ച)*

തിരുവിതാംകൂറിൽ നായന്മാർ പാർക്കുന്ന മൂവായിരം കരകളുണ്ട്. അത് കുറഞ്ഞപക്ഷം നൂറ്റിയിരുപതു യൂണിയനായി തിരിക്കേണ്ടിവരും. മലബാറിലും കൊച്ചിയിലും കൂടി നൂറ്റി മുപ്പതു യൂണിയനു വകയുണ്ടായിരിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. കേരളത്തിലുള്ള എല്ലാ കരകളിലും കരയോഗങ്ങൾ ഉണ്ടാവുകയുംഅവയെല്ലാം ഓരോ യൂണിയൻറെ കീഴിലാകുകയും പ്രാതിനിധ്യമുള്ള ഇരുനൂറ്റമ്പതു മെമ്പറന്മാരുണ്ടായിരിക്കുന്നതും, അവരും പ്രത്യേക നിലയിൽ ചെയ്യുന്നവരും ഉൾപ്പെടെ സൊസൈറ്റി അഞ്ഞൂറിൽ അധികരിക്കാത്ത മെമ്പറന്മാരുള്ള ഒരു സംഘമായിത്തീരുന്നതുമാകുന്നു. അന്നാണ് നായന്മാർക്ക് ശരിയായ ഒരു പാർലമെൻറ് ഉണ്ടാകുന്നത്. ആ പാർലമെൻറ് അംഗങ്ങൾ അവരുടെ കൂട്ടത്തിൽനിന്നും തിരഞ്ഞെടുക്കുന്ന പ്രസിഡൻറ് തന്നെയാണ് നമ്മുടെ സമുദായാദ്ധ്യക്ഷനായിത്തീരുന്നത്. അദ്ദേഹവും അദ്ദേഹത്തിൻറെ കൗൺസിലും ചെയ്യുന്ന തീരുമാനമാണ് നായർക്കുള്ള കല്പനയെന്നു വരുന്നത്. ഇത്ര വിസ്തൃതമായ പരിധിയിൽ കേരളീയരായ നായന്മാർക്ക് ആകമാനം സ്വാതന്ത്ര്യാധികാരങ്ങളുള്ള ഒന്നായിത്തീരണം സർവീസ് സൊസൈറ്റി എന്നുതന്നെയാണ് ഞങ്ങളുടെ ആശ. ഇതസാദ്ധ്യമാണെന്നാരും ശങ്കിക്കേണ്ട. സർവീസ് സൊസൈറ്റി കേരള ക്ഷേമത്തിനുവേണ്ടി ഏതൊരു കാലത്തെങ്കിലും അതിൻറെ ലക്ഷ്യത്തിൽ ചെന്നെത്തുമെന്നുള്ള ആത്മവിശ്വാസത്തോടുകൂടിത്തന്നെയാണ് ഞങ്ങൾ വേല ചെയ്യുന്നത്. ഇന്ന് നമ്മുടെ മുമ്പാകെ കാണുന്ന ഈ ചെറു പ്രതിനിധിയോഗം ക്രമേണ വളർന്നു വരുന്നതും സർവീസ് സൊസൈറ്റി അവരുടെ നിയന്ത്രണത്തിൽ ആയിത്യീരുന്നതും അചിരേണ കാണാൻ കഴിയും. അതു വരെ ക്ഷമിക്കയും അതിനായി സഹായിക്കയും ചെയ്യുന്നതാണ് നിങ്ങളുടെയെല്ലാം കടമ.

***1934 - മാഞ്ഞൂർ നായർ സമ്മേളനം പ്രസംഗം***

സംഘടനാശക്തി എത്രയുണ്ടായാലും വ്യക്തികൾക്കാവശ്യമുള്ള ശക്തിയും ധൈര്യവും അത്യാവശ്യമെന്നുള്ള കാര്യം ആരും വിസ്മരിച്ചുപോകരുത്. ആരുടെ അടികൊണ്ടാലും കൊള്ളാം, എങ്ങനെയും ജീവിച്ചാൽ മതിയെന്നുള്ള മനഃസ്ഥിതി മാറ്റി ആത്മാഭിമാനത്തോടും സ്വാതന്ത്ര്യത്തോടും കൂടിയേ ഞാൻ ജീവിക്കൂ, അതിനു സാധ്യമല്ലാതെ വരുമ്പോൾ മരിക്കുമെന്നുള്ള വ്രതം നിങ്ങളിലുണ്ടാകണം. നമ്മുടെ ജീവനേയും മാനത്തേയും സ്വത്തുക്കളേയും രക്ഷിക്കാൻവേണ്ടി ഓരോ വ്യക്തിക്കും സ്വരക്ഷാവകാശം എത്രത്തോളം ഉപയോഗിക്കാമെന്ന് നിങ്ങൾ പീനൽകോഡ് വായിച്ചു മനസ്സിലാക്കണം. അതിൻറെ ആഗ്രഹം ആവശ്യമുണ്ടെങ്കിൽ ലഘുലേഖയായി നിങ്ങളുടെ ഇടയിൽ വിതരണം ചെയ്യാനും തയ്യാറുണ്ട്. ആ സ്വരക്ഷാവകാശം അറിഞ്ഞാൽ പോരാ അതുപയോഗപ്പെടുത്തി നിങ്ങളുടെ ജീവനെയല്ല, അതിനേക്കാൾ വിലയുള്ള നമ്മുടെ സ്ത്രീകളുടെ മാനത്തെ രക്ഷിക്കണമെങ്കിൽ നിർഭയത്വം നമ്മുടെ ഉള്ളിൽ കുടികൊള്ളണം. നമ്മുടെ ജീവൻ അഭിമാനസംരക്ഷണത്തിനുള്ളതാണെന്ന് വിശ്വസിക്കണം. അതിനു ലംഘനം വരുമ്പോൾ മരിക്കാൻ മടികൂടാതെ സന്നദ്ധരായിക്കൊള്ളണം. ഇതാണ് ഭഗവദ്ഗീത നമ്മോടുപദേശിക്കുന്നത്.

നാം ഒമ്പതുലക്ഷമേയുള്ളൂ. ക്രിസ്ത്യാനി പതിനാറുലക്ഷമുണ്ട്. ഈ ദിക്കിൽ ക്രിസ്ത്യാനികൾ വളരെയുണ്ട്. നായർ കുറച്ചേയുള്ളൂ. അതുകൊണ്ട് ഇതൊക്കെ സഹിക്കാതെ നിവൃത്തിയില്ലെന്നു പറയുന്ന നായരുടെ ദുർബ്ബലമനഃസ്ഥിതിയെ ഞാൻ എതിർക്കുകതന്നെ ചെയ്യുന്നു. ഈ രാജ്യത്ത് മഹമ്മദീയരുടെ സംഖ്യ എത്ര ചെറുതാണ്. ഭിക്ഷക്കാരിയായ ഒരു മഹമ്മദീയ സ്ത്രീയുടെ മുഖത്ത് ഒരന്യപുരുഷനു നോക്കാൻ ധൈര്യമുണ്ടോ എന്നു നിങ്ങൾ വിചാരിക്കുവിൻ! ഇത്ര വളരെ ക്രിസ്ത്യാനിയും പള്ളിയും കത്തനാരന്മാരുമുള്ള ഈ പ്രദേശത്ത് ഒറ്റതിരിഞ്ഞ ഒരു മഹമ്മദീയഭവനം ഉണ്ടായിരുന്നുവെങ്കിൽ അവിടെയാണ് ഈ ആക്രമണം നടന്നിരുന്നത് എങ്കിൽ മാഞ്ഞൂരിൻറെ സ്ഥിതി ഇപ്പോൾ എന്തായിരിക്കുമായിരുന്നു? അപ്പോൾ സംഖ്യാബലമല്ല, ഒരോരുത്തരിലുമുള്ള പൗരുഷശക്തിയും ആളുകൾക്കുള്ള സംഘടനാബലവുമാണ് മാന-ധന-ജീവരക്ഷയ്ക്ക് പര്യാപ്തമായ സിദ്ധൗഷധമെന്നു നാം പഠിക്കേണ്ടതാണ്.

ഇനി രണ്ടു കാര്യങ്ങളെക്കുറിച്ചുകൂടി എനിക്കു സംസാരിക്കാനുണ്ട്. ഇത് ഒരു നായർ സ്ത്രീയെ സംബന്ധിച്ച ദുസ്സംഭവമാണെങ്കിലും ഇതു നായർ സമുദായത്തിൻറെ പ്രത്യേക ഒരു കാര്യമായി ഞങ്ങൾ ഇപ്പോഴും കരുതുന്നില്ല. ഇതു മാനുഷധർമ്മത്തോടും സ്ത്രീ സമുദായത്തോടും കാണിച്ച അക്ഷന്തവ്യമായ ഒരപരാധമാണ്. ഇതിനെ ധർമ്മബോധമുള്ള ഏതു സമുദായത്തിൽപ്പെട്ട സ്ത്രീപുരുഷന്മാരും എതിർക്കേണ്ടതാണ്. അതിനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട്, ആവശ്യമുള്ള നിശ്ചയവും പാസ്സാക്കി ഈ യോഗത്തിൽ പങ്കുകൊള്ളാൻ വന്നിരിക്കുന്ന സ്ഥലത്തെ എസ്. എൻ.ഡി.പി. യോഗക്കാരോട് ഞങ്ങൾക്കുള്ള സ്നേഹബഹുമാനങ്ങളേയും കൃതജ്ഞതയേയും ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഇനിയും പലതും പറയാനുണ്ടെങ്കിലും ഇപ്പോൾത്തന്നെ ദീർഘമായിത്തീർന്നിരിക്കുന്ന ഈ വിജ്ഞപ്തിപ്രസംഗത്തെ ഉപസംഹരിക്കാതെ നിവൃത്തിയില്ല.

മേൽവിവരിച്ച വിധത്തിൽ ഇക്കഴിഞ്ഞ പതിനാലു കൊല്ലത്തിനിടയിൽ സർവീസ് സൊസൈറ്റിക്ക് പല പ്രവൃത്തികളും ചെയ്യാനും ചില സ്ഥാപനങ്ങൾ ഉണ്ടാക്കാനും കുറച്ചു ധനശേഖരം ചെയ്യാനും സാധിച്ചുവെന്ന് സന്തോഷത്തോടും വിനയത്തോടുംകൂടി എഴുതാൻ ഇടയായത് സമുദായത്തിൻറെ അവശേഷിച്ച സുകൃതംകൊണ്ടു തന്നെയാകുന്നു. ഇനിയും മേജറായിക്കഴിഞ്ഞിട്ടില്ലാത്ത സർവീസ് സൊസൈറ്റിയുടെ ശിശുക്രീഡയിൽ പറ്റിയിട്ടുള്ള തെറ്റുകൾ ക്ഷന്തവ്യമാണെന്നു വിചാരിച്ചു മഹാജനങ്ങൾ അതിനെ അനുഗ്രഹിക്കുമെങ്കിൽ അതിൻറെ യൗവ്വനദശാരംഭത്തിൽത്തന്നെ അത് അത്ഭുതാവഹമായ സമുദായസേവനം നടത്തി നമ്മുടെ പൊയ്പ്പോയ സ്ഥാനവും മാനവും ധനവും സ്വാതന്ത്ര്യവും ഐക്യവും സൗഖ്യവും വീണ്ടെടുക്കുമെന്ന് വിശ്വസിക്കാവുന്നതാണ്. ദീർഘദർശിയായ രാജാ കേശവദാസൻറെ രാജ്യസ്നേഹവും ഭരണശേഷിയും നിർദ്ദാക്ഷിണ്യനായ വേലുത്തമ്പിയുടെ പൗരുഷശക്തിയും അയ്യപ്പൻ മാർത്താണ്ഡപിള്ളയുടെ ത്യാഗശീലവും മങ്ങാട്ടച്ചൻറെ കർമ്മകുശലതയും തച്ചോളി ഒതേനന്റെ പരാക്രമവും സി. കൃഷ്ണപിള്ള അവർകളുടെ സമുദായസ്നേഹവും നമ്മുടെ പുരോഗമനത്തിനു നേർവഴി കാണിക്കാനുള്ള ദീപസ്തംഭങ്ങളാകുന്നു. സ്വാശ്രയശീലംകൊണ്ട് നമുക്കൊരു മാതൃകയായി നായർ സമുദായത്തിനെന്നല്ല, മദ്രാസിലെ മലയാളികളുടെ കൂട്ടത്തിൽത്തന്നെ ഒരു പ്രമാണിയായി ജീവിക്കുന്ന ഇന്നത്തെ അധ്യക്ഷൻ അവർകളും നമ്മുടെ സമുദായ നേതാക്കന്മാരിൽ പലരും സമുദായസേവനാർഥം എന്തും ചെയ്യുന്നതിനു സന്നദ്ധരായ യുവാക്കന്മാരും സ്ത്രീ സമുദായ നന്മയ്ക്കുവേണ്ടി വേലചെയ്യാൻ ശേഷിയും മനസ്സുമുള്ള സ്ത്രീ സമ്മേളനാദ്ധ്യക്ഷയായ മാധവിയമ്മ അവർകളും സ്വാഗത സംഘാദ്ധ്യക്ഷയായ ചിന്നമ്മ അവർകളും അടുത്ത ചിന്നമ്മമാരാകാൻ സന്നദ്ധകളായി ഊർജ്ജസ്വലകളായി പരീക്ഷാവിജയികളായി വന്നെത്തിയിട്ടുള്ള ബഹുമാന്യ സഹോദരികളും നമ്മുടെ സമുദായഭാവി ശുഭസൂചകമെന്ന് അവരുടെ സാന്നിധ്യസഹകരണങ്ങൾകൊണ്ട് വിളിച്ചു പറയുന്നുണ്ട്. മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലെപ്പോലെ ആളോഹരി ഭാഗവും മക്കത്തായവും ഉണ്ടായി, ഉത്തരവാദിത്വജീവിതമുള്ള സമുദായാംഗങ്ങളായിത്തീർന്ന് നിയമത്തിലും ജീവിതത്തിലും പരിഷ്ക്കാരത്തിലും രാജ്യവിഭാഗംകൊണ്ടുള്ള ന്യായം നമ്മെ വേർപിരിയാത്ത മട്ടിലുള്ള ഒരു ഐക്യകേരള നായർ സമുദായത്തെ അതിദൂരമല്ലാത്ത ഭാവിയിൽ കാണുന്ന സന്തോഷം കൊണ്ടു പുളകിതഗാത്രനായി ഇതിനെ വിനയപൂർവ്വം ഈ രൂപത്തിൽ ഉപസംഹരിച്ചുകൊള്ളട്ടെ.

=======================

***1932 - തലശ്ശേരി പ്രസംഗം***

*************************

***സംഘടിക്കുക, മുന്നേറുക**

*************************

ഉത്തരകേരള നായർ  സമാജത്തിൻറെ ഒരു വാർഷിക ദിനമായ ഇന്ന് അതിൻറെ ജോലികളെല്ലാം കഴിഞ്ഞുശാന്തമായിരിക്കുന്ന ഈ അവസരത്തിൽ നിങ്ങളുടെ മുമ്പാകെ വന്നു നില്ക്കാൻ ഭാഗ്യമുണ്ടായതിൽ സന്തോഷിക്കുകയും ഇതിനു സൗകര്യമുണ്ടാക്കിത്തന്ന ഭാരവാഹികളോടു നന്ദി പറയുകയും ചെയ്യുന്നു. ഉത്തരകേരള നായർ സമാജം ജനിച്ചിട്ട് ഇരുപതു വർഷമായിക്കാണണം. പ്രായത്തിനുതക്ക വളർച്ച അതിനുണ്ടായിട്ടുണ്ടോ എന്നും അതിൻറെ

ജന്മനക്ഷത്രാഘോഷമെങ്കിലും അതിൻറെ വലിപ്പത്തിനു തക്കവണ്ണം നടത്തുന്നുണ്ടോ എന്നും നിശ്ചയിക്കേണ്ട ബാദ്ധ്യത നിങ്ങൾക്കുള്ളതാണ്. അതിനു വരേണ്ട പുഷ്ടി വന്നിട്ടില്ലെങ്കിൽ അതിൻറെ കാരണം അന്വേഷിക്കേണ്ടതുമാണ്. ഞങ്ങൾ മലബാറിലെ നായന്മാരെ ഉപദേശിച്ചു ശരിപ്പെടുത്താനായി വന്നിരിക്കയല്ല, അതിനു ഞങ്ങൾക്കു ശേഷിയുമില്ല. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമുള്ള നായന്മാർ ഒരു സമുദായത്തിൽപ്പെട്ടവരാണെന്ന ശരിയായ ബോധമുണ്ടാക്കി ഒരു സംഘടനയിൽപ്പെടുമെന്നുള്ള ആഗ്രഹത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ള നായർ സർവീസ് സൊസൈറ്റിയുടെ പ്രവർത്തകന്മാരായ ഞങ്ങൾ മലബാറിലെ നായന്മാരെപ്പറ്റി പഠിക്കാൻ പുറപ്പെട്ടിരിക്കയാണ്. ഞങ്ങൾ പാലക്കാട്ടു മുതൽ പയ്യന്നൂർ വരെ സഞ്ചരിച്ച്, പല ഗ്രാമങ്ങളും പട്ടണങ്ങളും കണ്ട്, ഇവിടുള്ള നായന്മാരെപ്പറ്റി സാമാന്യമായി ചില അറിവുകളും സമ്പാദിച്ച് മടങ്ങിവരുകയാണ്. ഞങ്ങളുടെ ഈ ചെറിയ അറിവിനെ അടിസ്ഥാനപ്പെടുത്തി സംസാരിക്കുന്നതിൽ വന്നു പോകുന്ന തെറ്റുകളെ നിങ്ങൾ ക്ഷമിക്കണം. നിങ്ങളുടെ സ്വന്തം സഹോദരന്മാരിൽപ്പെട്ടവരാണ് ഞങ്ങൾ എന്നു വിശ്വസിച്ച് ഞങ്ങൾ പറയുന്നതിനെ ശ്രദ്ധിക്കണം. നമ്മുടെ കുറവുകളെ ചൂണ്ടിക്കാണിക്കുമ്പോൾ നിങ്ങൾക്കു കഠിനമായ അസുഖം വരാതാരിക്കാൻ കരുതലോടുകൂടി സംസാരിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്.

***സംഘടിക്കുക, മുന്നേറുക**

തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള നായന്മാരെക്കാൾ മലബാറിലെ നായന്മാർക്ക് ഇന്നും പ്രാബല്യമുണ്ടെന്നാണ് ഞങ്ങൾ വിശ്വസിച്ചിട്ടുള്ളത്. ഇത്ര പ്രാബല്യമുള്ള മലബാർ നായന്മാരുടെ ഇരുപതു കൊല്ലം പഴക്കമുള്ള നായർ സമാജത്തിൻറെ വാർഷിക യോഗത്തിലെ സദസ്സു തന്നെ ഇത്ര ചെറുതായിരിക്കുമ്പോൾ തിരുവിതാംകൂറിലെ നായർ സമ്മേളന സദസ്സ് എത്രയധികം ചെറുതായിരിക്കുമെന്ന് നിങ്ങൾ ഇവിടിരുന്ന് ഇപ്പോൾ തീരുമാനിച്ചു കളയരുത്.അതു നിങ്ങളുടെ വിചാരവീഥിക്കും അപ്പുറത്തുള്ള വലുപ്പത്തിലാണ് അവിടെ നടക്കുന്നത്. തിരുവിതാംകൂർ നായന്മാർക്കു നിങ്ങളെക്കാൾ എന്തെല്ലാം കുറവുകളുണ്ടായിരുന്നാലും അവർക്കു പൊതുവേ ഒരു സാമുദായിക ബോധം ഉണ്ടായിട്ടുണ്ടെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. അവിടെ കാട്ടിലും ഗുഹയിലുമുള്ള നായർക്കും തൻറെ സമുദായത്തെപ്പറ്റി ഒരു ചിന്തയും വേലചെയ്യാനൊരാഗ്രഹവും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. മലബാറിലെ നായന്മാർക്ക് അവരുടെ സമുദായസംരക്ഷണത്തിന് പ്രത്യേക സംഘം കൂടുന്നതുതന്നെ മറ്റു സമുദായക്കാരുടെ ദൃഷ്ടിയിൽ കുറ്റകരമായി തോന്നുകില്ലേ എന്നാണ് ശങ്ക. നമ്പൂതിരിമാരുടെ കൈയിൽ നിന്നും പോയിത്തുടങ്ങിയിട്ടുള്ള ശങ്ക മുഴുവനും മലബാർ നായന്മാർ ഈ നൂറ്റാണ്ടിൽ സ്വീകരിച്ചു സൂക്ഷിക്കുന്നതു കാണുമ്പോൾ എനിക്ക് അത്ഭുതവും വ്യസനവും തോന്നുന്നുണ്ട്.  നാം നായർ സമാജം കൂടുന്നത് മറ്റൊരു സമുദായത്തെയും ദ്രോഹിക്കാനല്ല; അവരുടെ വളർച്ചയ്ക്കു ബാധയുണ്ടാക്കാനല്ല; നായരുടെ ഇന്നത്തെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും നീക്കി അവരെയെല്ലാം വിദ്യാഭ്യാസമുള്ളവരാക്കി തൊഴിൽ ചെയ്തു ജീവിക്കുന്ന ഉത്തമ പൗരന്മാരാക്കി തീർക്കണമെന്നുള്ള സദുദ്ദേശത്തോടു കൂടിയാണ്.  ഇതിനും പുറമേ സഹോദരസമുദായങ്ങളുടെ വളർച്ചയിൽ സഹായിക്കുകയും അധഃകൃതന്മാരായ ചെറുമന്മാരെയും നായാടികളെയും നന്നാക്കുകയും ചെയ്യുന്നതും നായർ സമാജോദ്ദേശ്യങ്ങളിൽ പെട്ടിട്ടുള്ളതാണ്. ഇതു ധരിക്കാത്തതുകൊണ്ടാണ് ഇവർ ഇങ്ങനെ ശങ്കിക്കുന്നത്. എന്നാൽ തെക്കേ മലബാറുകാർക്ക് ഇതുവരെ ഒരു നായർ

സമാജമില്ലാതിരുന്നതുകൊണ്ടാണ് ഈ ബോധം ഉണ്ടാകാഞ്ഞതെന്നെങ്കിലും സമാധാനപ്പെടാം. ഉത്തരകേരള നായന്മാർക്ക് അങ്ങനെ ഒരു സമാധാനത്തിനും മാർഗം കാണുന്നില്ല. നിങ്ങൾക്ക് ഇന്നും കോരപ്പുഴയ്ക്കു തെക്കുള്ള നായർ നായരാണെന്നുള്ള ബോധം ഉണ്ടായിക്കഴിഞ്ഞിട്ടില്ലെന്നാണ് ചിലരുടെ അഭിപ്രായം. കോരപ്പുഴ കാണുമ്പോൾ എൻറെ ഹൃദയത്തിൽ വേദനയുണ്ടാകാറുണ്ട്. ഇതാണല്ലോ നമ്മെ വേർതിരിച്ചത്; നമ്മുടെ അന്ധതയെ നിലനിർത്തുന്നത്. നായരുടെ പൗരുഷം ബാക്കിയുണ്ടെങ്കിൽ കോരപ്പുഴ നികത്തിക്കളഞ്ഞാൽ കൊള്ളാം മെന്നു ഞാൻ ചിലപ്പോൾ വിചാരിക്കാറുണ്ട്. സത്യം പറയുന്ന പക്ഷം വടക്കേ മലബാറിലും ഒരു സമുദായ ബോധമുള്ള ലക്ഷണം കാണാൻ ഞങ്ങൾക്കു സാധിച്ചില്ല. ഇവിടെ ഇന്നും നായർ ജാതിയും ഉപജാതിയുമായി വേർതിരിഞ്ഞു നില്ക്കുകയാണ്. ഓരോ നായരും കൊടിമരം പോലെ ഒറ്റതിരിഞ്ഞു നില്ക്കുകയാണ്. നമ്മുടെ സമുദായത്തിലെ അപൂർവ്വ ഭാഗ്യവാന്മാരായ സർ സി. ശങ്കരൻ നായരെയും മറ്റും കണ്ട് സമുദായം ഉന്നതിയിൽ എത്തിയിരിക്കുന്നു എന്നു തെറ്റിദ്ധരിക്കാതെ ദാരിദ്ര്യം കൊണ്ട് വിടുപണി ചെയ്യുന്ന സാധുക്കളെക്കൂടി നോക്കിയിട്ട് സമുദായസ്ഥിതി നിർണ്ണയിക്കേണ്ടതാണ്. പാലക്കാട്ടു പതിനയ്യായിരത്തോളം പട്ടന്മാർ പാർക്കുന്നുണ്ട്. അവരുടെ തെരുവു മുഴുവനും അടിച്ചു വാരുന്ന ജോലിയുടെ ജന്മാവകാശം നമ്മുടെ സഹോദരികൾക്കായിത്തീർന്നിരിക്കുന്നു. അതിലെ മോട്ടോർ കാറിൽ പോകുന്ന ഭാഗ്യവാൻമാരുടെ ദൃഷ്ടി ഇതിൽപ്പെടുന്നില്ല.

***സംഘടിക്കുക, മുന്നേറുക**

പാഴ്സി സമുദായത്തിൻറെ ക്ഷേമത്തിനുവേണ്ടി ആ സമുദായത്തിൽപ്പെട്ട ഒരു മാന്യൻ ഒരിക്കൽ ഒരു കോടി രൂപ കൊടുത്തതായും നിങ്ങൾ കേട്ടിരിക്കുമല്ലോ. വേങ്ങയിൽ നായനാരും കൂടാളി നമ്പ്യാരും കല്യാട്ടു നമ്പ്യാരുമുള്ള നമ്മുടെ സമുദായത്തിൽ ഏതാനും സാധുസ്ത്രീകളുടെ മാനസംരക്ഷണത്തിനെങ്കിലും ചില പ്രവൃത്തികൾചെയ്യാൻ പ്രയാസമുണ്ടോ? സമുദായം നന്നാകാൻ വെറും പ്രസംഗം കൊണ്ട് പ്രയോജനമില്ല. നെറ്റിയിലെ വിയർപ്പൊഴുക്കാതെയും മടിശ്ശീല തൊടാതെയും സമുദായ പരിഷ്ക്കരണം നടത്തിയാൽ അത് ഒരിഞ്ച് മുമ്പോട്ടു പോകയില്ല. എത്ര വലിയ തറവാടുകളും പണക്കാരുംകൂടി എത്ര ഘനമേറിയ നിശ്ചയം പാസ്സാക്കിയാലും നിശ്ചയപ്രകാരം നടക്കാൻ തയ്യാറായില്ലെങ്കിൽ അതുകൊണ്ടു പ്രയോജനമില്ല. പ്രസംഗം പോലെ പ്രവർത്തിക്കണമെന്ന് ഒരു പ്രസംഗകർത്താവും ഇന്നു വിചാരിക്കാറില്ല. നിങ്ങളുടെ സമാജത്തിനു ശരിയായ വളർച്ചയുണ്ടാകാത്തത് അതിനായിത്തന്നെ ജീവിക്കുന്ന ഒരാളെങ്കിലും ഇല്ലാഞ്ഞിട്ടാണ്. അങ്ങനെ ഒരാൾ ഉണ്ടാകുമ്പോൾ അയാളുടെ ചിന്തയും പ്രവൃത്തിയുമെല്ലാം എല്ലായ്പ്പോഴും അതിനു മാത്രമായിരിക്കും അങ്ങനെ പ്രവർത്തിക്കുന്നവരെ പണക്കാർ പണം കൊണ്ടും അറിവുള്ളവർ ഉപദേശംകൊണ്ടും സഹായിക്കണം.അപ്പോൾ പ്രവൃത്തി അതിശക്തിയിൽ മുന്നോട്ടുപോകും. മറ്റു ജോലിയുള്ളവർ നേരമുള്ളപ്പോൾ മാത്രം സമുദായപരിഷ്ക്കരണത്തിനിറങ്ങിയാൽ അതുകൊണ്ടു യാതൊരു കാര്യവും നടക്കുകയില്ലെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

നായർ സമുദായത്തിൽ വല്ല പരിഷ്ക്കാരവും വരുത്തണമെന്ന് ആഗ്രഹമുണ്ടെങ്കിൽ സ്ത്രീകൾക്കുകൂടി സമാജത്തിൽ ശരിയായ സ്ഥാനം നൽകേണ്ടതാണ്. ഇന്ന് ഈ മൂന്നു ചെറുസഹോദരികൾ ഇവിടെ ഹാജരായിരുന്നില്ലെങ്കിൽ ഉത്തരകേരളത്തിൽ നായർ സ്ത്രീകൾ ഉണ്ടെന്ന് ഊഹിക്കാൻ തന്നെ പ്രയാസം നേരിടുമായിരുന്നു. സ്ത്രീകളെ

കൂടാതെ സമുദായപരിഷ്ക്കാരമൊന്നും നടപ്പിലാക്കാൻ സാദ്ധ്യമല്ലെന്ന് നിങ്ങൾ ഇനിയെങ്കിലും ധരിക്കേണ്ടതാണ്. താലികെട്ടു കല്യാണം മുതലായ അനാചാരങ്ങൾ നിർത്തൽ ചെയ്യേണ്ടതാണെന്ന് ഞങ്ങളുടെ നാട്ടിലെ പുരുഷൻമാർപല ഗംഭീര പ്രസംഗങ്ങൾ ചെയ്തിട്ടും നിശ്ചയങ്ങൾ പാസ്സാക്കിയിട്ടും ആദ്യകാലത്ത് യാതൊരു പ്രയോജനവുമുണ്ടായില്ല. നിശ്ചയം പാസ്സാക്കിയ മഹാൻ വീട്ടിൽച്ചെന്ന് തൻറെ പുത്രിയുടെ കെട്ടുകല്യാണം കഴിക്കേണ്ട ആവശ്യമില്ലെന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ വൃദ്ധയായ അമ്മ ഒന്നു ചാകണ്ടേ? ഇങ്ങനെ അമ്മയുടെയും മറ്റൊരു വശത്തുകൂടി വരുന്ന ഭാര്യയുടെയും നിർബന്ധങ്ങൾക്കു കീഴ്പ്പെട്ട പ്രമാണി നായർ സമാജനിശ്ചയത്തിനു വിപരീതമായി കെട്ടുകല്യാണം കഴിക്കും. അങ്ങനെയുള്ള പ്രമാണികളെ ജനങ്ങൾ കുറ്റം പറഞ്ഞ് ഓടിച്ചു തുടങ്ങി. ഇതിനുള്ള നിവൃത്തി ആലോചിച്ചു ഞങ്ങൾ കണ്ടുപിടിച്ചതു സ്ത്രീകളെയും കൂടി സഭകളിൽ കൊണ്ടുവരുകയെന്നുള്ളതാണ്. അവർ നേരിട്ട് ഈമാതിരി അനാചാരങ്ങളെ നിറുത്തൽ ചെയ്യാനുള്ള പ്രസംഗങ്ങൾ - കാര്യകാരണ സഹിതമുള്ള പ്രസംഗങ്ങൾ - കേട്ടപ്പോൾ അവർത്തന്നെ അതു നിർത്തൽ ചെയ്യുന്നതിനു സമ്മതിച്ചു. താലികെട്ടു കല്യാണം ഇന്നും ഇവിടെ നിലനിൽക്കുന്നുണ്ടെന്നു കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. മലബാറിൽ താലികെട്ടു പരിഷ്ക്കരിച്ചതായി അറിയാം. നാലുദിവസത്തെ കല്യാണം രണ്ടു ദിവസവും ഒരു ദിവസവും ആക്കിയയവരും നമ്മുടെ കുലസ്ത്രീകളെ വീട്ടിൽ നിന്നും പുറത്തിറക്കി ക്ഷേത്രത്തിൽ കൊടിമരച്ചുവട്ടിൽ കൊണ്ടു ചെന്നു വെച്ചുകെട്ടുന്നവരും ഉണ്ടെന്നു കേട്ടു.

***സംഘടിക്കുക, മുന്നേറുക**

ഇതെന്തു പരിഷ്ക്കാരമാണ്? കെട്ടുകല്യാണത്തെ നാം എതിർക്കുന്നത് ദിവസത്തിൻറെ എണ്ണമോ ചെലവിൻറെ വണ്ണമോ നോക്കിയല്ല. അപമാനകരമായ ആ ക്രിയയെ ആണ് നാം എതിർക്കുന്നത്. ഒരു നമ്പൂതിരി ഒരന്തർജ്ജനത്തിനെ കല്യാണം കഴിച്ചു എന്നു കേട്ടാൽ നാം അവരെ അറിയില്ലെങ്കിൽക്കൂടി നാം മനസ്സിലാക്കുന്നത് ആ നമ്പൂതിരിക്ക് ഒരു ഭാര്യയും ആ അന്തർജ്ജനത്തിന് ഒരു ഭർത്താവും ഉണ്ടായെന്നാണ്. അതുപോലെ ലോകത്തിലെ ഏതു ജാതിയിലുംപെട്ട ഒരു പുരുഷൻ ഒരു സ്ത്രീയെ കല്യാണം കഴിച്ചു എന്നു കേട്ടാലും നാം ധരിക്കുന്നത് പുരുഷന് ഒരു ഭാര്യയും സ്ത്രീക്ക് ഒരു ഭർത്താവും ഉണ്ടായെന്നു തന്നെയാണ്. ഇതു തീർച്ചപ്പെട്ടു ഒരു കാര്യമാണ്. അതുപോലെ തന്നെ ലോകത്തിലെ ഏതു ജാതിയിലും പെട്ട തീർച്ചപ്പെട്ട കാര്യമാണ് നായരുടെ കല്യാണവും. ഒരു നായർ തറവാട്ടിൽ കല്യാണം കഴിഞ്ഞു എന്നു കേട്ടാൽ എല്ലാവരും മനസ്സിലാക്കുന്നത് അവിടുത്തെ സ്ത്രീക്ക് ഒരു ഭർത്താവുണ്ടായില്ലെന്നും പുരുഷന് ഒരു ഭാര്യ ഉണ്ടായില്ലെന്നുമാണ്. ഇത്ര അപമാനകരമായ കാര്യം ഇത്രയും കാലം നടന്നാൽ പോരേ? തിരുവിതാംകൂറിൽ കെട്ടുകല്യാണം നിന്നിട്ടു പതിനഞ്ചു കൊല്ലം കഴിഞ്ഞിരിക്കും. തെരണ്ടുകല്യാണം കേൾക്കാൻ തന്നെയില്ല. പുളികുടിച്ചില്ലെങ്കിലും പ്രസവിക്കാൻ കഴിയുമെന്ന് അവിടുത്തെ സ്ത്രീകൾ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ പെൺകുട്ടികൾക്ക് ഭർത്താവായി വരുന്നയാൾ മിന്നുകെട്ടിയാൽ പോരേ? അതു സർവസമ്മതമായി സാധിക്കണമെങ്കിൽ സ്ത്രീകൾക്കു സമാജങ്ങളിൽ പ്രവേശനവും നൽകുന്നത്.

വടകര എന്ന പ്രദേശത്ത് (കടത്തനാട്ടിൽ) ഞങ്ങൾ അന്വേഷിച്ചപ്പോൾ 250 കുട്ടികൾ പഠിക്കുന്ന അവിടുത്തെ പെൺപള്ളിക്കൂടത്തിൽ ഏഴു നായർ പെൺകുട്ടികളാണ്

പഠിക്കുന്നതെന്നു മനസ്സിലായി. സ്ത്രീകളെപ്പറ്റി നിങ്ങൾ അത്ര ഗൗരവമായി കരുതിയിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇതിന് ഒരു മാറ്റം വരുത്താൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണമെന്ന് അപേക്ഷിക്കുന്നു.

ഞങ്ങൾ ശൂദ്രരായിപ്പോയ കാലത്തും നിങ്ങൾ നായരായിരുന്നെങ്കിലും ഞങ്ങൾ ശൂദ്രത്വം വിട്ടു നായരായിക്കഴിഞ്ഞിട്ടും നിങ്ങളിൽ ശൂദ്രവിശ്വാസം കാണുന്നുണ്ട്. നാലാം ജാതിയിൽപ്പെട്ട ശൂദ്രനാണ് നായരെന്ന് ഇന്നും വിചാരിക്കുന്നു. കേരളത്തിൽ ജാതിയുണ്ടെങ്കിൽ അവർ ഒന്നാം ജാതിയിൽപ്പെട്ടവരാണെന്ന് രാജ്യത്തിനുവേണ്ടി പൗരുഷത്തോടുകൂടി ജീവിച്ച നായന്മാരിൽപ്പെട്ടവരാണ് ഇവിടുത്തെ സ്ഥാനികളും ഇടപ്രഭുക്കന്മാരും രാജാക്കന്മാരും എന്നുനാം മനസ്സിലാക്കണം. നായരുടെ നാലാം ജാതിത്വവും അടിമത്തവും എല്ലാം വെച്ചുവാഴിക്കുന്നത് അമ്പലത്തിലാണ്. നായരുണ്ടാക്കിയ അമ്പലത്തിൽ അവർ കെട്ടിച്ച മണ്ഡപത്തിൽ നായർക്കു കയറി നമസ്ക്കരിക്കാൻ പാടില്ല പോലും! ക്ഷേത്രം ഒരു മഹത്തായ ഉദ്ദേശ്യത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ളതാണ്. അതു മനുഷ്യനെ ദേവനാക്കാനുള്ള ഒരു സ്ഥാപനമാണ്. അതു ദുഷിച്ചു നശിക്കാറായിരിക്കുന്നു. സ്വാർഥതല്പരന്മാരായ ദുഷിച്ച ചിലരുടെ സ്വാനുഭവത്തിനും സഹോദരന്മാരെ ആട്ടിപ്പായിക്കുന്നതിനുമുള്ള ഒരു സ്ഥാപനമായിക്കഴിഞ്ഞിരിക്കുന്നു. എന്നിട്ടും നായർ കണ്ണുതുറക്കുന്നില്ല.

***സംഘടിക്കുക, മുന്നേറുക**

കാലത്തെ കുളിച്ചു ശരീരത്തിനു സുഖവും മനസ്സിന് ഏകാഗ്രതയും ഉണ്ടാക്കാൻ വേണ്ടിയാണ് മണ്ഡപത്തിൽ നമസ്ക്കരിക്കാനുള്ള ഏർപ്പാട്. നാം എട്ടണ ഒരു നമ്പൂതിരിക്കോ പട്ടർക്കോ കൊടുത്തു നമസ്ക്കരിപ്പിച്ചാൽ അവരുടെ നെഞ്ചു വിരിയുകയും വയറു വീർക്കാൻ മാർഗ്ഗമുണ്ടാകുകയും ചെയ്യും എന്നല്ലാതെ അതുകൊണ്ടു നായർക്കെന്തു പ്രയോജനമാണ്? അതേ സമയത്ത് കൈകെട്ടി ഭക്തിയോടുകൂടി കുനിഞ്ഞുനില്ക്കുന്ന നായരുടെ നട്ടെല്ല് ഇന്നത്തെക്കാൾ അധികം വളയുന്നതു കാണാൻ കഴിയും. നടയ്ക്കു മണി കെട്ടിത്തൂക്കാനും ഊട്ടുപുരയിൽ അരിയും സാമാനവും ചുമന്നു കൊണ്ടുചെന്നു കൊടുക്കാനും ആനയെ കുളിപ്പിക്കാനും നായർക്കാണ് ബാദ്ധ്യത. മണിയടിക്കാനും ഉണ്ണാനും ആനപ്പുറത്തു കയറാനും പിന്നൊരു ജാതിക്കാണവകാശം. സ്ത്രീകളെ ക്ഷേത്രത്തിലയച്ചു താഴ്ന്ന ജാതിയാണെന്നുള്ള വിശ്വാസം അവരിലുണ്ടാക്കി അനന്തര തലമുറകൂടി നശിക്കാൻ ഇടയാക്കാതെയെങ്കിലും സൂക്ഷിക്കേണ്ടതാണ്. താൻ ഒരു വലിയ വംശത്തിൽ ജനിച്ചവനാണെന്നും വലിയവനാണെന്നും വിശ്വാസമുണ്ടായി എങ്കിൽ മാത്രമേ നമുക്കു വളരാൻ സാധിക്കുകയുള്ളൂ. ഇന്നത്തെ സമ്പ്രദായത്തിലുള്ള അമ്പലവിശ്വാസം നമ്മെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. അമ്പലം പരിഷ്ക്കരിക്കുന്നതുവരെ ഭാര്യയും ഭർത്താവും കുഞ്ഞുങ്ങളും അവരുടെ ഭവനത്തെ ക്ഷേത്രമായി കരുതി ഈശ്വരദർശനം നടത്തേണ്ടതാണ്. വക്കീൽ മുഖാന്തിരം ഈശ്വരഭജനം നടത്തുന്ന ഇന്നത്തെ ഏർപ്പാടു മാറ്റി നമുക്ക് നേരിട്ട ഈശ്വരാരാധന ചെയ്യാനുള്ള സ്വാതന്ത്ര്യം നാം സമ്പാദിക്കണം. അപ്പോൾ ശൂദ്രവിചാരത്തിൻറെ ലാഞ്ഛനപോലും നമ്മിൽ കാണുകയില്ല.

ഇനി ഒരു കാര്യം കൂടി പറഞ്ഞ് എൻറെ പ്രസംഗം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു. ഇന്നലെ ഞങ്ങൾ തളിപ്പറമ്പുയോഗത്തിൽ സംബന്ധിച്ചിരുന്നു. അവിടുത്തെ ഒരു വക്കീലായ ഒരു മി. നമ്പ്യാർ ഒടുവിൽ സംസാരിച്ച കൂട്ടത്തിൽ പറഞ്ഞ ഒരു കാര്യം എന്നെ വല്ലാതെ വ്യസനിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്തു. ഇതാണ് അദ്ദേഹം പറഞ്ഞ ഭാഗം. 'ഇവിടെ നായരും അവർക്ക് ധനവും കുറവാണെന്നു മി. പിള്ള പറഞ്ഞത് പിശകാണ്. ഈ തളിപ്പറമ്പിലുള്ള കള്ളുഷാപ്പിൽ മാസം 6000 രൂപാ കിസ്റ്റ് അടയ്ക്കുന്നുണ്ട്. 4000 രൂപയെങ്കിലും അയാൾ മാസം ലാഭം സമ്പാദിക്കുന്നുണ്ടായിരിക്കും. ഈ സംഖ്യ ആരിൽനിന്നുണ്ടാകുന്നു? നമ്പൂതിരിമാർ മദ്യപാനം ചെയ്യുകയില്ല. മഹമ്മദീയരും കുടിക്കയില്ല. പിന്നാരാണ് കുടിക്കുന്നത്? നായരാണെന്നു സ്പഷ്ടമല്ലേ?' നായരുടെ മദ്യപാനത്തെപ്പറ്റി പരസ്യമായി ഒരു സഭയിൽ പറയുന്നത് ഞാനാദ്യമായിട്ടാണ് കേട്ടത്. ഇന്നു ഞങ്ങൾ ഈ ഹാളിൽ വന്നു കയറിയപ്പോൾ പ്രസംഗിച്ചുകൊണ്ടുനിന്ന സരസനായ രയിരുനമ്പ്യാരവർകളുടെ പ്രസംഗവും ഈ വിഷയത്തെപ്പറ്റിത്തന്നെയായിരുന്നു. അത് എന്നെ വല്ലാതെ അമ്പരപ്പിച്ചു. ഇത്രയധികം പ്രമാണികളായ നിങ്ങളുടെ മുഖത്തുനോക്കി കള്ളുകുടിക്കരുതെന്നു പരസ്യമായി പറയത്തക്ക ഒരു നിലയാണ് നമ്മുടെ സമുദായത്തിനുള്ളതെങ്കിൽ നാം വളരെ ഭയപ്പെടണം. അതിലധികം വ്യസനിക്കണം. അതിലുമധികം ലജ്ജിക്കണം. തിരുവിതാംകൂറിലെ നായർ സദസ്സിൽവെച്ച് ഇങ്ങനെയൊരു വാക്കുച്ചരിക്കാൻ ആരും ആഗ്രഹിക്കപോലും ചെയ്യുകയില്ല. അതിന് ഒരുമ്പെട്ടാൽ അയാൾക്കു പിന്നെ സമുദായത്തിൽ സ്ഥാനം തന്നെ കാണുകയില്ല. ഇന്ന് മദ്യപാന നിരോധനത്തിന് ഒരു പ്രമേയം തന്നെ ഈ യോഗം പാസാക്കിയിരിക്കുന്നു. ഇതെല്ലാം അത്ഭുതപ്പെടേണ്ട ഒരു കാര്യമാണ്. അത് പ്രസംഗിച്ച രയിരുനമ്പ്യാരവർകൾ ഹൃദയവേദനയോടുകൂടിയാണ് നിങ്ങളോടു സംസാരിച്ചതെന്ന് ഓർക്കുകയും അതിൻറെ നിവാരണത്തിനു ഗാഢമായി ശ്രമിക്കയും ചെയ്യേണ്ടതാണ്.

നിങ്ങൾക്ക് അസുഖമുണ്ടാക്കുന്ന വല്ല കാര്യങ്ങളും ഞാൻ പറഞ്ഞു പോയിട്ടുണ്ടെങ്കിൽ അവയെല്ലാം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.
**********************************

***1932 - പെരിന്തൽമണ്ണ പ്രസംഗം***
**************************************

***സമുദായാംഗങ്ങളിലുള്ള മാലിന്യങ്ങൾ കഴുകിക്കളയാനുള്ള ശ്രമമാണ്**
മലബാർ ഡിസ്ട്രിക്റ്റിലെ പല ഭാഗങ്ങളും കണ്ടുകണ്ടാണ് ഞങ്ങൾ ഇവിടെ എത്തിയത്. ഇതിനു മുമ്പു കണ്ട പല പ്രദേശങ്ങളെപ്പോലെ ഇപ്രദേശവും ഞങ്ങൾക്കു പുതുതാണ്. ഇത്രയധികം ആളുകളെ ഒരുമിച്ച് കാണാൻ സൗകര്യമുണ്ടാക്കിത്തന്നതിനു നന്ദി പറയുന്നു. ഞങ്ങളെ വേണ്ടവണ്ണം സ്വീകരിക്കാൻ പറ്റാത്തതിൽ ബഹുമാന്യനായ അഗ്രാസനൻ വ്യസനിക്കുന്നതിൽ ഞങ്ങൾക്കു വ്യസനമുണ്ട്. ഏതു ദേശത്തു ചെന്നാലും ചെല്ലുമ്പോൾ സ്വാഗതം ചെയ്യുന്ന പതിവല്ലേ നമുക്കുള്ളൂ. എന്നാൽ പെരിന്തൽമണ്ണയിൽ ഞങ്ങൾ വരുന്നു എന്നറിഞ്ഞപ്പോൾത്തന്നെ എൻറെ ഒരു മാന്യമിത്രമായ പാണ്ടം വാസുദേവൻ നമ്പൂതിരിയും മറ്റൊരു മിത്രമായ കുഞ്ഞിക്കണ്ണൻ നമ്പ്യാരവർകളും നിങ്ങളുടെ പ്രതിനിധികളുടെ നിലയിൽ സ്വാഗതം പറയുകയും ഞങ്ങളുടെ വരവിനെ കാത്തിരിക്കയും ചെയ്തിട്ടുണ്ട്. ഇതിൽ കവിഞ്ഞൊരു അതിഥി സൽക്കാരം ആവശ്യവും സാദ്ധ്യവുമല്ല.

നായർ സമുദായമാകുന്ന ചെറുവൃക്ഷത്തിൽ ജീവിക്കുന്നവരാണ് നിങ്ങളെല്ലാം. അതിൻറെ നന്മയ്ക്കുതന്നെ പ്രധാനമായി പ്രവർത്തിക്കുന്നവരുമാണ്. ഞങ്ങളുടെ പ്രവൃത്തി മൂലമുണ്ടാകുന്ന വർഗ്ഗീയ സഭകൾ വർഗ്ഗവൈരമുണ്ടാക്കുന്നതാണെങ്കിൽ ഭയപ്പെടണം. അങ്ങനെ ഒരു മഹാപാപകർമ്മത്തിനു പ്രേരിപ്പിക്കാൻ പുറപ്പെട്ടിട്ടുള്ളവരല്ല ഞങ്ങൾ. ഇന്നത്തെ അദ്ധ്യക്ഷൻറെ അഭിപ്രായം തന്നെയാണ് വർഗ്ഗീയ സഭകളെപ്പറ്റി മലബാറിലെ പഠിപ്പുള്ള മിക്ക നായന്മാർക്കുമുള്ളതെന്ന് ഈ സഞ്ചാരംമൂലം ഞങ്ങൾക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. വർഗ്ഗീയ സഭ, പൗരന്മാരുടെ ഐക്യബോധത്തിനു ബാധകമാകുമെന്നു വിചാരിക്കുന്നത് സർവാബദ്ധമാണ്. നേരേമറിച്ച് സാമുദായിക സഭകൾ സ്ഥാപിച്ച് ഓരോ സമുദായാംഗത്തെയും വിദ്യാഭ്യാസവും മതബോധവും മനുഷ്യൻ ആണെന്നുള്ള അറിവും ഉണ്ടാക്കിയാൽ കാലക്രമേണയെങ്കിലും ജാതിയും ഉച്ചനീചത്വങ്ങളും നീങ്ങി നാം ഭാരതീയരായിത്തീരുന്നതാണ്. 'ഒന്നാമത് ഭാരതീയൻ' രണ്ടാമത് നായർ എന്നുള്ള ബോധമാണ് ഇവർക്കുണ്ടാകേണ്ടത് എന്ന് അഗ്രാസനൻ പറഞ്ഞത് ശരിയാണ്. അതു പോലെ തന്നെ ഒന്നാമത് നായർ, രണ്ടാമത് ഭാരതീയൻ എന്നു വിചാരിക്കുന്നതും ശരിയാണ്. ഈ രണ്ടും ശരിയും ശരി തന്നെയാണ്.

താൻ ഒരു നായരാണെന്നു വിചാരിക്കാനും തനിക്കടുത്തുള്ളവരെ സ്നേഹിക്കാനും കഴിയാത്ത ഒരാൾക്കു ഭാരതീയനെന്ന് പറയാൻ മാത്രമേ സാധിക്കൂ. 'ഒന്നു' വളർന്നു 'രണ്ടാ'കുന്നതുപോലെ നായർ വളർന്നു ഭാരതീയനാകുമ്പോഴാണ് രാജ്യസ്നേഹത്തിന് അടിയുറപ്പുണ്ടാകുന്നത്. സമുദായസ്നേഹവും രാജ്യസ്നേഹവും രണ്ടല്ല. അവ ഒരേ അവസരത്തിൽ വെച്ചുകൊണ്ടിരിക്കാവുന്നതും വളർത്താവുന്നതുമാകുന്നു.ഒന്നും മാറ്റിവയ്ക്കത്തക്കതല്ല. പെറ്റമ്മയെ സ്നേഹിക്കാത്തവനു ലോക സാഹോദര്യ ബോധം എങ്ങനെയാണുണ്ടാവുക?

***സമുദായാംഗങ്ങളിലുള്ള മാലിന്യങ്ങൾ കഴുകിക്കളയാനുള്ള ശ്രമമാണ്**

ഒരു മനുഷ്യൻ ഒരമ്മയുടെ മകനും ഭാര്യയുടെ ഭർത്താവും പുത്രൻറെ അച്ഛനുമായി ഒരേ അവസരത്തിലിരിക്കാൻ കഴിയുന്നതുപോലെ ഒരാൾക്കു സമുദായത്തിലെ അംഗവും രാജ്യത്തിലെ പൗരനുമായി ഒരേ അവസരത്തിൽത്തന്നെ ഇരിക്കാൻ കഴിയുന്നതാണ്. താൻ മകനായിരിക്കുന്നിടത്തോളം കാലം ഭർത്താവായിരിക്കാനും അച്ഛനായിരിക്കാനും സാധ്യമല്ലെന്നു വിചാരിക്കുന്ന ഒരാളുടെ അമ്മയ്ക്കു ദീർഘായുസ്സുണ്ടായിപ്പോയെങ്കിൽ അയാൾക്കു ദാമ്പത്യബന്ധവും പുത്രബന്ധവും ഉണ്ടാകാൻ സാദ്ധ്യമല്ലെന്നു വന്നുകൂടുകില്ലേ?

സമുദായസംഘം ഉണ്ടാക്കുന്നത് ഓരോ സമുദായത്തേയും ഇന്നത്തെ മട്ടിൽ സംരക്ഷിക്കാനല്ല; സമുദായങ്ങളെ സംസ്ക്കരിച്ച് അവയെ വേർപിരിഞ്ഞ ആചാരങ്ങളിലും നാമങ്ങളിലും നിന്നു വേർപെടുത്തി പേരില്ലാത്ത മനുഷ്യസമുദായമാക്കാനാണ്. ഈ തത്ത്വം ഏതു രാജ്യസേവനക്കാർക്കും അംഗീകരിക്കാതിരിക്കാൻ സാദ്ധ്യമല്ല. കേരളത്തിലെ ഒന്നായി നില്ക്കുന്ന സമുദായത്തെ വേർതിരിച്ചു സമാജം ഉണ്ടാക്കാനല്ല ഞങ്ങൾ ശ്രമിക്കുന്നത്. വളരെക്കാലമായി വേർപിരിഞ്ഞ് അന്യോന്യം ഭക്ഷണത്തിനും വിവാഹത്തിനും മാർഗ്ഗമില്ലാതെ തമ്മിൽ തൊടാനും അടുക്കാനും നിവൃത്തിയില്ലാതെ അകറ്റി നിർത്തിയിരിക്കുന്ന സമുദായങ്ങളുടെ ഇടയ്ക്കുള്ള എലുകക്കല്ലുകളെ പറിച്ചുകളഞ്ഞ്

സമുദായാംഗങ്ങളിലുള്ള മാലിന്യങ്ങളെ കഴുകിക്കളഞ്ഞ് ഒന്നാക്കാനുള്ള ശ്രമമാണ് സർവീസ് സൊസൈറ്റിക്കുള്ളത്.

സ്വസമുദായ നന്മയ്ക്കു ജോലി ചെയ്യുന്ന കൂട്ടത്തിൽ സഹോദര സമുദായങ്ങളുടെയും വിശേഷിച്ച് അധഃകൃത വർഗ്ഗങ്ങളുടെയും നന്മയ്ക്ക് ഞങ്ങൾ ജോലി ചെയ്തുകൊണ്ടാണിരിക്കുന്നത്. സർവീസ് സൊസൈറ്റിയുടെ പതിനാറു കൊല്ലത്തെ ജോലികൊണ്ട് സമുദായ മൈത്രിയും സാമാന്യം പോലെ സ്ഥാപിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

കേരളം ഒരു ഭ്രാന്തശാലയാണെന്ന് നമ്മുടെ ജാതിപ്പിരിവു കണ്ടു പരിഭ്രാന്തനായ സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ള കാര്യം ആരും വിസ്മരിച്ചു കളയരുത്. വളരെക്കാലമായി പ്രത്യേക നിലയിൽ ജീവിക്കുന്ന കേരളത്തിലെ ഓരോ സമുദായവും ഓരോ തരം അവശതകളിൽപ്പെട്ടു കിടക്കുകയാണ്. ഇന്നു കേരളത്തിൽ ഒരു സമുദായത്തിനാവശ്യമുള്ള  പരിഷ്ക്കാരമല്ല മറ്റൊരു സമുദായത്തിൻറെ പരിഷ്ക്കാരമായി ആരംഭിക്കേണ്ടത്. അതു കൊണ്ട് ഒന്നാകെ സമുദായപരിഷ്ക്കാരശ്രമം സാദ്ധ്യമല്ല തന്നെ. 'നായർ' എന്ന ശബ്ദത്തിൽ ഒരു സമുദായം പ്രത്യേകം നിർണ്ണയിക്കപ്പെടുന്ന കാലംവരെ - 'നമ്പൂതിരി' എന്ന പേരിൽ ഒരു സമുദായം ഉള്ള കാലം വരെ - 'തീയൻ' എന്നൊരു ജാതിനാമം ഉള്ള കാലം വരെ, പ്രത്യേക സമാജങ്ങൾ കൂടാതെ കഴിയുകയില്ല. അതുകൊണ്ട് തൽക്കാലനിലയ്ക്കു നമുക്കും നായർ സമാജം കൂടാതെ കഴികയില്ല.

***1935 - 777ആം നമ്പർ കുമാരനല്ലൂർ കരയോഗം ഉദ്ഘാടനം -  സ്ത്രീസമ്മേളന പ്രസംഗം***

***സ്ത്രീകൾ ബാദ്ധ്യതകളറിഞ്ഞ് ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുക**

ഞാൻ ഇന്നു പ്രസംഗിക്കാൻ വന്നതല്ല. കേവലം ഒരു ക്ഷമാപണത്തിനു വേണ്ടി മാത്രമാണ് ഞാനിവിടെ നില്ക്കുന്നത്. കുട്ടികൾ കുറച്ചൊക്കെ തിരക്കു കൂട്ടുന്നതുകൊണ്ട് അല്പം വല്ലതും പറഞ്ഞാലും അതു നിങ്ങൾക്കു കേൾക്കാൻ സാദ്ധ്യവുമല്ല. ഇന്ന് മി. ടി.പി. വേലുക്കുട്ടിമേനോൻ വരുമെന്നും അദ്ദേഹത്തിന്റെ പ്രസംഗമുണ്ടാകുമെന്നും നിങ്ങൾ നേരത്തെ അറിഞ്ഞു കാണും. എന്നാൽ മുൻകൂട്ടി നിശ്ചയിച്ചിരുന്ന പ്രകാരം മറ്റൊരു ദിക്കിൽ ജോലിക്കുപോയ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിനു നിങ്ങളോട് ക്ഷമായാചനം ചെയ്യുക എന്നുള്ളതിൽ കവിഞ്ഞ് എനിക്കു മറ്റൊന്നും സാദ്ധ്യമല്ല. മി. വേലുക്കുട്ടിമേനവൻറെ പ്രസംഗം കേൾക്കാനാഗ്രഹിച്ചുവന്ന സഹോദരിമാർ നിരാശപ്പെടരുത്. അദ്ദേഹം ഇപ്പോഴുമുണ്ട്, പ്രസംഗവും കൈവശമുണ്ട്. ഇന്നു നിങ്ങൾക്ക് അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ പറ്റിയില്ലെന്നല്ലാതെ മറ്റൊരു പ്രദേശത്തുള്ള നിങ്ങളുടെ സഹോദരികൾ ഈ സമയത്ത് അദ്ദേഹത്തിന്റെ സുമധുരമായ പ്രസംഗം കേട്ടു സുഖിക്കുകയാണെന്നറിയുമ്പോൾ സഹോദരിമാരോടു സ്നേഹമുള്ള നിങ്ങൾക്കും അതിൽ സുഖിക്കാനല്ലേ അവകാശമുള്ളൂ എന്നാണെൻറെ സമാധാനം.  ഞാൻ ഇവിടെ വന്നപ്പോൾ ഈ ഹാളിനകത്തു നടക്കുന്ന സ്ത്രീ സമ്മേളനത്തിൽ അധികവും പുരുഷൻമാരായിരിക്കുമെന്നാണ് വിചാരിച്ചത്. എന്നാൽ അങ്ങനെയല്ലാതെ

കാണുന്നതിൽ ഞാൻ സന്തോഷിക്കുകയും അല്പം പരിഭ്രമിക്കുകയും ചെയ്യുന്നു. ഞാനും എൻറെ സ്നേഹിതൻ മി. തുപ്പൻ നമ്പൂതിരിയും നിങ്ങളുടെ നടുവിൽ എങ്ങനെയോ അകപ്പെട്ടു പോയതുകൊണ്ട് ഞങ്ങളും സ്ത്രീകളാണെന്നു നിങ്ങളെല്ലാം കൂടി ഒരു നിശ്ചയം പാസ്സാക്കിയേച്ചാൽ ഭൂരിപക്ഷത്തെ ബഹുമാനിച്ചു ശീലിച്ചിട്ടുള്ള ഞങ്ങൾ അതിനു വഴിപ്പെടാതെ തരമില്ലല്ലോ എന്നോർത്തിട്ടാണ് പരിഭ്രമം. അത്രേയുള്ളൂ. അമ്പലത്തിൽ പോകാനും ഉത്സവം കാണാനും ഷഷ്ഠിവ്രതത്തിനു പട്ടിണി കിടക്കാനും അടുക്കളയിൽ കുനിഞ്ഞിരിക്കാനും മാത്രം പഠിച്ചിരിക്കുന്ന നിങ്ങൾ ഇങ്ങനെ സമുദായത്തെ ഓർമ്മിക്കാൻ തയാറാകുമെന്ന് ഞാനറിഞ്ഞതുകൊണ്ട് ഇനിയത്തെ തലമുറയിൽ നല്ല സന്തതികളുണ്ടാകുമല്ലോ എന്നു സന്തോഷിക്കുന്നു. സൂക്ഷ്മതക്കുറവിനാൽ എത്തിക്കാം എന്നു മാത്രം നിങ്ങൾ വിചാരിച്ചാൽ മതിയോ? കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനും കുടുംബ ഭരണം നടത്താനും പുരുഷൻമാർക്കാണു ബാദ്ധ്യതയെന്ന് എൻറെ സമുദായത്തിലെ സ്ത്രീകൾ മാത്രം വിചാരിക്കുന്നു. അതേസമയത്ത് ക്രിസ്ത്യൻ സ്ത്രീയോ ഈഴവ സ്ത്രീയോ ചെയ്യുന്നത് പുരുഷനെ തൊണ്ടുതല്ലിയോ കയർപിരിച്ചോ കുടുംബ ഭരണത്തിൽ സഹായിച്ചാണെന്ന് നിങ്ങൾ ഓർമ്മിക്കണം.

***സ്ത്രീകൾ ബാദ്ധ്യതകളറിഞ്ഞ് ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുക**

ചാക്കോ വേലയ്ക്കു പോയാൽ അയാളുടെ ഭാര്യയായ മറിയം സ്വന്തമായുള്ള ആറുകാൽപുരയിൽ പുട്ടുകച്ചവടമെങ്കിലും ചെയ്യും. അതിനു ചുറ്റിലും നായർകുട്ടികളാണ് പാർക്കുന്നതെങ്കിൽ പുട്ടധികം ചെലവാകും. ഇങ്ങനെ അവളുടെ ശ്രമത്തിൽ കുടുംബ ഭരണം നിർവഹിക്കുകയും ചാക്കോയുടെ പ്രയത്നഫലം സമ്പാദിക്കുകയും ചെയ്യുന്നു. കുറേക്കഴിയുമ്പോൾ പുഴുക്കൾ വണ്ടുകളായി മാറുന്നതുപോലെ ആറുകാൽപുരയിൽ പാർത്തിരുന്ന ചാക്കോയും മറിയവും വളർന്നു വരുന്നതു നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ പുട്ടുകച്ചവടത്തിനു പോകണമെന്നു മന്നത്തു പത്മനാഭപിള്ള പറഞ്ഞ് ആക്ഷേപിച്ചില്ലയോ എന്നെന്നെ ശകാരിച്ചേക്കരുത്. അങ്ങനെ ഞാൻ പറയുന്നില്ല. നിങ്ങൾക്ക് പശുവിനെ വളർത്താം, കോഴിയെ വളർത്താം, മാംസം തിന്നാത്തവർക്ക് പൈസയ്ക്കായിട്ടെങ്കിലും കോഴിയെ വളർത്താം.  കൃഷി എന്നു പറഞ്ഞാൽ കുഴിച്ചു മൂടുകയാണെന്നു പഠിച്ചിട്ടുള്ള നാം കോഴിക്ക്യഷി എന്നുപറഞ്ഞാൽ കോഴിയെക്കുഴിച്ചുമൂടുന്നു എന്നു വിചാരിച്ചേക്കരുത്. സസ്യങ്ങൾക്കൊണ്ടു ശരിയായ ആരോഗ്യം സമ്പാദിക്കാൻ സാധിക്കാത്ത കുഞ്ഞുങ്ങൾക്ക് കുറേശ്ശെ മുട്ടയും കൊടുത്താൽ തെറ്റില്ലെന്നു മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ പറഞ്ഞു. അതിനാൽ ധനസംബന്ധമായ ബാദ്ധ്യതകൾ പുരുഷന്മാർക്കൊപ്പം നിങ്ങൾക്കുമുണ്ടെന്നു മനസ്സിലാക്കി നിങ്ങൾ ഉയരാൻ ശ്രമിക്കണം. നമുക്കു മാതൃകയായിരിക്കുന്ന നമ്പൂതിരിസ്ത്രീകളെ നിങ്ങൾ നോക്കുക. അവർ  ലോകത്തെ നോക്കിക്കൊണ്ട് ഉത്തരവാദിത്വബോധത്യോടുകൂടി പുറത്തു വന്നു സമുദായ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇങ്ങനെ അന്തഃപുരത്തിലെ അന്തർജ്ജനങ്ങളും പുറത്തുള്ള ഇതര സമുദായ സഹോദരിമാരും അവരവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതു കാണുമ്പോഴെങ്കിലും നിങ്ങളുടെ ബാദ്ധ്യതകൾ നിങ്ങളറിഞ്ഞ് യഥാശക്തി ജോലി ചെയ്യാൻ തയ്യാറാകണം. പുരുഷനും സ്ത്രീയും രണ്ടായി നിന്നാൽ സമുദായ പരിഷ്ക്കാരം സാദ്ധ്യമല്ല. രണ്ടും ഒരുമിച്ചു ജോലി ചെയ്താൽ മാത്രമേ അതു സാദ്ധ്യമാകൂ. അതിനാൽ പ്രത്യേകം സ്ത്രീസമാജമുണ്ടാക്കാതെ കരയോഗത്തിൽ നിങ്ങളും ചേർന്ന് ഒന്നിച്ചു

പോകണമെന്നാണ് എൻറെ അഭിപ്രായം. കരയോഗത്തിൽ ചേരണമെന്ന് ഇവിടെയുള്ള നിങ്ങളോട് പറഞ്ഞാൽ ഇനി ഒരു പത്തു കൊല്ലത്തേക്കുകൂടി അതുണ്ടാകില്ലെന്നറിയാവുന്ന ഞാൻ അതിലേക്കുള്ള പരിശീലനത്തിനു കുറച്ചുകാലത്തേക്കുകൂടി വേണമെങ്കിൽ ഈ സമ്മേളനം ശരിയാണെന്നു സമ്മതിച്ചേക്കാം. അതിനാൽ ബാദ്ധ്യതകളറിഞ്ഞ് ലക്ഷ്യം തെറ്റാതുള്ള പുരോഗമനശ്രമങ്ങൾ വീതപ്രകാരം നിങ്ങളും ചെയ്യണമെന്നു മാത്രം പറഞ്ഞു കൊണ്ടും മി. വേലുക്കുട്ടിമേനോൻറെ അസാന്നിദ്ധ്യത്തിൽ നിങ്ങൾ ക്ഷമിക്കണമെന്ന് ഒരിക്കൽക്കൂടി അപേക്ഷിച്ചുകൊണ്ടും ഞാൻ വിരമിച്ചു കൊള്ളുന്നു.

*സ്ഥിരപ്രയത്നംകൊണ്ട് ഉയരുവിൻ*

***1936ൽ കുമാരനല്ലൂർ കരയോഗവാർഷികത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം***

ഇന്നത്തെ ഈ മഹൽസമ്മേളനത്തിൽ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുവാൻ അർഹതയും യോഗ്യതയും ഉള്ള പല മാന്യന്മാരും മഹതികളും ഇവിടെത്തന്നെയുണ്ടെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങളുടെ സ്നേഹപുരസ്സരമുള്ള ആജ്ഞയ്ക്കു വശംവദനനായി എന്നെത്തന്നെ മറന്നു ഞാനിവിടെയിരുന്നുപോയതാണ്. കുമാരനല്ലൂരെ സുപ്രസിദ്ധമായ ദേവീക്ഷേത്ര സന്നിധാനത്തിലുള്ള ഈ ഹാളിൽവെച്ച് എൻറെ സമുദായത്തിലെ സഹോദരീസഹോദരന്മാരും നമ്മുടെ സമുദായത്തോടനുഭാവമുള്ള നമ്പൂതിരി സമുദായാംഗങ്ങളും ചേർന്ന് നടത്തുന്ന ഈ മഹൽ സമ്മേളനത്തിൽ പങ്കുകൊള്ളാൻ ഇടയായതിൽ ക്രമാധികമായ ചാരിതാർത്ഥ്യമുണ്ട്. ഇതിനിടയാക്കിയ ഭാരവാഹികളോടും വിശിഷ്യ ശ്രീമാൻ ആണ്ടൂർ ശങ്കരപിള്ള അവർകളോടും ഞാൻ കൃതജ്ഞനായിരിക്കുന്നു.

കുമാരനല്ലൂർ നായർ യോഗം കൂടുമ്പോൾ നമ്പൂതിരിമാർ എങ്ങനെ സഹകരിക്കും എന്നു ഞാൻ ഇന്നാദ്യമായിട്ടല്ലാ അറിയുന്നത്. ഈയിടെ കോട്ടയത്തുവെച്ചു നടന്ന സമസ്ത കേരള നായർ മഹാസമ്മേളനത്തിൽ അദ്ധ്യക്ഷനായി വരിക്കപ്പെട്ടിരുന്ന മഹാനും സുപ്രസിദ്ധനായ സർ സി. ശങ്കരൻ നായർ അവർകളുടെ പുത്രൻ ശ്രീ ആർ.എം. പാലാട്ട് അവർകളെ ഇവിടുള്ള നമ്പൂതിരിമാർ എങ്ങനെയാണ് സ്വീകരിച്ചതെന്ന് എന്നോടൊപ്പം നിങ്ങളും ഓർമ്മിക്കുന്നുണ്ടല്ലോ. ഈ സമ്മേളനച്ചെലവിലേക്ക് ഏതു നായരും ചെയ്തതിൽ കവിഞ്ഞ് ഈ ക്ഷേത്രത്തിൻറെ പ്രാതിനിധ്യം വഹിക്കുന്ന തുപ്പൻ നമ്പൂതിരി അവർകൾ ധനസഹായം ചെയ്ത കാര്യവും നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. അങ്ങനെയുള്ള ഇവിടുത്തെ നമ്പൂതിരി സമുദായാംഗങ്ങൾ നിങ്ങളുടെ സംഘടനയിലും ഐശ്വര്യത്തിലും എക്കാലത്തും സഹായമായിരിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല. എങ്കിലും നായർ ഒന്നു പഠിച്ചേക്കണം. നമ്പൂതിരിമാർ കാലോചിതമായി നമ്മെ സഹായിക്കത്തക്കവിധം ഇവിടെയുള്ള എൻറെ സമുദായാംഗങ്ങൾ പ്രവർത്തിക്കണം. ഇവിടെ നമ്പൂതിരിമാരും നായന്മാരും യോജിച്ചു ചെയ്യേണ്ട കൃത്യങ്ങൾ ബഹുലങ്ങളാണ്. അതൊന്നും ഇപ്പോൾ പറയാൻ നേരമില്ല. കെട്ടഴിഞ്ഞു കിടക്കുന്ന നായർ സമുദായാംഗങ്ങളെ നോക്കാനും സഹായിക്കാനും മൃദുലമനസ്കനായ നമ്പൂതിരിക്കു സാദ്ധ്യമല്ലെന്നോർമ്മിച്ചു കൊള്ളണം.

നമ്മുടെ പുരാണങ്ങൾ വഴിയായി ദൈവം കൂടി നമ്മെ പഠിപ്പിക്കുന്നതങ്ങനെയാണ്. *പുരുഷത്വവും സ്ത്രീത്വവും ഉള്ളവരെ മാത്രമേ ദൈവം തിരിഞ്ഞു നോക്കൂ.* *കർത്തവ്യധർമ്മത്തോടും സത്യധർമ്മത്തോടുംകൂടി ജീവിക്കുന്നവരെയല്ലാതെ ദൈവം നോക്കുകയില്ല.* കരുണാവാരിധിയായ ദൈവം ഈ വിധത്തിലാണെങ്കിൽ മനുഷ്യൻറെ കഥ പിന്നെ പറയാനുണ്ടോ?

*നായരുടെ പൂർവ്വചരിത്രം എത്ര മഹത്തായിരുന്നാലും അതുപോലെ ജീവിക്കാതെ അത് പാടിയാൽ അത് ആക്ഷേപമായിരിക്കും.* ഇതു പരസ്യമായി ഇതരസമുദായക്കാർ പോലും പറഞ്ഞു തുടങ്ങിയിരിക്കുന്നു. *നാം ശക്തിയോടുകൂടി സംഘടിക്കുന്നില്ലെങ്കിൽ നമ്മുടെ പൂർവ്വചരിത്രകഥനം അർത്ഥമില്ലാത്തതാകും.* സ്ഥാനം തെറ്റിയാൽ ബന്ധുക്കളും ശത്രുക്കളാകുമെന്നു നിങ്ങൾക്കറിഞ്ഞുകൂടേ? മദ്ധ്യാഹ്നസൂര്യൻറെ കിരണങ്ങൾ സ്വസ്ഥാനത്തു നിൽക്കുന്ന താമരപ്പുഷ്പത്തെ മനോഹരമാക്കി ആനന്ദിപ്പിക്കുന്നു. അതിനെ പറിച്ചു കരയ്ക്കിട്ടാൽ - വെള്ളത്തെക്കാൾ സുഖമല്ലയോ കര - അതേ സൂര്യരശ്മി തന്നെ അതിനെ ഉണക്കുന്നതു നാം കാണുന്നില്ലേ? അതുപോലെ പാമരംതെറ്റി സ്ഥാനം പിഴച്ച നായർക്ക് ബന്ധുവായ നമ്പൂതിരി ശത്രുവാകാതെ സൂക്ഷിച്ചു കൊള്ളണം.

ഇതരന്മാർ നമ്മെ കുറ്റം പറയുന്നുണ്ടെങ്കിൽ അതു നമ്മുടെ ഉത്തരവാദിത്വമില്ലായ്മയും സംഘടനയുടെ കുറവും നിമിത്തമാണെന്ന് ഓർമ്മിച്ചുകൊള്ളണം. ഈ ഓർമ്മയോടുകൂടി നാം സംഘടിച്ചു ശരിപ്പെട്ടാൽ ഇതരന്മാർ തനിയേ വന്നുകൊള്ളും. ആ മാതിരി സഹായമാണ് നമുക്കാവശ്യമെന്നു കരുതി പ്രവർത്തിക്കണം. *നായർ ആരുടെയും ചക്രവർത്തിയായില്ലെങ്കിലും ആരുടെയും അടിമയാകാതെ സൂക്ഷിച്ചുകൊള്ളണം. സ്വതന്ത്രന്മാരായി ആത്മാഭിമാനത്തോടുകൂടി ജീവിക്കണമെന്നർത്ഥം.*

ചെറിയാൻമാപ്പിളയുടെ രണ്ടര ചക്രത്തിൻറെ വെറ്റില-പുകയില വാങ്ങി ഇരുപത്തിയയ്യായിരം രൂപയുടെ വസ്തു തീറെഴുതി സ്ത്രീകളെയും കുഞ്ഞുങ്ങളെയും വഴിയാധാരമാക്കുന്ന ചില കാരണവന്മാർ നമ്മുടെയിടയിലുണ്ടായിരുന്നു. അവരെ സൃഷ്ടിച്ച ബ്രഹ്മാവിനെ കുറ്റം പറയുകയല്ലാതെ എന്താണ് നിവൃത്തി.

നിങ്ങൾ വീരശ്രീമാനായിരുന്ന വേലുത്തമ്പി ദളവയെയും മഹാനായ രാജാ കേശവദാസനേയും നിങ്ങൾക്കു പൗരുഷമുണ്ടാക്കുവാൻ സ്മരിക്കുക. സ്വന്തനാട്ടിൽ ജനങ്ങൾക്ക് അസുഖവും അസംതൃപ്തിയും വർദ്ധിച്ച്  പൊന്നുതമ്പുരാൻറെ കീർത്തിക്കുകൂടി കോട്ടം വരുമെന്നുള്ള ഘട്ടമെത്തിയപ്പോൾ പൗരുഷത്തോടുകൂടി പൊരുത് ആണത്തം സ്ഥാപിച്ച വേലുത്തമ്പിയെ സ്മരിക്കുവിൻ! രാജാ കേശവദാസനെ പെറ്റത് രാജ്ഞിയല്ല. മുറ്റംതൂക്കുന്ന ഒരു സാധു സഹോദരിയാണെന്ന് എൻറെ ബഹുമാന്യകളായ സഹോദരിമാരും അമ്മമാരും പഠിച്ചേക്കണം.  തെക്കൻ തിരുവിതാംകൂറിലെ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച് ദാരിദ്ര്യത്തിൽ വളർന്ന അദ്ദേഹം ഒടുവിൽ ഈ രാജ്യത്തെ ഒന്നാമത്തെ ദിവാൻജിയായ രാജാ കേശവദാസനായി. അതുപോലെ സ്ഥിരമായ പ്രയത്നം കൊണ്ട് സമുദായത്തിലെ ആണും പെണ്ണും ഉയരണം.

വേലയെടുക്കാത്ത ഭർത്താവിൻറെ ഭാര്യമാരെ കണ്ടാലറിയാം. പാഴൂർ പോകാതുള്ള ഒരുതരം പ്രശ്നം എനിക്കുണ്ട്. കണ്ണു കുഴിഞ്ഞും കവിളൊട്ടിയും കാണുന്ന സഹോദരിമാരെയും അവരുടെ മടിയിൽ കൊളുന്തുപോലെ വളഞ്ഞിരിക്കുന്ന കുട്ടികളെയും കാണുമ്പോൾ എൻറെ പ്രശ്നപ്രകാരം ആ സഹോദരിമാർ വേല ചെയ്യാത്ത ഭർത്താക്കന്മാരുടെ ഭാര്യമാരെന്നു തീരുമാനിക്കും. ഇവിടെയും അക്കൂട്ടത്തിൽ ചിലരെ കാണുന്നുണ്ട്. നിങ്ങളുടെ കുഞ്ഞുങ്ങൾ കരഞ്ഞു ലഹളകൂട്ടുന്നതുതന്നെ എൻറെ പ്രശ്നം ശരിയാണെന്നു വിശ്വസിക്കുവാനുള്ള തെളിവാകുന്നു.

നായരുടെ തൊഴിൽശൂന്യതയെപ്പറ്റി ഓർമ്മിക്കുവാൻ വയ്യ. ഈയിടെ നീലിമംഗലം പാലത്തിന്റെ ഇരുവശവുമുള്ള റോഡ് മണ്ണെടുത്തിട്ടു പൊക്കിയ വകയ്ക്ക് പതിനായിരം രൂപയോളം ചെലവാക്കിക്കാണും. അതിൽനിന്ന് എത്ര ചക്രം ഇവിടുള്ള നായന്മാർക്കു വാങ്ങാൻ സാധിച്ചു എന്ന് ഓർമ്മിച്ചു നോക്കണം. നിങ്ങളാരും അവിടെ പോയിരിക്കുകയില്ല. നായർക്കു പണ്ടേ ശ്രീപത്മനാഭൻറെ ചക്രത്തോടാണിഷ്ടം. രാപകൽ അന്യൻറെ വിടുപണി എടുത്തും ശകാരം കേട്ടും വായ് കൈപൊത്തി ദിവസം നാലണ ശമ്പളം കിട്ടുന്ന ശിപായിപ്പണിക്കാണു നമുക്കാഗ്രഹം. അതു പത്മനാഭൻറെ പണമാണെന്ന് അഭിമാനിക്കുന്നവർ ദിവസം എട്ടണ കിട്ടുന്ന റോഡുപണിക്കു പോയാൽ  കിട്ടുന്ന ചക്രവും പത്മനാഭൻറെയാണെന്നറിഞ്ഞിട്ടില്ലായിരിക്കും. ശിപായി വേലയേക്കാൾ സുഖവും ആദായവും റോഡു പണിക്കാണെന്നു പഠിക്കണം.

റോഡുപണിയെ സാമാന്യന്മാർ 'അർദ്ധക്ഷൗര'മെന്നാണ് പറയുന്നത്. അതു മിക്കവാറും ശരിയുമാണ്. റോഡുപണിക്കു ബുദ്ധിമുട്ടൊന്നുമില്ല. മേസ്തിരിമാരെന്നൊരുതരം തിരിയുടെ മുമ്പിൽ ഒരിഞ്ചു നീളമുള്ള തൂമ്പയുമായി നിന്ന് റോഡ് ക്ഷൗരം ചെയ്താൽ മതി, ദിവസം എട്ടണ സമ്പാദിക്കാൻ.

സമുദായത്തെപ്പറ്റി ആണും പെണ്ണും പഠിക്കാൻ തുടങ്ങുന്നതിനുമുമ്പ് ഈ രാജ്യത്തെ ജനസംഖ്യയും അതിൽ നായരുടെ സംഖ്യയും അവരുടെ സ്ഥിതിയും പ്രാരംഭമായി പഠിക്കണം. അപ്പോൾ കാണാം ഉത്തരദക്ഷിണ ധ്രുവം പോലെ അകന്നിരിക്കുന്ന നമ്പൂതിരിയും പറയനും തമ്മിൽ അടുക്കുന്നത്. ഒൻപതുലക്ഷമുള്ള നായർ പാർക്കുന്നത് നാലായിരം കരകളിലാകുന്നു. ഒരു കരയിലെ ഭവനങ്ങൾ തമ്മിൽ പൊരുത്തമില്ല. കണ്ടുകൂടായ്കയാണ് നായരുടെ സ്വത്ത്. നായരുടെ അവശതകൾ നീങ്ങാൻ കരയോഗം സ്ഥാപിക്കണം. നായർ സർവീസ് സൊസൈറ്റിയാകുന്ന മഹാമരത്തിൻറെ വേരുകളാകുന്നു കരയോഗങ്ങൾ.  *കരയോഗങ്ങൾ സ്വയംഭരണസ്ഥാപനങ്ങളാണ്.* ഇവിടെ ചുറ്റുപാടുമുള്ള കരയോഗങ്ങൾ ഒന്നിച്ചു ചേർന്ന് ഒരു യൂണിയനായി ഈ പ്രദേശങ്ങളിൽ ഉണ്ടാകുന്ന ഉൽപന്നങ്ങളും ഗോരസങ്ങളും ശേഖരിച്ച് കൂട്ടായി വ്യാപാരം നടത്തണം. അതിനുവേണ്ടി വിശ്വസ്തനും കിട്ടിയ ചക്രം കളയാതെ സൂക്ഷിക്കുന്നവനുമായ മി. അയ്യപ്പൻപിള്ളയെപ്പോലുള്ള ഉന്നത പരീക്ഷാവിജയികൾ, സമുദായസ്നേഹികൾ മുമ്പോട്ടു വരണം. മി. അയ്യപ്പൻപിള്ള വക്കീൽവൃത്തി ഉപേക്ഷിച്ച് ഏറ്റവും ആദായകരവും സമുദായാംഗങ്ങളുടെ ഐശ്വര്യത്തിനു നിദാനവുമായ ഈ സംഗതിക്കു

തയിറാകണമെന്നാണ് എൻറെ അഭിപ്രായം. ഇങ്ങനെ പ്രയോജനകരമായവിധം നിങ്ങൾ കരയോഗം നടത്താൻ സന്നദ്ധരാകുമെന്നു വിശ്വസിക്കുന്നു.

**ചട്ടമ്പിസ്വാമി തിരുവടികളെ സ്മരിച്ചു കൊണ്ട്***

*സമുദായകലഹം സൃഷ്ടിക്കരുത്*

***1943ൽ കോഴഞ്ചേരി കരയോഗത്തിൽ ചെയ്ത പ്രസംഗം**

ഈ മഹാസദസ്സ് എന്നെ അത്ഭുതപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു. കോഴഞ്ചേരി എൻ.എസ്.എസ്. കരയോഗത്തിൻറെ ആഭിമുഖ്യത്തിൽ കൂടിയിരിക്കുന്ന ഈ ഹൈന്ദവ മഹായോഗം കാണുന്നതുവരെ ഇത്ര വമ്പിച്ച ഒരു മഹാസമ്മേളനമാണ് നടക്കാൻ പോകുന്നതെന്ന് ഞാൻ വിചാരിച്ചില്ല. ഈ മഹായോഗത്തിൽ സംബന്ധിക്കുവാൻ ഇവിടുത്തെ ക്രൈസ്തവ പ്രമാണികളെ ക്ഷണിച്ചതിലും ഇവരുടെ പ്രമുഖന്മാരിൽ പലരും വന്നെത്തിയതിലും സന്തോഷിക്കുന്നു. എൻ.എസ്. എസ്. യോഗങ്ങൾ കൂടുമ്പോൾ മറ്റു സമുദായങ്ങളിലെ പ്രമാണികളെയും ക്ഷമിക്കണമെന്ന് ഞാൻ പറയാറുണ്ട്. അവരറിഞ്ഞുകൂടാത്ത യാതൊന്നിനെപ്പറ്റിയും നാം ആലോചിക്കാറും പറയാറും ഇല്ല. എന്നാൽ പല സ്ഥലത്തും യോഗം കൂടാൻ വേണ്ട സ്ഥലമോ സൗകര്യമോ ഇതുവരെ വേണ്ടവണ്ണം ഉണ്ടായിട്ടില്ലാത്തതിനാൽ മാത്രമാണ് അവരെ ക്ഷണിക്കാതിരിക്കുന്നത്.

നായർ സർവീസ് സൊസൈറ്റി നായന്മാരുടെ ഗുണത്തെ മാത്രം കരുതി ഉണ്ടാക്കിയിട്ടുള്ളതല്ല. ഹിന്ദുക്കളെല്ലാം ഒന്നാകാനും നന്നാകാനും ഉള്ള പ്രവൃത്തികളും ഞങ്ങളുടെ ഉദ്ദേശ്യങ്ങളിൽപ്പെട്ടതാണ്. രാജ്യക്ഷേമത്തിനുവേണ്ടി ക്രിസ്ത്യാനികളും മുസ്ലീങ്ങളുമായി യോജിച്ചു പ്രവർത്തിക്കാൻ നായന്മാരെ തയ്യാറാക്കുന്നതും എൻ.എസ്.എസ്.ൻറെ പ്രവൃത്തിയാണ്. കരയോഗ നിബന്ധന പരിഷ്ക്കരിച്ചു കഴിഞ്ഞിരിക്കുന്നു. നായർ കരയോഗത്തിൽ ആ കരയിലെ സാമ്മതമുള്ള ഏതു ഹിന്ദുവിനെയും അംഗമാക്കാൻ അനുമതി നൽകിയിട്ടുണ്ട്. നമുക്ക് ആവശ്യമുള്ള എല്ലാ പൊതുസ്ഥാപനങ്ങളും നമ്മുടെ അധീനതയിൽ ഉണ്ടായിരിക്കണം. ഒരു എൻ.എസ്. എസ്. ഹിന്ദു കോളേജിനുള്ള അനുവാദം നമുക്ക് ലഭിച്ചിട്ടുണ്ട്. അത് പൂർത്തിയാക്കാൻ കുറഞ്ഞത് പത്തുലക്ഷം രൂപാ തല്ക്കാലം വേണം. അതിനുള്ളഞങ്ങളുടെ അടുത്ത യാത്രയിൽ നിങ്ങളുടെ കഴിവുകൾക്കപ്പുറം സഹായിക്കാൻ സന്നദ്ധരാകുമെന്നു വിശ്വസിക്കുന്നു. ക്രമേണ എൻ.എസ്. എസ്. കളഞ്ഞിട്ടുള്ള സാക്ഷാൽ ഹിന്ദു കോളേജായി തീരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതിനുള്ള സന്ദർഭം വരുമ്പോൾ എൻ.എസ് എസ്. വെട്ടിയാൽ മതിയല്ലോ. വെട്ടാനുള്ള പരിചയവും ധൈര്യവും നമ്മെപ്പോലെ മറ്റാർക്കും കാണുകയില്ല.

ഇവിടെ വന്നപ്പോൾ ഒരു കാര്യം കേട്ടു. അതെന്നെ വല്ലാതെ കുണ്ഠിതപ്പെടുത്തി. ഈ കരയിലെ ഹിന്ദുക്കളുടെ വക കളിവള്ളം ഇവിടുത്തെ ഒരു നമ്പൂതിരിയുടെ സ്ഥലത്ത് സൂക്ഷിച്ചിരിക്കുകയാണെന്നും ആ വള്ളത്തിനും വള്ളപ്പുരയ്ക്കും അത് സൂക്ഷിക്കുന്ന നമ്പൂതിരിക്കും ഇവിടുത്തെ പ്രബല സമുദായക്കാരായ മാർത്തോമ്മാക്കാരിൽപ്പെട്ട ചില അക്രമികളിൽനിന്നും ഉപദ്രവം ഉണ്ടാകുന്നുണ്ടെന്നും അറിയുന്നു. അതിൻറെ

പിന്നിലുള്ള പൂർവ്വചരിത്രം അത്ര നന്നല്ല. ചുണ്ടൻ വള്ളങ്ങളെല്ലാംതന്നെ ആറന്മുള ഭഗവാനെ സങ്കല്പിച്ചുണ്ടാക്കുന്നതാകകൊണ്ട് അതിൽ ഹിന്ദുമതത്തിൻറെയും ഭക്തിയുടെയും ബന്ധമുണ്ട്. മുമ്പ് അതതു കരകളിലെ ഹിന്ദുക്കളാണ് അതുണ്ടാക്കിയിരുന്നതെന്നുള്ളതും നിശ്ചയമാണ്. ചില കരകളിൽ ക്രിസ്ത്യാനികളുടെ പ്രാബല്യം മൂത്തുവന്നപ്പോൾ കരക്കാരുടെ കളിവള്ളം എന്നുപറഞ്ഞാൽ ആ കരയിൽ പാർക്കുന്ന ക്രിസ്ത്യാനിയുടെയും കൂടിയാണെന്നുള്ള വാദം പുറപ്പെട്ടു തുടങ്ങി. ഒരിടത്ത് അവകാശത്തർക്കമുണ്ടായപ്പോൾ ഒരു പ്രമാണിയായ നായർ വക്കീൽ ക്രിസ്ത്യാനിയുടെ കൂടെ ചേർന്നുകൊണ്ട് അവർക്കുകൂടി അവകാശമുണ്ടെന്നു കേസ് കൊടുപ്പിക്കകൂടി ചെയ്തു.

....................

***1943ൽ കോഴഞ്ചേരി കരയോഗത്തിൽ ചെയ്ത പ്രസംഗം**

********************************************

അക്കാര്യം ഞാൻ ഓർമ്മിക്കുന്നു. ക്രിസ്ത്യാനിയുടെ ശക്തിയുംനായരുടെ ക്ഷയവും വർദ്ധിച്ച കരകളിലെല്ലാം നായരുടെ വസ്തുവിനെന്നപോലെ അവരുടെ കളിവള്ളത്തിനും ക്രിസ്ത്യാനികൾ അവകാശികളോ മേധാവികളോ ആയിത്തീർന്നു. ആ കൂട്ടത്തിൽ കോഴഞ്ചേരിക്കരയിലെ കളിവള്ളത്തിൻറെ അധികാരം അവിടുത്തെ ശക്തന്മാരായ ക്രിസ്ത്യാനികൾ കൈവശപ്പെടുത്തി. വള്ളം ഇറക്കാൻ സമ്മതിക്കാതെയും വള്ളപ്പുര കെട്ടാതെയും നനഞ്ഞുനനഞ്ഞ് ഏതാനും കൊല്ലങ്ങൾ കൊണ്ട് അത് ദ്രവിച്ചു പോകാൻ ഇടയായി എന്നുള്ളതിൽകവിഞ്ഞ് കഷ്ടമായി കരുതുന്നത് ഇവിടുത്തെ ക്രിസ്ത്യാനികൾ അതിനെ ഒരു മറപ്പുരയായി വിനിയോഗിച്ചു എന്നുള്ളതാണ്. അതു മുഴുവൻ നശിച്ചതിൻറെ ശേഷം ഭഗവൽഭക്തന്മാരും കളിവള്ളഭ്രാന്തന്മാരുമായ ഇവിടുത്തെ നമ്പൂതിരിയും നായരും വെള്ളാളനും സാരസ്വതബ്രാഹ്മണനും കൂടി വാങ്ങിയ കളിവള്ളമാണ് ഇപ്പോൾ നമ്പൂതിരിയുടെ പറമ്പിൽ ഇരിക്കുന്നതെന്നറിയുന്നു. ഇവിടുത്തെ അക്രമികളായ ചില ക്രിസ്ത്യാനികൾ നമ്പൂതിരിയുടെവേലി പൊളിക്കുകയും വള്ളപ്പുര അറ്റകുറ്റപ്പെടുത്തുകയും ചെയ്യുന്നതായിട്ടാണ് ഞാൻ അറിയുന്നത്. മാർത്തോമ്മാ സമുദായത്തിലെ പ്രമാണികളോടു ഞാൻ പറയുന്നത് ഇവിടുത്തെ പ്രബലസമുദായമാണെന്നുള്ള മുഷ്ക്കോടുകൂടി പ്രവർത്തിക്കുന്ന ഇവരെ താക്കീതു ചെയ്യേണ്ടതും നേർവഴിക്കു നടത്തേണ്ടതും നിങ്ങളുടെ കടമയാണെന്നാണ്. ഒരു നമ്പൂതിരിയേ ഉള്ളൂ എന്നുവിചാരിച്ച് അദ്ദേഹത്തോട് അന്യായംചെയ്യുന്നതു തെറ്റാണ്. നമ്പൂതിരി ഒരു ന്യൂനപക്ഷ സമുദായമാണെന്ന് ജാതിപ്പട്ടിക നോക്കി നിങ്ങൾ തെറ്റിദ്ധരിക്കരുത്. നമ്പൂതിരിയുംനായരും ഒന്നാണ്. നമ്പൂതിരി സമുദായത്തിൻറെ മാത്രമല്ല, ന്യൂനപക്ഷക്കാരായ ഹൈന്ദവ വിഭാഗത്തിന്റെഎല്ലാം തന്നെ പിന്നിൽ നായർ സമുദായവും സർവീസ് സൊസൈറ്റിയും ഉണ്ടെന്നു നിങ്ങൾ വിശ്വസിച്ചുകൊള്ളണം. ആവശ്യമില്ലാത്ത സമുദായ കലഹങ്ങൾ ഉണ്ടാക്കാതിരിക്കാനുള്ള ശ്രദ്ധ നേതാക്കന്മാർക്കുണ്ടാകണമെന്ന് എനിക്കപേക്ഷയുണ്ട്. ക്രിസ്ത്യാനികൾ ഏറ്റവും ചെറിയ ന്യൂനപക്ഷമായിരുന്നപ്പോൾ അവരോട് ഈ രാജ്യത്തെ ഹിന്ദുക്കൾഇങ്ങനെ പെരുമാറിയിരുന്നെങ്കിൽ അവരുടെ സ്ഥിതി എന്താകുമായിരുന്നെന്നും ആലോചിക്കേണ്ടതാണ്.

ഞാൻ ഈ നാട്ടിലെ നായരോടും നമ്പൂതിരിയോടും വെള്ളാളനോടും സാരസ്വതബ്രാഹ്മണനോടും പറയുന്നത് നിങ്ങൾ നിർഭയരായി ജീവിക്കണമെന്നാണ്.

ഇന്നു കണ്ട ഐക്യം നിങ്ങൾക്കെന്നുമുണ്ടായിരിക്കണം. നിങ്ങളുടെ സ്വാതന്ത്ര്യവും ആത്മാഭിമാനവും പാലിക്കാൻ നിങ്ങൾ ഉത്സുകരായിരിക്കണം. ഈ രാജ്യത്തെ മുപ്പത്തഞ്ചു ലക്ഷം ഹിന്ദുക്കളിൽപ്പെട്ടവരാണ് നിങ്ങൾ എന്നും നിങ്ങൾ ദുർബലരല്ലെന്നും വിശ്വസിക്കണം. പരിഷ്കൃതമായ ഈ കോഴഞ്ചേരിയിൽ ഈമാതിരിയുള്ള അപശബ്ദങ്ങൾ ഉണ്ടാകാതെ അന്യോന്യസ്നേഹത്തിലും സഹായത്തിലും എല്ലാ ജാതി മതസ്ഥന്മാരും യോജിച്ചു ജീവിക്കുന്നതു കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈശ്വരൻ അതിനുള്ള സന്മനസ്സും സൗകര്യങ്ങളും ഉണ്ടാക്കിത്തരട്ടെ.

***അസംഘടിതർക്ക് സ്ഥാനമെന്ത്?***

***1945 മീനച്ചിൽ നായർ മഹാസമ്മേളനം പ്രസംഗം**

ഈ വലിയ നല്ല സദസ്സ് എന്നെ അത്യധികം ആനന്ദിപ്പിക്കുന്നുണ്ട്. ഇതിനേക്കാൾ വലിയ സഭ കൂടാനും മീനച്ചിലെ നായന്മാർക്കു കഴിയുമെന്ന് ഇതിനു മുമ്പ് അനുഭവപ്പെട്ടിട്ടുള്ളതാണ്. എങ്കിലും തൽക്കാലം ഇതു കൊണ്ടു തൃപ്തിപ്പെടാം. സദസ്സ് ഒന്നുകൂടി നിബിഡീകൃതമായിരുന്നെങ്കിൽ എന്നാശിച്ചെന്നേയുള്ളൂ. ഇന്നത്തെ സദസ്സിനുള്ള കുറവ് എന്നെ വ്യസനിപ്പിക്കുന്നുണ്ട്. നിങ്ങൾ സർവ്വസമ്മതനായ നേതാവും എൻറെ സ്നേഹിതനുമായ യൂണിയൻ പ്രസിഡൻറ് മി. വരകപ്പള്ളിൽ കേശവപിള്ളയുടെ സുഖക്കേടുമൂലമുള്ള അസാന്നിദ്ധ്യം ഈ യോഗത്തിനു വലിയൊരുകുറവാണ്. ഞാൻ ഇന്നു പകുതി ശക്തിഹീനനായിത്തീർന്നു എന്നു തോന്നിപ്പോകുന്നു. അദ്ദേഹത്തിൻറെ സുഖക്കേടും കുടുംബസംബന്ധമായ കുഴപ്പങ്ങളും തീർന്ന് മീനച്ചിൽ താലൂക്കിലെ നായന്മാരുടെ ഒരു മാതൃകാഭവനത്തിൻറെ നായകനായി അദ്ദേഹം ദീർഘകാലം ജീവിക്കാൻ നമുക്കു ജഗദീശ്വരനെ പ്രാർത്ഥിക്കാം.

ഒരു കുറവുകൂടിയുള്ളതു പറയാതിരിക്കാൻ ധൈര്യം വരുന്നില്ല. ഈ വമ്പിച്ച സദസ്സിൽ ഇത്ര കുറച്ചു സ്ത്രീകൾ മാത്രമേ ഹാജരായിട്ടുള്ളല്ലോ എന്നുള്ളതാണത്. കുന്നും മലയും വിസ്താരവുമേറിയ ഈ താലൂക്കിൻറെ നാനാ ഭാഗങ്ങളിൽനിന്ന് ഈ വേനൽക്കാലത്ത് വേണ്ടവണ്ണം സഞ്ചാരസൗകര്യം പോലുമില്ലാത്ത ഈ സന്ദർഭത്തിൽ സ്ത്രീകൾ വന്നെത്തണമെന്ന് ഞാൻ ആഗ്രഹിച്ചത് അനുചിതമാണെന്നു തോന്നാം. സമുദായപരിഷ്ക്കരണകാര്യത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം എത്ര ഉയർന്ന തോതിലാണ് സർവീസ് സൊസൈറ്റി പരിഗണിച്ചിട്ടുള്ളതെന്ന് അറിയുന്നവർ എന്നെ കുറ്റം പറയുകയില്ലെന്നു നിശ്ചയമുണ്ട്. ഇവിടുത്തെ നടപടികൾ പൂർണ്ണമായി ഗ്രഹിച്ച് സ്വന്തം കരയോഗങ്ങളിലെ സഹോദരന്മാരെ കാര്യം ഗ്രഹിപ്പിക്കാൻ ഓരോ കരയോഗത്തിൽനിന്നും പ്രതിനിധികളായ ഈരണ്ട് സ്ത്രീകൾ വീതം വന്നിരുന്നെങ്കിൽ നൂറ്റമ്പതു സ്ത്രീകളെ കാണാൻ കഴിയുമായിരുന്നല്ലോ. ഈ ടൗണിനു ചുറ്റുമുള്ള കരയോഗങ്ങളിൽനിന്ന് അഞ്ഞൂറു സ്ത്രീകൾക്കെങ്കിലും വന്നെത്താൻ ഒരു പ്രയാസവുമില്ലെന്ന് എനിക്കറിയാം. ഇതിൻറെ പ്രധാന വീഴ്ച പുരുഷന്മാരിലാണ് സ്ഥിതി ചെയ്യുന്നത്. ഈ വീഴ്ച പരിഹരിക്കത്തക്ക സമുദായസ്നേഹമുള്ള പുരുഷന്മാരുണ്ടാകാനും സ്ത്രീകളുടെ സാന്നിദ്ധ്യം ആവശ്യമാണ്.

ഇന്ന് എന്തിനെപ്പറ്റിയാണ് നിങ്ങളോട് സംസാരിക്കേണ്ടതെന്നുള്ളതിനെക്കുറിച്ച് എനിക്കു തർക്കമില്ല. എൻറെ സ്നേഹിതൻ മി. വേലപ്പൻനായർ ഇന്നലെയും മിനിഞ്ഞാന്നും സംസാരിച്ച വിഷയങ്ങൾത്തന്നെ ഇന്നും സംസാരിക്കാൻ മടിയുണ്ടെന്നു പറഞ്ഞു. അദ്ദേഹം പലകാര്യങ്ങളെക്കുറിച്ചു സംസാരിച്ചിട്ടുണ്ട്. എന്നിട്ടും മടിക്കുന്നു. ഞാൻ ഇക്കഴിഞ്ഞ മുപ്പത്തിയൊന്നുകൊല്ലം എൻറെ സമുദായത്തോട് ഒരേ വിഷയത്തെപ്പറ്റിയായിരിക്കും പ്രധാനമായി സംസാരിച്ചിട്ടുള്ളത്. ഇന്നും അതിനെപ്പറ്റിത്തന്നെയാണ് സംസാരിക്കാൻ വിചാരിക്കുന്നത്. എനിക്ക് ഒരു സങ്കോചവും തോന്നുന്നില്ല. ഇന്നും കെട്ടഴിഞ്ഞു കിടക്കുന്ന നായരെ കണ്ടാൽ പറയാൻ തോന്നുന്നത് സംഘടനയെപ്പറ്റിയാണ്. അതു പൂർത്തിയാകുന്നതുവരെ മറ്റൊരു കാര്യത്തെപ്പറ്റി സംസാരിക്കാൻ എനിക്കിഷ്ടമില്ല. ദാഹംകൊണ്ടു വലഞ്ഞ സമുദായത്തിനു വെള്ളം കിട്ടാൻവേണ്ടി ഞാൻ കിണറു കുഴിക്കാൻ തീരുമാനിച്ചു. കുറേ കുഴിച്ചു. എത്ര താഴോട്ടു ചെന്നിട്ടും വെള്ളം കണ്ടു എന്നു പറഞ്ഞുകൂടാ. നനവുള്ള മണ്ണു കാണുന്നുമുണ്ട്. വെള്ളം കാണുന്നതുവരെ അവിടെത്തന്നെ കുഴിക്കുകയല്ലാതെ മാറിമാറി കുഴികുഴിച്ച് ഒരു കാലത്തുംവെള്ളം കിട്ടാൻ മാർഗ്ഗമില്ലാത്ത പാഴ് വേലയ്ക്കു ഞാൻ തയ്യാറില്ല. അതുകൊണ്ട് എൻറെ സഹോദരീസഹോദരന്മാരിൽ സമുദായസ്നേഹമാകുന്ന ഉറവ് കുതിച്ചു ചാടി വരുന്നതുവരെ ഞാൻ ഈ ഒരേയൊരു സംഘടനാപ്രസംഗംകൊണ്ട് നിങ്ങളെ അസഹ്യപ്പെടുത്തുകതന്നെ ചെയ്യും.

......................

***1945 മീനച്ചിൽ   നായർ മഹാസമ്മേളനം  പ്രസംഗം**

നിങ്ങൾക്കെല്ലാം സമ്പൂർണ്ണ വിശ്വാസമുള്ളതും നിങ്ങളുടെ സ്വന്തവുമായ നായർ സർവീസ് സൊസൈറ്റി ഉണ്ടായിരുന്നിട്ടും സ്വതന്ത്രവാദികളായ നിങ്ങൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായ കരയോഗവും യൂണിയനും ഉണ്ടാക്കിത്തന്നിട്ടും സംഘടന പൂർത്തിയാകാത്തത് *നായരുടെ അസ്ഥിരചിന്തയും പുതുമയിലുള്ള ഭ്രമവും കൊണ്ടാണ്* . എല്ലാ സമുദായവും സംഘടിച്ച് അവരുടെ കാര്യം നോക്കി പുരോഗമിക്കുമ്പോൾ *നായർ മാത്രം ജാതിമതാദികൾക്കപ്പുറത്തുനിന്ന് ഭൂലോകവീക്ഷണം ചെയ്യുന്ന കാഴ്ച ആരെയും അമ്പരപ്പിക്കുന്നതാണ്. സംഘടിത ശക്തിയുള്ള സമുദായങ്ങളുടെ മുമ്പിൽ അസംഘടിതരായ നായന്മാർക്ക് എന്തു സ്ഥാനമാണുള്ളതെന്ന് അവർ ഓർക്കാത്തതാണ് കഷ്ടം.* എന്തിനും ഒരുറപ്പു വേണം, പാറപോലുള്ള ഉറപ്പ്. അല്ലാതെ കാറ്റത്തെ പഞ്ഞിപോലെ പാറിപ്പറന്നു നടന്നാൽ ആർക്കെന്തു പ്രയോജനമാണ്? *നായർ സംഘടിച്ചുനിന്ന് ഏക സ്വരത്തിൽ പറഞ്ഞെങ്കിൽ മാത്രമേ അവനും അവൻറെ സമുദായത്തിനും രാജ്യത്തിനും പ്രയോജനമുണ്ടാകൂ എന്നും അന്യസമുദായക്കാർക്കും ഗവണ്മെന്റിനും ബഹുമാനമുണ്ടാകൂ എന്നും അവൻ ഇനിയും മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നത്.* എന്തിലും നായരെ കാണാം. അവൻറെ പ്രത്യേക കാര്യത്തിനു മാത്രം അവനെ കാണുകയില്ലെന്നേയുള്ളൂ. ഇന്നു കാണുന്നതിലല്ല നാളെ കാണുന്നത്. നൂൽ നൂത്തില്ലെങ്കിലും നൂൽ നൂൽപു സംഘത്തിലും ഹിന്ദി പഠിച്ചില്ലെങ്കിലും ഹിന്ദിപ്രേമീ സംഘത്തിലും അവനെ കാണാം. തൊഴിലാളിയല്ലെങ്കിലും തൊഴിലാളി നേതാവാകാനും അവന് ഇഷ്ടമാണ്. *എന്നാൽ നായരുടെ കരയോഗം മാത്രം അവന് പുച്ഛമാണ്.* പുരോഗമന സാഹിത്യത്തിൽ വരെ ചെന്നെത്തിയിട്ടും സംഘടനയെപ്പറ്റി ആലോചിക്കാൻ അവൻ തയ്യാറില്ല. പുരോഗമന സാഹിത്യം മൂത്തുമൂത്ത് കേരളീയരുടെ നിത്യാരാധനയ്ക്കും മുക്തകണ്ഠമായ പ്രശംസയ്ക്കും പാത്രീഭൂതനായ

തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛനെ മറിച്ചിടുന്നിടത്തുവരെ ചെന്നെത്തി. കേരളീയരുടെ കുലഗുരുവായ അദ്ദേഹത്തെ അധിക്ഷേപിക്കുന്നതു ഗുരുത്വമില്ലായ്മയാണെന്നുപോലും 'ഓടയിൽ' ഇറങ്ങി നിന്നും ശബ്ദിക്കുന്നവർക്ക് ഗ്രഹിക്കാൻ കഴിയുന്നില്ല. അഭിപ്രായഗതികളും സംഘവും സംഘടനയുമെല്ലാം എപ്പോഴും പുതുതായിരുന്നെങ്കിലേ നായർക്കു രുചിയുള്ളൂ. എന്നാൽ എല്ലാ വിഷയത്തിലും പുതുമയെ ആരാധിക്കുന്ന സ്വഭാവം നായർ യുവാക്കന്മാർക്കുണ്ടായിരുന്നെങ്കിലും സഹിക്കാമായിരുന്നു. കേരളത്തിലെ പഴയ കൃഷിയാണ് നെല്ലും തേങ്ങയും. സായ്പ് പുതുതായി റബ്ബർ കൊണ്ടുവന്നു. സ്വന്തം നിലയെ പ്രധാനമായി കരുതുന്നവർ യാഥാസ്ഥിതികത്വം വിട്ട് ആ പുതിയ കൃഷിക്കുവേണ്ടി സായ്പിൻറെ പിന്നാലെ പോയി. അവർ കുബേരന്മാരാകുന്നതു കണ്ടിട്ടും ഒരൊറ്റ നായർ ഒരു റബ്ബർ നട്ടതായി ഞാനറിഞ്ഞിട്ടില്ല. അവിടെ അവൻ യാഥാസ്ഥിതികനേക്കാൾ യാഥാസ്ഥിതികനാണ്. നിശ്ചലനേക്കാൾ നിശ്ചലനാണ്. അവൻ ഒരു തെങ്ങും കമുകും നട്ടുകാണുകയില്ല. അപ്പോൾ പുരോഗമന വാദമല്ല, യാഥാസ്ഥിതികത്വമാണ് നായരെ ചാടിക്കുന്നതും നിശ്ചലനാക്കുന്നതും. *അവനോ അവൻറെ കുടുംബത്തിനോ സമുദായത്തിനോ ഗുണം വരുന്നതിലൊന്നും ഉൾപ്പെടരുതെന്നൊരു വിവേചനശീലം ഇവരിൽ അധികം പേരിലും സ്ഥിരമായിത്തന്നെ കാണുന്നുണ്ട്.* ഇതിൻറെ ഫലമാണ് ഇന്നു കാണുന്ന അധഃപതനവും ദാരിദ്ര്യവും